# കളരി

പത്രാധിപർ.
എ. വി. എസ്സ്. പണിക്കർ.

| പുസ്തകം 1 | 1954 സെപ്തംബർ | ലക്കം 4 |
|---|---|---|


## പത്രാധിപക്കുറിപ്പ്.

കളരിക്കുറുപ്പ് (പണിക്കർ) സംഘത്തിന്റെ 11—7—'54-ൽകൂടിയ കമ്മററിയോഗം അംഗീകരിച്ച തീരുമാനങ്ങൾ അനുസരിച്ച് ഞാനും സംഘം പ്രസിഡണ്ടു് ശ്രീ. കെ. പി. കുമാരക്കുറുപ്പ്, കളരി സഹപത്രാധിപർ ശ്രീ. എം. ഡി. കുറുപ്പ് എന്നിവരടങ്ങുന്ന ഒരു നിവേദകസംഘം 31—7—'54-ൽ തിരുവനന്തപുരത്ത് എത്തിച്ചേർന്നു. നിയമസഭയിൽ ജുഡിഷ്യറിവകുപ്പിലേക്കുള്ള ഉപധനാഭ്യർത്ഥന അവതരിപ്പിച്ചതിനെത്തുടർന്ന് സംജാതമായ ആ ഗുരുതരമായ പരിതസ്ഥിതിയിൽ മന്ത്രിമാരെ സന്ദർശിച്ച് നിവേദനപത്രം സമർപ്പിക്കുന്നതിന്ന് അന്നും പിറെറദിവസവും അസൌകര്യമായതിനാൽ ഈ സമയം പ്രോഗ്രാമിലുള്ള ഇതരചടങ്ങുകളിലേക്കുപയോഗിച്ചു. കാലെക്കൂട്ടിത്തന്നെ കൊടുങ്ങല്ലൂർ മെമ്പർ ശ്രീ. പി. കെ. അബ്ദുൾഖാദർ അവർകൾ മുഖാന്തരം കളരിക്കുറുപ്പ് (പണിക്കർ) സമുദായം സംബന്ധിച്ച് താഴെ പറയുന്ന ചോദ്യങ്ങൾ നിയമസഭയിൽ അവതരിപ്പിക്കുവാനായി ഏല്പിച്ചിരുന്നതിന്റെ മറുപടിയും മററും അറിവാൻ ബ: ടി. മെമ്പറെ സമീപിച്ചു.

ചോദ്യങ്ങൾ:

The Travancore—Cochin Lagislative
Second Session 1954.

Questions for oral Answers.

To be asked at the meeting of the Assembly to be held in Tuesday, the 13th July 1954. 61 [1165] കളരികുറുപ്പ് (പണിക്കർ) സമുദായം ശ്രീ. പി. കെ. അബ്ദുൾഖാദർ.

താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) കളരികുറുപ്പ് (പണിക്കർ) സമുദായത്തെ പിന്നാക്കസമുദായമായി ഗവമ്മേണ്ടു അംഗീകരിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഭരണഘടന ആർട്ടിക്കിൾ 16—4 പ്രകാരമുള്ള പ്രത്യേകാനുകൂല്യങ്ങൾ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നമ്മുടെ ഗവമ്മേണ്ട് നൽകിവരുന്നുണ്ടോ?

(സി) ഇല്ലെങ്കിൽ അക്കാര്യത്തിൽ ഗവമ്മേണ്ട് വേണ്ടവിധം ശ്രദ്ധിക്കുമൊ?

മറുപടി.

61 [1165] പിന്നാക്കസമുദായങ്ങളിൽ ഉൾപ്പെട്ടുത്തിയിരിക്കുന്ന സ്ഥിതിക്ക് നിയമാനുസരണമുള്ള ആനുകൂല്യങ്ങൾക്ക് അവക്കവകാശമുണ്ടു്. അതുനൽകേണ്ടതുമാണു്.

1—8—'54-ൽ കാലത്തുതന്നെ പ്രസ്തുത അസംബ്ളികാര്യങ്ങളുടെ മറുപടി അറിഞ്ഞതിനുശേഷം പത്രകാര്യം സംബന്ധിച്ച് പലേ പണ്ഡിതന്മാരേയും സാഹിത്യകാരന്മാരേയും സന്ദർശിക്കുന്നതിന്നിടയിൽ തിരുവിതാംകൂർ സർവ്വകലാശാല ഗ്രന്ഥാലയം ഡയറക്ടർ ശ്രീ. ശൂരനാട്ട് കുഞ്ഞൻപിള്ള അവർകളെ സ്വവസതിയിൽവെച്ചു കാണുവാൻ ഇടയായി. പണ്ഡിതാഗ്രേസരനും വശ്യവാഗ്മിയുമായ അദ്ദേഹം നാനാ

വിധ ശാസ്ത്രങ്ങളെ പരാമർശിക്കുന്ന സാരഗർഭവും യുക്തിയുക്തവുമായ സരസസംഭാഷണങ്ങൾക്ക് മദ്ധ്യേ ഗ്രന്ഥാലയത്തിൽ സംഭരിച്ചിട്ടുള്ളതും ഇന്നും മുദ്രിതങ്ങളല്ലാത്തതായ അനേകം പ്രാചീന വിശിഷ്ടശാസ്ത്ര ഗ്രന്ഥങ്ങളെക്കുറിച്ചും അദ്ദേഹം എഴുതിവരുന്ന മലയാളഭാഷാനിഘണ്ടുവിനെക്കുറിച്ചും പറയുകയുണ്ടായി. സർവ്വകലാശാലാഗ്രന്ഥാലയം സന്ദർശിപ്പാനുള്ള ഞങ്ങളുടെ ആഗ്രഹത്തെ അദ്ദേഹം സ്വീകരിച്ച് അനുമതി നൽകുകയും 4 മണിക്കുശേഷം ആഫീസ്സിൽ ചെല്ലാമെന്ന് നിശ്ചയിച്ച് തൽക്കാലം ഞങ്ങൾ പിരിയുകയും ചെയ്തു.

4½ മണിക്ക് സഹപത്രാധിപരും ഞാനുംകൂടി സർവ്വകലാശാലാഗ്രന്ഥാലയം ഓഫീസ്സിൽ ചെന്നു. ഉത്തരവാദപ്പെട്ട ഒട്ടനേകം ഗവണ്മെണ്ടുകാര്യങ്ങളിൽ ബദ്ധശ്രദ്ധനായിരുന്ന ആ വിശാലഹൃദയൻ ഞങ്ങൾക്ക് ഉടൻതന്നെ സ്വാഗതമരുളി. കുശലപ്രശ്നത്തിന മദ്ധ്യേ പ്രൊഫസർ ശ്രീ. പറവൂർ ഗോപാലപിള്ള സ്ഥലത്തു വരികയും അദ്ദേഹത്തെ ഞങ്ങൾക്ക് പരിചയപ്പെടുത്തിത്തരികയും ചെയ്തു. ശേഷം ഞങ്ങൾ എല്ലാവരും ഗ്രന്ഥാലയം സന്ദർശിക്കുവാൻ പോയി.

അപൂർവ്വങ്ങളും പ്രാചീനങ്ങളുമായ ലക്ഷോപിലക്ഷം വിവിധശാസ്ത്രഗ്രന്ഥങ്ങളുടേയും ഒട്ടനേകം പ്രസിദ്ധ പണ്ഡിതന്മാരുടേയും ഒരു സമാഹാരമാണ് ഈ ഗ്രന്ഥാലയം. ശ്രീ. കുഞ്ഞൻപിള്ള അവർകൾ നിർമ്മിച്ചുവരുന്ന മലയാളഭാഷാനിഘണ്ടുവിൽ ബദ്ധശ്രദ്ധന്മാരായി മലയാളഭാഷായോഷയെ സർവ്വാലങ്കാരഭൂഷിതയാക്കിത്തീർക്കുവാൻ നിർവ്വ്യാജം സഹായിക്കുന്ന പണ്ഡിതസമൂഹപ്രവർത്തനം ജാഗ്രതയോടെ ഒരു ഭാഗത്ത് നടത്തിവരുന്നു. ശാന്തഗംഭീരങ്ങളും കാര്യമാത്രപ്രസക്തങ്ങളും മാനവസമുദായത്തിന്ന് അനുപേക്ഷണീയങ്ങളുമായ ഇത്തരം മഹനീയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സനിഷ്കർഷം നിർവ്വഹിച്ചുവരുന്ന ശ്രീ. കുഞ്ഞൻപിള്ള അവർകളുടെ മഹാമനസ്കതയ്ക്ക് അനേക അഭിനന്ദനങ്ങൾ മനസാചെയ്തുകൊണ്ട് അധികംതാമസിയാതെ ഞങ്ങൾ യാത്ര പറഞ്ഞു പിരിയുകയും ചെയ്തു.

ആഗസ്റ്റ് 2-ാംനു ഉച്ചതിരിഞ്ഞ് നിവേദക സംഘം മുഖ്യ മന്ത്രിയെ സിക്രട്ടറിയേററിൽ ചെന്നു സന്ദർശിക്കുകയും മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. നമ്മുടെ സമുദായത്തിന്റെ ജനസംഖ്യ, സമുദായാംഗങ്ങൾ കേന്ദ്രീകൃതമായ സ്ഥലങ്ങൾ, തൊഴിൽ മുതലായവയെപ്പററി പ്രധാനമന്ത്രി ശ്രദ്ധാപൂർവ്വം ചോദിച്ചറിഞ്ഞു. ഏററവും അടിയന്തിരമായി ചെയ്തുകിട്ടേണ്ട കാര്യങ്ങൾ ഏതെല്ലാമാണെന്നു അദ്ദേഹം വീണ്ടും ചോദിച്ചു. സാങ്കേതികമായ സൌജന്യ വിദ്യാഭ്യാസമുൾപ്പടെ പരിപൂർണ്ണമായ വിദ്യാഭ്യാസാനുകൂല്യം, കോളേജുകളിലും മററും പഠിക്കുന്നതിന്നു സ്റ്റൈപ്പെണ്ട്, ഈ സമുദായത്തിൽപ്പെട്ട ഗവണ്മെണ്ടുദ്യോഗസ്ഥന്മാക്കു അവരവരുടെ സർവ്വീസനുസരിച്ചുള്ള പ്രമോഷൻ എന്നീ കാര്യങ്ങളെപ്പററി അടിയന്തിരമായി അനുവദിച്ചു കല്പനയുണ്ടാകേണ്ടതാണെന്നു ഞങ്ങളഭ്യർത്ഥിച്ചു. പ്രസ്തുത കാര്യങ്ങളെസംബന്ധിച്ചു ഫയലുകൾ നോക്കി പരിശോധിച്ചു ഉടനടി വേണ്ടതു ചെയ്യാമെന്നു അദ്ദേഹം ഞങ്ങളോടു പറയുകയും ചെയ്തു. തുടന്നു മുഖ്യ മന്ത്രി അവർകളുടെ പേർസനൽ സിക്രട്ടറി അവർകളെ കാണുകയും അദ്ദേഹത്തെ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളെ സവിസ്തരം ധരിപ്പിക്കുകയും കഴിയും വേഗം വേണ്ടതു ചെയ്തുതരാമെന്നു സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. 3-8-'54 കാലത്തു 7-30നു ലേബർ മന്ത്രി അവർകളെ കാണുകയും അദ്ദേഹത്തിന്നു മെമ്മോറാണ്ടം സമർപ്പിച്ചു വിവരം ധരിപ്പിക്കുകയും ചെയ്തു. അദ്ദേഹവും നമ്മുടെ സമുദായത്തിന്നു വേണ്ടതു വേണ്ടും വിധം ചെയ്തുതരാമെന്നു സദയം സമ്മതിച്ചിട്ടുണ്ട്. ഏതാനും കുറെ M. L. A.മാരേയും കണ്ടു വിവരം ധരിപ്പിക്കാനും ഈ നിവേദകസംഘത്തിന്നു സാധിച്ചിട്ടുണ്ട്. പൊതുവിൽ ഈ യാത്ര വിജയപ്രദമായിതീർന്നിട്ടുണ്ടെന്നു ഞങ്ങൾ അവകാശപ്പെടുന്നു. 3—8—1954 പകൽ 10 മണിക്കുള്ള എക്സ്പ്രസിന്നു നിവേദക സംഘം തിരുവനന്തപുരം വിടുകയും ചെയ്തു.

8—8—'54ൽ കളരി കുറുപ്പ് (പണിക്കർ) സംഘത്തിന്റെ ഒരു കമ്മററിയോഗം തൃശ്ശൂർ കളരി ആപ്പീസ്സിൽവെച്ചു പ്രസിഡണ്ട് ശ്രീ. കെ. പി. കുമാരകുറുപ്പ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി മാനേജിങ്ങ് കമ്മററിയുടെ മുമ്പാകെ പ്രസിഡണ്ട് കെ. പി. കുമാരകുറുപ്പ് നിവേദക സംഘത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചു. ഈ ചിങ്ങമാസത്തിൽതന്നെ ഒരു പൊതുയോഗം വേണമെന്നും മററും തീരുമാനിക്കുകയും ആവശ്യം വേണ്ടതായ ചില സമുദായകാര്യങ്ങളെപ്പററിയും മററും ആലോചിച്ചതിനുശേഷം 5 മണിക്കു യോഗം സമംഗളം പിരിഞ്ഞു.

# നാരായണസ്തുതി.

(കല്ലിപ്പിള്ളി കെ. അയ്യപ്പൻ, കോനിക്കര)

നാരായണാജയ! നാരായണാജയ!
നാരായണാജയ! നാരായണാ!
എത്രയോകാലമായ് ജാതിയാം രാക്ഷസൻ
നൃത്തമാടീടിന കേരളത്തെ,
ഉദ്ധരിച്ചാത്തരാം മർത്ത്യരെ നേർവഴി
ചേർത്തുവാൻവന്നു പിറന്ന ദേവാ!
നാരായണഗുരോ! താവക കാരുണ്യം
പാരിതിൽ ഞങ്ങൾക്കൊരേകാലംബം.
ഏതുമതസ്ഥനെന്നാകിലും മാനസം
പൂതമായ്ത്തീരുകിൽ പോരുമല്ലോ
എന്നോതി ഭിന്നമതസ്ഥർതൻ മാത്സര്യം
ഖണ്ഡിച്ചൊരദ്വൈത ദേശികനെ!
ജാതി ചോദിപ്പതും, ജാതി പറവതും,
ജാതിയെന്നുള്ളൊരു ചിന്തപോലും
ഏതുമിയലരുതെന്നെല്ലാം ഞങ്ങൾക്ക്
ഭേദകമററുമുപദേശങ്ങൾ
തന്നുള്ളദിവ്യ പ്രബോധക! സൽഗുരോ?
അങ്ങതൻ വേർപാടിൻ നഷ്ടംതീർക്കാൻ,
വന്നുപിറക്കണേ വീണ്ടും ദയാനിധേ,
താഴ്ന്നജനത്തെ സ്സമുദ്ധരിപ്പാൻ
നാരായണ ജയ! നാരായണ ജയ!
നാരായണ ജയ! നാരായണ

—0—


**ARE YOU FORGETFUL?**

WELL HERE IS OUR

"MEMORY-PICK-UP"

Refreshes Memory, creates healthy nerves and also gives sound sleep.

Price,- Small Bottle as 12/- Large Rs. 2-8-0

ALL CHRONIC DISEASES ATTENDED TO

**ASOKA (HOMOEO) PHARMACY,**

KURUPAM ROAD, TRICHUR.

PLEASE VISIT US FOR HOMOEOPATHIC MEDICINES


# വെൽക! വെൽക!

ആഗസ്റ്റ് പതിനഞ്ച്

വിദ്വാൻ വി കെ. ബാലൻ, വെങ്കിടങ്ങ്.

ആഗമിക്കയായ് വീണ്ടു-
മാശകൾ കുരുത്തൊരാ
ആഗസ്റ്റുപതിനഞ്ചിനാനമ്മുഖം, ഹാ!
സ്വാഗതമോതാം വരൂ
സ്വാതന്ത്ര്യസുദിനം നീ,-
നാഗമമണിയിപ്പൂ രോമാഞ്ചമിന്നും!
ഭാരത ചരിത്രത്തിൽ
ഭാസുരലിപികളാൽ
പൂരിതമല്ലേ നിൻെറ പൂതചരിതം?
ഭാവുകം നേരാമങ്ങേ-
ക്കാഗസ്റ്റുപതിനഞ്ചേ
ഭാരതം വിടുതിയെ നേടിയ നാളേ!

* * * *

എത്രയോധീരാത്മാക്ക-
ളായത പ്രയത്നം ചെ-
യ്തായതിൽനിന്നായിത്ത ശുഭോദയമേ,
ആഷ്ട്രവിതിലോരോ
പുൽക്കൊടിപോലും പ്രേമ-
ഹർഷമോടെതിരേല്ക്കാൻ കുനിഞ്ഞുനില്ക്കേ,
ഭാരതമാതാതൻെറ
കൈവിലങ്ങുകൾ പൊട്ടി-
ച്ചാരാലണയുമൊരാസുപ്രഭാതത്തിൽ
കാണാഞ്ഞ് 'പിതാവി'നെ
ചിന്തിച്ചു കേണ കണ്ണി-
രാണല്ലീ കാണുമൊരാ ഹിമകണങ്ങൾ?
എങ്കിലും, ജവഹരി-
ലാലെയോർത്തോർത്തു പേർത്തും
പുഞ്ചിരിച്ചതല്ലീയാ സുമനിരകൾ?

* * * *

മർത്ത്യസേവനവ്യഗ്ര-
ക്കാശയുമാവേശവും
പുത്തനായ് നല്കും നവ ഭാഗ്യോദയമേ,
മാനവഹൃദന്തത്തിൽ
സൌഹൃദം വിളയിക്കും
സ്വാതന്ത്ര്യസുദിനമേ, വെൽക! വെൽക! നീ.

# 3-ാം ലക്കത്തിലെ സമസ്യയുടെ പൂരണങ്ങൾ

(വൃത്തം, മന്ദാക്രാന്ത)

ചിന്തിക്കേണം പലവഴിയിലും തങ്ങളേകന്റെ കയ്യെ-
ന്നന്തസ്സെല്ലാമവരവരിണങ്ങുന്ന കാര്യത്തിലെന്നും
പന്തിക്കാരും സമതകരുതിച്ചിത്തതാരൊത്തിണങ്ങി
"സന്ധിക്കാഞ്ഞാലഖിലരുമൊരേമട്ടു ചിന്താകുലന്മാർ"

കെ. ജി. പണിക്കർ, കാക്കശ്ശേരി.

ചന്തം ചിന്തും പ്രിയകൾ, വിനയം തൊട്ടുസത്ഭാവമാന്നി-
ട്ടന്തമ്മോദം പതികളിലിയററിട്ടു നാൾ പോക്കിടുന്നോർ
ഹന്താത്യന്തം വിരഹത ഭവിച്ചീടിലക്കൂട്ടർ, വീണ്ടും-
"സന്ധിക്കാഞ്ഞാലഖിലരുമൊരേമട്ടു ചിന്താകുലന്മാർ"

കെ. എൻ. കെ. പി

സ്വന്തം സ്വത്തിന്നനുദിനമഹിംസാഖ്യയാമായുധംകൊ-
ണ്ടന്തർദ്ദാഹം തടവിയടരാടീടുമീ നാട്ടുകാരെ-
ബന്ധിയ്ക്കാനായ് ദുരയൊടു തുടങ്ങുന്ന വൈദേശികന്മാർ
"സന്ധിക്കാഞ്ഞാലഖിലരുമൊരേമട്ടു ചിന്താകുലന്മാർ"

കെ. ജി.
(ജ്യോതിഷമഞ്ജരി പത്രാധിപർ)കോയമ്പത്തൂർ.

ഇന്ത്യയ്ക്കാരോടിടയുവതിനും വൈമനസ്യം പ്രസിദ്ധം,
ബന്ധുസ്നേഹം പുനരിഹ പകിസ്ഥാനൊടുണ്ടാദ്യമേതാൻ;
ബന്ധംകൂടാതയലിലരിശം വേണ്ട; രാഷ്ട്രങ്ങൾ രണ്ടും
"സന്ധിക്കാഞ്ഞാലഖിലരുമൊരേമട്ടു ചിന്താകുലന്മാർ"

ആനന്ദവർദ്ധനത്തു ആർ. രാമൻപിള്ള.
കിളിമാനൂർ.

ബന്ധിയ്ക്കുട്ടേ ഭവജലധിയിൽ കർമ്മകാണ്ഡങ്ങ,ളെന്തി-
ന്നന്ധീഭാവം മനുജസഹജാതക്ക് വായ്ക്കുന്നു ഹൃത്തിൽ?.
കിന്ധീമത്വം കലഹജടിലം, ശൂന്യമെന്നോർത്തു തമ്മിൽ-
"സന്ധിക്കാഞ്ഞാലഖിലരുമൊരേമട്ടു ചിന്താകുലന്മാർ.."

വിദ്വാൻ മാധവപ്പണിക്കർ, ബ്രഹ്മക്കുളം.

ചെന്തീക്കൊപ്പം തനുവെമുഴുവൻ ചുട്ടെരിക്കും വിധംപൂ-
ഗന്ധിച്ചെത്തുന്നനിലരഥമാർന്നാംഗജൻ നേരിടുമ്പോൾ
ചിന്തിച്ചീടും പ്രണയഭരമൊത്തുള്ള തന്വംഗിമാരായ്
"സന്ധിക്കാഞ്ഞാൽ സകലരുമൊരേമട്ടു ചിന്താകുലന്മാർ"

ഒരു വിരഹി.

# തിരുവോണം.

യു. കെ. പണിക്കർ, ബി. എ , ബി. എൽ.

വാണീ വീണാ മോഹന ഗാനം
ചോണാന്നലിയും മഞ്ജുളഗേഹം,
കൈരളി പൈങ്കിളി വിതറും ഗാനം
സ്വൈരവിഹാരം ചെയ്യും ഗേഹം,
പൌരാണികഗുരു വരനിർമ്മിതമാം,
വൈരമനോഹര, രത്നാഗാരം,
ഗുരുവരനാഥ 'ക്കളരി' നിതാന്തം
ഗുരുതര കീർത്തിത്താവള മാക്കാൻ,
ഗുരുവായുപുരാധിപകാരുണ്യം
ശരണം; മാധവ ചരണം കൃപ്പ.
ആഗത മാഗത മാശാസ്യനം
സ്വാഗത മേകാൻ വിടരുന്നിപ്പോൾ.
പച്ചില ചേലകളണിയും കേരം
മെച്ചമിയന്നൊരു നൃത്തംവെക്കും.
സുന്ദര കുസുമോൽ ഗന്ധം വീശാൻ
മന്ദമണഞ്ഞു മാരുത പോതം.
മന്മഥ ദൂതൻ ഭ്രമരം വന്നു
നന്മധു ചോന്നൊരു ഗീതം മൂളി.
ആമയമേഘം നീങ്ങിയ വാനിൽ
കാമിനി താരകൾമദ്ധ്യേ സോമൻ.
തൂമധുപുഞ്ചിരി തൂകീടുമ്പോൾ
കോമള കേരള മാമോദിപ്പൂ.
നേന്ത്രപ്പഴമാം തോരണമെത്തി
ചന്ത്രക്കാരവ കെട്ടിത്തൂക്കി.
പങ്കജ, കുമുദം, പുഷ്പമസംഖ്യം
തങ്കം മാതവർ വിഗ്രഹമെങ്ങും
അങ്കണമേറിയ കൌതുകമോത്താൽ
സങ്കടമേതും പമ്പകടക്കും.
ബാലിക ബാലക വൃദ്ധന്മാരും
ചേലൊട്ട ചേലകളേന്തും തന്വീ
ജാലമിറങ്ങി, പൂക്കളറുത്താ
കോലമണിഞ്ഞെതിരേല്ക്കാനായി.

യൌവ്വനസുന്ദരഗാത്രന്മാരും
ഗവ്വമകന്നവരെത്തീടുന്നു.
ദാരുണ മാനസദീനന്മാരും
നീരസമല്ലവരാനന്ദിപ്പൂ.
ഭൂപ'മഹാബലി'വാഴും കാലം
താപമൊരുത്തനുമില്ലെന്നോണം
ഭക്ഷണ വസ്തുവു മെല്ലാരക്ഷാ
ശിക്ഷകളുത്തമരീത്യാചെയ്യും
കാലവിശേഷമതാഘോഷിക്കും
കാലമിതോണം വലുതാംയജ്ഞം.
ത്യാഗി 'മഹാബലി' ഭൂമീപാലൻ
യോഗി മഹാശയ വാമനദേവനു
വേഗം ഭൂമി ദാനംചെയ്താ
സാഗരമടിപ്പോയ് പാതാളത്തിൽ
ആഗതനിന്നീ രാജ്യം കാണാൻ
സ്വാഗതമേകാൻ ക്ഷേമം കാട്ടൂ.
'ആറാപ്പൂ'വെന്നാത്തുവിളിക്കും
ചോരതിളക്കും വീരന്മാരും
മത്സരവിദ്യയുമഭ്യാസങ്ങൾ
ഉത്സാഹിച്ചവഘോഷിക്കേണം
കായികകേളികളുല്ലാസങ്ങൾ
നായകരൊത്തവരാടീടേണം
ക്ഷീണം തീർത്ഥ മോദംകൊള്ളാൻ
വേണം സദ്യകളുത്തമമട്ടിൽ.
കാണാൻ കാണികൾകൂടീടേണം.
വേണം സമ്മാനങ്ങളുമേറെ
ആയിരമായിരമാശംസനം
ഗായകരായി വിരിഞ്ഞീടുമ്പോൾ
ആയിരമായിരമോണപ്പുടവകൾ
മായമകന്നിഹ നൽകീടേണം
മലയാളികളവർപണ്ടെന്നോണം
നിലയും വിലയും നിർത്തുന്നോണം.
മലനാട്ടിൻ പേർ പൊന്തുന്നോണം
കലയും കുലവും കാക്കുന്നോണം
പലവിധസൌഖ്യം ചേരുന്നോണം
പുലരും പുതുദിനമീത്തിരുവോണം
തിരുവോണപ്പൊരുളീവിധമാകും
പരമാത്മകച്ചെ കണ്ണുതുറന്നാൽ.

ശുഭം.

# ★ പുഷ്പാർച്ചന. ★

ബാലകൃഷ്ണൻ പണിക്കർ, പെരിങ്ങാട്ട്.

കേരളം ശരല്ക്കാല
ചന്ദ്രികയേറെറമ്പാടും
തേനൊളി ചൊരിഞ്ഞീടും
പൂങ്കാവായ് വിരാജിക്കെ.
അത്തവുമണഞ്ഞുപോ-
യത്തലുമകന്നുപോയ്
പുത്തനാം പൂത്തൊട്ടിയു-
മേന്തി ബാലകവ്യൂഹം
"ഓണമെ നമസ്കാരം
പൊൻചിങ്ങ പ്രഭാസമെ,
ചേണഞ്ചും മമ നാട്ടിൻ
മഹസ്സെ നമസ്കാരം"
ഈരടിയേവം പാടി
യണഞ്ഞു കുമാരന്മാർ
ചാരുതയോലും ചുണ്ടാ-
ലമ്പിളിക്കലചാർത്തി
മാൺമെഴും പൂചാർത്തിച്ചി-
തങ്കത്തളികയിൽ
സോമബിംബത്തിൻ കാന്തി
യൊഴുക്കീ മദാലസർ.

(രണ്ടു്)

ഈ വിധമോണക്കാലം
ബാലക ഹൃദയത്തിൻ
വീണയിലാനന്ദാർദ്ര-
മാലാപമുദിക്കവെ;
ബാല്യകാലത്തിൻ നവ്യ
തന്ത്രിയിലിഴകീടും
കാല്പ്യാനുഭാവത്തിന്റെ
മാദകനവൊന്മേഷം.
അച്ഛനെശ്ശിശുവാക്കം
കട്ടിയെപ്പിതാവാക്ക-
മിച്ചെറുപൈതങ്ങൾക്ക
പൈതലാം പ്രകൃതിയും.
കവിയും പ്രേമോന്മേഷ-
മപ്പിഞ്ചു പൈതങ്ങൾ തൻ
കഥകൾ ബാഷ്പാവിലം
വീക്ഷിച്ചാർ പിതാക്കന്മാർ.

(മൂന്നു്)

ഓണമുണ്ടോണം ചാത്താൻ
പൂപറിച്ചാർത്തീടുവാൻ
വേണം ഹാ പൈതങ്ങൾക്കാ-
"രാമണീയക വിധി"
ഇന്നവളേകാന്തത്തിൽ
പൊൻചിങ്ങത്തുടുപ്പിന്റെ
ശാന്തനിമ്മലത്വവിൽ
കുടികൊള്ളുകയാവാം.
'ഇന്നിലെ'—വിഭാതത്തി-
ലേവരുമൊരെവിധം
വനിരുനാരമത്തിൽ
പൂപറിച്ചീടുംനേരം
'ശാന്ത'തൻ കൂട്ടാളരെ
കൈപിടിച്ചാത്തോല്ലാസം
ശാന്തമായ് സ്നേഹോദാരം
ചൊല്ലിനാളിതെ വിധം
"നാളത്തെപ്പുലരിയിൽ
ഭീമമാംശ്മശാനത്തി-
ലാളിത്തൊനാകല്പാന്തം
വിശ്രമം വരിച്ചെങ്കിൽ
ജീവിതം വ്യഥയാകും
ചൂളയിൽ നീററിക്കൊണ്ടു
നീ വന്നെൻ കുടീരത്തിൽ
പൂവെച്ചു നോവില്ലല്ലി"
ഭാവനാ സമ്പന്നരെ!
ബാലക വ്യൂഹങ്ങളെ
ഭാവിയെ കുറിച്ചീടും
മേലാളരല്ലൊ നിങ്ങൾ.

(നാലു്)

അച്ചെറുമാടത്തിന്റെ
ദക്ഷിണാപഥത്തിലായ്
പച്ചവില്ലീസെന്നൊണം
തിളങ്ങും വനികയിൽ
ശാന്തമായ് നിലകൊള്ളു-
മക്കൊച്ചു കുടീരത്തിൽ
"ശാന്ത"യൊത്താപൈതങ്ങ-
ളിന്നിതാ പൂചാർത്തുന്നു.

# ആശാൻെറ

# ആശയവിശേഷങ്ങൾ

വിദ്വാൻ
വെള്ളായ്ക്കൽ
ഗോവിന്ദമേനോൻ.

എന്ത്! ആശാൻെറ കൃതികളെക്കുറിച്ച് ആരൊക്കെ, എന്തെല്ലാംതരത്തിൽ, എത്ര എത്ര വിമർശനങ്ങൾ ചെയ്തുകഴിഞ്ഞു? ഇനിയും അതിനുതന്നെ മുതിരുകയോ? കടഞ്ഞതൈരിൽനിന്ന് പിന്നെയും കടഞ്ഞാൽ വെണ്ണ കിട്ടുമോ? എന്നൊക്കെ ചർവ്വിതചർവ്വണവിചാരബുദ്ധ്യാ ചോദ്യം ചെയ്യുന്നവരോട്,

പീയൂഷമേകദാ മട്ടിച്ചെട്ടക്കയാൽ
പീയൂഷസാഗരം ത്യാജ്യമായ് വന്നിതോ?

എന്ന പൂന്തോട്ടത്തു നമ്പൂതിരിയുടെ സമാധാനം ഞാനും ഇവിടെ ആവർത്തിക്കുന്നു

അഗാധാശയനായ ആശാൻെറ കൃതികൾ ഒരു സാഗരംതന്നെയാണ്. അത്യുന്നതങ്ങളായ തിരമാലകളോ ഭയങ്കരമായ കോളിളക്കമോ ഇല്ലാത്ത ആഴമേറിയ രത്നാകരം. സ്വാഭാവികമായി തിരയടിച്ചുകൂട്ടപ്പിക്കുന്ന ചില തത്വരത്നങ്ങൾ തീരത്തു വില്ലുന്നവർക്കും കാണാം. യാത്രക്കാർക്ക് അവിടവിടെ കണ്ണിൻെറ കാഴ്ചപോലെ പല രത്നങ്ങളുടേയും പ്രകാശം പ്രത്യക്ഷപ്പെടും. ചുഴിഞ്ഞിറിങ്ങി മുങ്ങിത്തപ്പുന്നവർക്കോ കിട്ടുന്ന രത്നങ്ങൾ നിരവധി. ആരെത്രയെടുത്താലും ഒടുങ്ങുകയില്ല. കാചങ്ങൾപോലെ ക്ഷണപ്രഭങ്ങളായ രത്നങ്ങൾ ഇതിൽ ചുരുക്കമാണ്. വൈരക്കല്ലുപോലെ നിത്യപ്രഭങ്ങളാണ് അധികവും. ഈ രത്നഗണങ്ങൾ തപ്പിത്തിരഞ്ഞ് അണിയുന്ന ബുദ്ധിയുടെ സാംസ്കാരിക കാന്തി ഒന്നു വേറെതന്നെ ആയിരിക്കും.

ആശാൻെറ വർണ്ണനാവസ്തുക്കളുടെ ബാഹ്യകാന്തി അദ്ദേഹം അധികമായി കാണാറില്ല. കണ്ടാൽതന്നെ അത്ര ഗൌനിക്കാറുമില്ല. ആഭ്യന്തരകാന്തി കാണുന്നതിനാണ് അദ്ദേഹത്തിൻെറ കണ്ണുകൾ അധികം വികസിക്കാറുള്ളത്. ബാഹ്യശോഭയിൽക്കൂടിയേ ആഭ്യന്തരതേജസ്സു പ്രത്യക്ഷപ്പെട്ടു എന്നു തോന്നിയാൽ — ബാഹ്യകാന്തി ആന്തരിക പ്രകാശം ഉജ്ജ്വലിക്കുവാൻ ഉപകരിക്കുമെന്നുകണ്ടാൽ — അപ്പോൾ അതും ഒന്നു വീക്ഷിച്ചേയ്ക്കും എന്നുമാത്രം.

കരുണയിലെ വാസവദത്തയെ അദ്ദേഹം വർണ്ണിച്ചിരിക്കുന്നതുനോക്കുക. ഉപഗുപ്തൻെറ മറുപടിയിൽ ഉൽക്കണ്ഠാകുലയായി അന്തസ്സോടും ഗണികാജനോചിതമായ ആഡംബരത്തോടുംകൂടി ഇരിക്കുന്ന ഒരു നിലയേ അദ്ദേഹം വായനക്കാർക്ക് കാണിക്കുന്നുള്ളൂ. 'അരവിന്ദബാണ സമരാപ്തകീർത്തി കമനാപ്പ'രായ ഒരു സർവ്വാംഗസുന്ദരിയെ കിട്ടിയാൽ സാധാരണ കവികൾ അവരുടെ ഭാവനയുടെ മറുപുറം കാണാതെ വിടുമോ? മലയമറിയത്തിൽ വള്ളത്തോളും പിംഗളയിൽ ഉള്ളൂരും വിസ്തരിച്ചിട്ടുള്ളതു നോക്കുമ്പോൾ ഇതു് എത്ര തുച്ഛം?

പിംഗളയിൽ ഉള്ളൂർ,

''തന്നെത്താനമ്പെയ്യുമോരോരോലീലയാൽ
തന്നെത്താൻ ഭഗ്നമാം നർത്തനത്താൽ
തന്നെത്താൻ ഞാന്നൊലിയിട്ടീടും ഗാനത്താൽ
അന്നല്ലാർ വില്ലൊന്നു വേറെത്തന്നെ.''

എന്നിങ്ങിനെ ആലങ്കാരിക കാന്തിയിൽ ആറാടിച്ചിട്ടുള്ള നായികയുടെ സൌന്ദര്യവിലാസധോരണിയെ വിജയപതാകയാക്കി, 'താന്തോന്നി താരമ്പൻ പന്തിയ്ക്കു വീശി'യവലയിൽ 'തമ്പ്രാക്കൾ തൊട്ടെഴും പ്രാക്കളെല്ലാം'ചെന്നു വീണു നശിക്കുന്നതായും മററും വർണ്ണിച്ചിട്ടുള്ള രീതി ആശാൻെറ കൃതികളിൽ അപൂർവ്വമായേ കാണൂ. ക്ഷണപ്രഭാചഞ്ചലമായ ഭൌതികജീവിതത്തിൻെറ ബാഹ്യാഡംബരധാടികളും, അവയവച്ഛേദംകൊണ്ടു് ആഭാസവും അശ്ലീലദർശനവും അദ്ധ്വാനവും വിരക്തിജനകവുമെങ്കിലും ഉപഗുപ്തനാൽ ഉപദിഷ്ടമായശേഷം ആഭ്യന്തരസൌന്ദര്യപ്രസന്നമായ ജീവിതചാരിതാർത്ഥ്യവും, തമ്മിൽ താരതമ്യപ്പെടുത്തി വിചിന്തനംചെയ്യുവാൻ വായനക്കാർക്ക് അവസരം നല്കണമെന്നേ ആശാനു് ആശയുള്ളൂ.

ആശാൻ തന്റെ കവിതാകാമിനിയെ അലങ്കാരങ്ങൾ അണിയിക്കാറുണ്ടെങ്കിലും അവ വെറും പുറംപൂച്ചുകളായിരിക്കാറില്ല. പണവും പദവിയും ഉള്ള പലരേയും പ്രാപിക്കുവാൻ പ്രതിബന്ധമില്ലാത്ത ജീവിതവൃത്തിയോടുകൂടിയ വാസവദത്തയ്ക്കു ഒരു ബുദ്ധസന്യാസിയിൽ പ്രണയം അങ്കുരിച്ചതിനെ ദൃഷ്ടാന്തപ്പെടുത്തി ആശാൻ പറയുന്ന വരികൾ എത്ര അർത്ഥപുഷ്ടിപ്രദമായിരിക്കുന്നു!

'വിശപ്പിനു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും.'

പ്രാണിസാധാരണമായ വിശപ്പുശമിപ്പിക്കുക എന്ന കർമ്മംപോലെ മാത്രമേ ഇതരകാമുകന്മാരുടെ സമാഗമംകൊണ്ടു് തനിക്കു സാധിക്കുന്നുള്ളുവെന്നും, ഉപഗുപ്തവിഷയകമായ യഥാർത്ഥ പ്രണയമെന്ന വിശിഷ്ടവസ്തു ഒന്നേ വെറുപ്പുവരാത്ത സുഖാനുഭൂതിയാകയുള്ളുവെന്നും ഉള്ള ആശയം പ്രകാശിപ്പിക്കുന്ന ഈ അലങ്കാരഭംഗി കാവ്യത്തെ ആപാദചൂഡം ദീപ്തിമത്താക്കിത്തീർത്തിരിക്കുന്നതായി തോന്നുന്നു.

നികൃഷ്ടജീവിതവൃത്തി അവലംബിച്ച് ജീവിതം നയിക്കുന്നവരെന്നു ലോകം കരുതുന്നവരിലും ചിലപ്പോൾ ഉൽകൃഷ്ടവിചാരങ്ങൾ ഉയരുന്നതായി ആശാൻ ദർശിക്കുന്നു.

എന്നാൽ സാഹചര്യങ്ങളുടെ പ്രാതികൂല്യം താദൃശവിശിഷ്ടചിന്തകളെ പരിപാലിക്കുന്നതിന് സാധിക്കാതെ വന്നാലും, ചാരംപൊതിഞ്ഞ തീക്കനൽപോലെ, അവ ഹൃദയത്തിൽ മങ്ങിക്കിടക്കുകയും ജീവിതചര്യ പഴയപടി നടന്നുകൊണ്ടിരിക്കുകയും ചെയ്തേക്കാം.

ഉപഗുപ്തനിൽനിന്നു ഉദാസീനവും അസാധാരണവും ആയ മറുപടി കിട്ടിയശേഷം, വാസവദത്ത അല്പം അത്ഭുതനൈരാശ്യങ്ങൾക്കു അധീനയായെങ്കിലും, സ്വജീവിതവൃത്തി തുടർന്നുപോകതന്നെ ചെയ്തു. ഈ അവസരത്തിലാണ് ഒരു പ്രാപഞ്ചികാഡംബരത്തിര—വർത്തകപ്രവരൻ—വന്നു് ഊക്കോടുകൂടി അലച്ച് അവളുടെ മനസ്സിനെ സംസാരസാഗരത്തിൽ മുമ്പത്തെപ്പോലെതന്നെ തുള്ളിക്കളിപ്പിക്കുന്നതിന് ഇടയാക്കുന്നതു്. വർത്തകനുമായുള്ള ജീവിതം അവളെ ഒരുവിധം ആഹ്ലാദിപ്പിച്ചിരിക്കണം. ഏതുവിധത്തിലും അയാൾക്കു അഭിമതയായ ഒരു പത്നി എന്ന പദവിയെങ്കിലും നേടുവാൻ അവൾ ആശിച്ചിരുന്നതായി വിചാരിക്കാം. അല്ലെങ്കിൽ,

'പരമസ്വാദ്ധ്വിയിൽപോലും പുരുഷനാശങ്കതോന്നാം
പുരഗണികയിൽപിന്നെ പറവാനുണ്ടോ?'

എന്ന ആശങ്ക അങ്കുരിക്കയും അതിനെ നിശ്ശേഷം നിരാകരിക്കുന്നതിന് പൂർവ്വ കാമുകനായ തൊഴിലാളിപ്രമാണിയെ നിഗ്രഹിക്കുകയും ചെയ്യുമായിരുന്നില്ലല്ലൊ.

തൊഴിലാളിത്തലവനെ കൊന്നതു ഒരു കടുംകൈയായിത്തോന്നാം. ശരി, കറിനം തന്നെ 'ഓരുകിൽ സമയഭേദമൂലമായ് ഭീരുവും വലിയധൈര്യമേന്തിടും' എന്ന ലോകസാമാന്യസ്വഭാവം അവളേയും ആവേശിച്ചു. ഇക്കാലത്തുതന്നെ, അഭ്യസ്തവിദ്യരെന്നു വിചാരിക്കപ്പെടുന്നവരും സൽസ്വഭാവത്തിന്റെ നിറകുടം എന്നു കരുതപ്പെടുന്നവരും മാന്യന്മാരായി എണ്ണപ്പെടുന്നവരും ആയ എത്രപേരാണ് ഗൂഢകർമ്മങ്ങളും കൂടതന്ത്രങ്ങളും പ്രയോഗിച്ച് പേരും പെരുമയും പണവും പദവിയും സുഖവും സൌഭാഗ്യവും നേടാൻ നിർദ്ദോഷികളായ സാധുക്കളുടെ ജോതോജോവധം ചെയ്യുന്നതു്! അല്ല, കേവലം കൊലതന്നെ നടത്തി അറിയാത്ത ഭാവത്തിൽ വർത്തിക്കുന്നതു്! പിന്നെയുണ്ടോ ഒരു ഗണികയുടെ ഈ സാഹസകർമ്മത്തിൽ അത്ഭുതപ്പെടുവാൻ!

ഉൽകൃഷ്ടപദവിയുള്ള ചിലരിൽ നികൃഷ്ടചിന്തകളും ഓരോരോ സന്ദർഭങ്ങളിൽ ആവിർഭവിക്കുന്നു. അതിനും മനശ്ശാസ്ത്രപടുവായ ആശാൻ കാരണങ്ങൾ കണ്ടെത്തിട്ടുണ്ടു്,

'അറിയാ തോൾവളകൾ ഞാൻ
അറിയാ കുണ്ഡലങ്ങൾ ഞാൻ
അറിയും കാൽത്തളകൾ ഞാൻ
അടികുപ്പുകയാൽ സ്സദാ'

എന്നിങ്ങനെ അഗ്രജപത്നിയായ സീതയുടെ പാദഭൂഷണങ്ങളിൽ മാത്രം പരിചിതനായ ലക്ഷ്മണനിൽകൂടി മായാമാരീചഹരണവേളയിൽ ആ ദേവി ദുസ്സഹമായ അപരാധം ആരോപിക്കയുണ്ടായല്ലൊ. സീതയുടെ സൌന്ദര്യമദജനകവും സങ്കല്പമാത്രവുമായ ഈ ക്രൂരോക്തിയെ മറെറാരു രാമായണകവിയും അത്ര ഗൌനിച്ചിട്ടില്ലെന്നുതോന്നുന്നു. എന്നാൽ ആശാൻ സീതയെക്കൊണ്ടുതന്നെ അതിനു ലക്ഷ്മണനോടു മാപ്പു ചോദിപ്പിക്കുന്നുണ്ടു്.

'കനിവാന്നനുജാ! പൊറുക്ക ഞാൻ
നിനയാതോതിയ കൊള്ളിവാക്കുകൾ.
അനിയന്ത്രിതമായ് ചിലപ്പൊഴീ—
മനമോടാത്ത കുമാർഗ്ഗമില്ലെടൊ.'

അവ കൊള്ളിവാക്കുകളായിരുന്നു എന്നു് സീത അ പ്പോൾ അറിഞ്ഞിരുന്നില്ല. പിന്നീടാണു് ബോദ്ധ്യ പ്പെട്ടതു്. ഏതൊരാളുടേയും മനസ്സ്, 'പ്രായസ്സമാഗ പന്നറിപത്തികാല'ങ്ങളിൽ, കടിഞ്ഞാൺ വിട്ട കു തിരയെപ്പോലെ, ദുർഘടമാർഗ്ഗങ്ങളിൽകൂടി ഓടുന്നതാ ണു്. വിശാലാശയനായ ആശാന്റെ ഏതാദൃശമാ യ മനശ്ശാസ്ത്രപാണ്ഡിത്യം അദ്ദേഹത്തിന്റെ കൃതിക ളിൽ ആദ്യന്തം അനുഭവപ്പെടുന്നതായി കാണാം.

ക്ലേശഭൂയിഷ്ഠമായ ജീവിതാനുഭവങ്ങളിൽനിന്നു് പ്രപഞ്ചരഹസ്യങ്ങളെ വെളിവാക്കുന്നതിനാണു് ആ ശാന്റെ ആശയം അധികം അഭിരുചിപ്പെടുന്നതു്. ജീവിതാനന്ദാനുഭവങ്ങളെ ആശാൻ അത്ര വകവെയ്ക്കാ റില്ല. മഹർഷിമാരെപ്പോലെ, അവയുടെ ക്ഷുദ്രതയെ പ്പറ്റി നല്ല വിവരമുള്ളതുകൊണ്ടായിരിക്കാം. അഥ വാ സ്വാതന്ത്ര്യസുഭഗമവും സമതാസുന്ദരവുമല്ലാത്ത ഈ ലോകത്തിൽ യഥാർത്ഥമായി എന്താനന്ദമാണു ഉ ള്ളതു് എന്ന വിചാരമായിരിക്കുമോ ആവോ? ശശ്വ ത്തായ ആനന്ദംതന്നെ ഈ ലോകത്തിൽ ഇല്ലെന്നുള്ള തായിരിക്കും പരമാർത്ഥം എന്നു തോന്നുന്നു.

സീതയുടെ ചിന്താരംഭത്തിലുള്ള ശ്ലോകം നോക്കുക.

> 'ഒരു നിശ്ചയമില്ലയൊന്നിനും;
> വരുമോരോ ദശവന്നപോലെപോം;
> വിരയുന്നു മനുഷ്യനേതിനോ
> തിരിയാലോകരഹസ്യമാർക്കുമേ?

മനുഷ്യജീവിതത്തിലെ ഒരു കാര്യമായ കാര്യവും ഇന്ന വിധത്തിൽ വരുമെന്നു തീർച്ചപ്പെടുത്തിപ്പറയാവുന്നത ല്ല. ഒന്നിനും അർഹതയും അവകാശവും ഉണ്ടെന്നു കരുതാവുന്നതല്ല. ലോകത്തിന്റെ ഒരു മൂലയിൽ ക ല്യാണം ആഘോഷിക്കുന്നുണ്ടാവും; മറെറാരിടത്തു പ ട്ടടക്കുട്ടനുണ്ടായിരിക്കും. ഇതൊന്നും ഗൌനിക്കാതെ കാലം അതിന്റെ ധർമ്മമനുസരിച്ചു് പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. വിശേഷബുദ്ധിയുള്ളവരെന്നു പറയുന്ന മർത്ത്യരോ, എന്തിനൊക്കെയോ വെമ്പൽ കൊള്ളുന്നു. ഈ പ്രപഞ്ചപ്പൊരുൾ ശരിയായി വ്യാ ഖ്യാനിക്കുവാൻ ഇതുവരെ ഒരു പണ്ഡിതനും കഴിഞ്ഞി ട്ടില്ല. ഒരു ശാസ്ത്രജ്ഞനും അതിന്റെ ഗതിവിഗതിക ളെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

സീതയുടെ കാര്യത്തിൽ ഇതെത്ര പരമാർത്ഥമാ യിരിക്കുന്നു! ലോകത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള ദ മ്പതിമാരിൽ ഐഹിക പാരത്രികസുഖങ്ങൾ അനുഭ വിക്കാൻ അർഹതയും അവകാശവും ആർക്കെങ്കിലുമു ണ്ടെങ്കിൽ അതിനുള്ള പരിതഃസ്ഥിതികൾ തികഞ്ഞി രുന്നതു് സീതാരാമന്മാർക്കാണു്. സീത—രാജർഷിയായ ജനകന്റെ മകൾ; അയോദ്ധ്യാധിപതിയായ രഘുരാ മന്റെ സഹധർമ്മിണി, സുതീവ്രസതീവ്രതം അനുഷ്ഠി ക്കുന്നവൾ. രാമനോ? മഹാരാജാവു്; ഉഗ്രപ്രതാപി; 'മറെറാരംബുജാക്ഷിയെത്തൊടാത്ത' ഒരു മഹാധാർമ്മി കൻ. ഇവരുടെ ദാമ്പത്യജീവിതം അല്ല, ഏതു ജീവി തഭാഗവും, ആലോചിച്ചുനോക്കുക. മധുവിധുകാല ത്തു് ജടധരിച്ചു് കാട്ടിൽ താമസിക്കാനാണു് സംഗ തിയായതു്. അവിടെയും സൈ്വരമുണ്ടോ? രാവണൻ അവരെ വേർപിരിച്ചു. ഒരുവിധം സീതയെ വീണ്ടെ ടുത്തു, രാജ്യത്തുചെന്നു. അതാ 'തീയിൽകാട്ടിയൊര ത്തുതക്രിയകളേയും അവഗണിച്ചുകൊണ്ടു് ആറിടെ യും സീതയ്ക്കു ഒരു മഹാപരാധം. 'സപരിക്ഷാളന തല്പരൻ നൃപൻ' അലക്ഷ്യമായി വലിച്ചു് കാട്ടിൽ കള യുന്നു. കഷ്ടം! എന്തൊരു ജീവിതാനുഭവം!

ഇങ്ങിനെയുള്ള ഒരു മഹാസാദ്ധ്വിയെക്കൊണ്ടു്, ലോകത്തിൽനിന്നു തിരോധാനം ചെയ്യുന്നതിനു് അടു ത്തുമുമ്പു് ഏകാകിനിയായി ഇരുത്തി ജീവിതാനുഭവ ങ്ങളെ വിചിന്തനം ചെയ്യിച്ചു് യഥാർത്ഥജീവിതത്തെ ലോകത്തിനു മനസ്സിലാക്കികൊടുക്കയും പ്രപഞ്ചരഹ സ്യങ്ങൾ വ്യാഖ്യാനിക്കയും ചെയ്യുന്നതിൽ ആശാന്റെ ആശയങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള പ്രാഗത്ഭ്യം അനന്യ സാധാരണമെന്നേ പറയാനുള്ളു:

> 'കൊതിയേറിടുമിന്ദ്രിയങ്ങളെ—
> പ്പതിവായ'പോററി നിരാശനായ് സദാ
> മൃതിഭീതിയെ നീട്ടിവാഴുമ—
> സ്ഥിതി ഞാൻ ജീവിതമെന്നു ചിന്തിയാ'

ഹാ! സീതയ്ക്കു ജീവിതത്തെക്കുറിച്ചുണ്ടായ ബോധം. 'വ്യഥപോലറിവോതിടുന്ന സദ്ഗുരു' മർത്ത്യനുവേറെ യില്ലതന്നെ. മഹാപ്രഭുക്കന്മാരേ, പ്രഭ്വികളേ, സീത യുടെ ഈ മനുഷ്യജീവിതത്തെക്കുറിച്ചുള്ള നിഗമനം ശ രിതന്നെയോ? ആണെങ്കിൽ നിങ്ങൾ എത്ര പേർ ജീ വിതം നയിക്കുന്നുണ്ടു്? ഒന്നാലോചിച്ചുനോക്കണേ.

സ്നേഹപ്രകാശനമാണു് ആശാന്റെ കൃതികൾ ക്കു മാധുര്യം കൂട്ടുന്ന മറെറാരു മഹിമ. സ്നേഹം, പൂ വിൽ സുഗന്ധമെന്നപോലെ, ആശാന്റെ കവിത കളിൽ സർവ്വത്ര അനുഭവപ്പെടുന്നതാണു്. ഭക്തി, ബ ഹുമാനം, കാരുണ്യം, അനുരാഗം, അനുഭാവം, വാത്സ ല്യം, മൈത്രി എന്നിങ്ങിനെ കാണുന്ന ഗുണവിശേഷ ങ്ങൾ എല്ലാം സ്നേഹത്തിന്റെ — വിശപ്രേമത്തി ന്റെ — രൂപഭേദങ്ങളാണു്. അതു് യഥാർത്ഥമായി

മനുഷ്യരിൽ വളരെ കുറവാണെന്താനും.

'അറിയില്ലനുരാഗമേറെയാം;
അറിവോർ തെററിട്ട,മൊക്കെയൊക്കുകിൽ
നിറവേറുകയില്ല കാമിതം
കുറയും ഹാ! സഖി, ഭാഗ്യശാലികൾ.'

സ്നേഹം എന്നാൽതന്നെ അധികംപേക്ഷം അറിഞ്ഞുകൂടാ. അറിയുന്ന അപൂർവ്വംപേക്കുതന്നെ അതിൻെറ പരിധിയിൽനിന്നു ഭ്രംശം പററിപ്പോകാറുണ്ട്. അഥവാ അങ്ങിനെയും വന്നില്ലെങ്കിൽ സ്നേഹമൂലകമായ അഭീഷ്ടം നിറവേറുകയില്ല. ലോകത്തിൽ ഭാഗ്യശാലികൾ കുറയും. ഹേ! വായനക്കാരേ! നിങ്ങളുടെ അനുഭവം എങ്ങിനെ ഇരിക്കുന്നു? ആശാൻ നിങ്ങളുടെ ജീവിതാനുഭവം എങ്ങിനെ മനസ്സിലാക്കിഎന്നോ നിങ്ങൾ പരിഭ്രമിക്കുന്നതു്? ആശാൻ കവിയാണ്.

1 സ്വാമിയാംരവിയെ നോക്കിനിൽക്കുമെൻ
താമരേ! തരളവായുവേററു നീ
ആമയം തടവിടായ്ക, തൽക്കര-
സ്തോമമുണ്ടു തിരിയുന്ന ദിക്കിലും.

2 കർഷകൻ കിണററിനാൽ നനയ്ക്കിലും
വർഷമററ വരിനെല്ലുപോലെ ഞാൻ.
(നളിനി)

3 വിലപെററമനുരാഗ, മതലാൽ
തുലയുററതല്ല, മറിച്ചുമേല്ക്കുമേൽ
വിലസിടു, മടിയേററവെള്ളിപോ-
ലുലയതിലൂതിയ പൊന്നുപോലെയും.
(ലീല)

4 ചളിയിൽ പദമൂന്നിയെന്തിനോ
വെളിവായിക്കുഴകുന്നു രാഘവൻ.

5 പിടിയേണ മരങ്ങിൽനിന്നുടൻ
ശരിയായിക്കളിതിന്നു നട്ടുവാൻ.

6 പുടവയ്ക്കു പിടിച്ചു തീചുഴ-
ന്നുടൽ കത്തുന്നൊരു ബാലപോലവൾ
(സീത)

7 പ്രവിരളതാരയാം പൂർവ്വദിക്കിൻ-
കവിളും വിളറിത്തുടങ്ങി മെല്ലെ.
(ചണ്ഡാലഭിക്ഷുകി)

ഇങ്ങിനെ ആശാൻ തൻെറ കവനകലാവിലാസിനിയെ സമുചിത സന്ദർഭങ്ങളിൽ ചാർത്തിയ എത്ര എത്ര തത്വരത്നഖചിതങ്ങളായ അലങ്കാരങ്ങളുടെ കിരണകന്ദളങ്ങളാണ് എൻെറ ഹൃദയത്തെ ഇപ്പോഴും സമുജ്വലമാക്കിത്തീർത്തുകൊണ്ടിരിക്കുന്നതു്!

എന്തിനധികം? സ്ഥലമെവിടെ? ആശാൻെറ ഏതു കൃതി വായിച്ചാലും സാംസ്കാരികമായി ഏതാനുമെങ്കിലും ഉൽക്കം കൂടുകയും ഹൃദയവികാസത്തിൻെറ പരിധി കുറെയൊന്നു വദ്ധിക്കയും ചെയ്യാത്ത സഹൃദയൻ ഉണ്ടാകുമെന്നു തോന്നുന്നില്ല.

അഹോ! രത്നങ്ങൾക്കൊക്കെ താനാണ് അവകാശി എന്നു കരുതിയിട്ടോ ആ കവിരസത്തെ രസാകരം നമ്മിൽനിന്ന് യാദൃച്ഛികമായി അപഹരിച്ചു. ഇല്ല, ഇതാ ഭാഷാസാഹിത്യ സമുദ്രത്തിൽ ആ തേജസ്സ് ഒരു ദീപസ്തംഭമായി ഉയൎന്ന് യാത്രക്കാരെ ആപത്മാൎഗ്ഗങ്ങളിൽനിന്നു സംരക്ഷിക്കുകയും സമുല്ലസിപ്പിക്കയും ചെയ്തുകൊണ്ടു നില്ക്കുന്നു.

"മനമഭിഹതമസ്തരാഗമാം
സ്വനമിയലില്ല തകൎന്നവീണയിൽ"
(ലീല.)

—


## ഇതൊരു സുവൎണ്ണാവസരമാകുന്നു!

ആയുർവേദ സിദ്ധവൈദ്യ സമ്പ്രദായങ്ങളിൽ ഉപരിവിദ്യാഭ്യാസം സിദ്ധിച്ചു അനേകായിരം രോഗികളെ ചികിത്സിച്ച് അത്ഭുതാവഹമായ ഫലസിദ്ധികൊണ്ടു് പ്രശസ്തനായ വൈദ്യകലാനിധി **എം. കെ. കെ. പണിക്കർ** D. I. M. & S. അവർകൾ എല്ലാ ദിവസവും പകൽ 8 മണിമുതൽ ഉച്ചതിരിഞ്ഞു് 6 മണിവരെ വരുന്ന രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതിന്നായി തൃശ്ശിവപേരൂർ പടിഞ്ഞാറെ നടക്കാവിൽ കന്നുകാലിച്ചന്തക്കു സമീപം സ്ഥാപിച്ചിട്ടുള്ള അശോകാ ഫാർമസിൽ ഉണ്ടായിരിക്കും. രോഗബാധിതക്കു ഇതൊരു അനുഗ്രഹവും ആശ്വാസപ്രദവുമാണ്.

ഉടനെ അന്വേഷിക്കുക:

സിദ്ധമുറപ്രകാരമുള്ള നീററുമരുന്നുകളും ആയുർവേദ മരുന്നുകളും മിതമായവിലക്കു വിററുവരുന്നു.

എന്ന്, മാനേജർ, അശോകാ ഫാർമസി.

# തെരുവുവ്യാപാരി.

—: ജയശങ്കർ പ്രസാദ് :—

നീലവാനിനെ മുട്ടിയുരുമി നില്ക്കുന്ന വെള്ളി പൂശിയ വൻമരങ്ങളുടെ താഴ്വാരത്തിൽ ഒരു പച്ചപിടിച്ച ഗ്രാമമുണ്ട്. സൌരഭ്യവാഹിയായ വസന്തമാരുതൻ അവിടുത്തെ കുന്നുകളെ സാനന്ദം പുല്കിയുണർത്തി. സമൃദ്ധിയുടെ കേളീരംഗമായ ആ ഗ്രാമം മന്ദമന്ദം ഒഴുകിക്കൊണ്ടിരുന്ന ഒരു കൊച്ചരുവിയാൽ വെള്ളിയരിഞ്ഞാൺകൊണ്ടെന്നവിധം അലങ്കരിക്കപ്പെട്ടു. ആ രാമണീയക പ്രദേശത്തിൽ ഒരു സ്നിഗ്ദ്ധസംഗീതം നിരന്തരമായി പ്രവഹിച്ചുകൊണ്ടിരുന്നു. അതിൽ പൂമ്പാററകളുടെ കളകളാരവം അലയടിച്ചുകൊണ്ടിരുന്നു. ദാഡിമപുഷ്പങ്ങൾ അസ്തമനസൂര്യന്റെ ചെങ്കിരണങ്ങളേററ് ശോഭായമാനങ്ങളായി. "ശീരി" അതിന്റെ ഛായാതലത്തിലുള്ള ശിലാഖണ്ഡത്തിലിരുന്ന് മുമ്പിൽ വിടർന്നുനില്ക്കുന്ന പനിനീർപുഷ്പങ്ങളെ നിർന്നിമേഷയായി നോക്കിക്കൊണ്ടിരുന്നു. മദോന്മത്തരായ ഭ്രമരങ്ങളുടെ ഗാനം അന്തരിക്ഷത്തിൽ അലയടിച്ചു.

"ശീരി" തന്റെ മൂടുപടത്തെ പെട്ടെന്നു നീക്കി. പ്രകൃതി പ്രസന്നയായി. പനിനീർച്ചെണ്ടുകളുടെ മദ്ധ്യത്തിൽ. "ശീരി"യുടെ മുഖം രാജ്ഞിയെപ്പോലെ ശോഭിച്ചു. രണ്ടു നീലഭ്രമരങ്ങൾ ആ മനോഹരകുസുമത്തിൽനിന്ന് പറക്കാൻ അസമർത്ഥയായി കാണപ്പെട്ടു. അവയുടെ ചിറകുകൾ നിശ്ചലങ്ങളായിരുന്നു. മുള്ളുനിറഞ്ഞ ചെടികളെ വകവെക്കാതെ അവയിലേക്ക് പ്രവേശിക്കയും പറന്നകലുകയും ചെയ്യുന്ന പൂമ്പാററകളെ ഏകാഗ്രചിത്തയായി അവൾ നോക്കിക്കൊണ്ടിരുന്നു.

സഖിയായ സുലേഖയുടെ ആഗമനം ശീരിയുടെ ഏകാന്തഭാവനകളെ ഭംഗംവരുത്തി. തന്റെ മൂടുപടത്തെ നീക്കിക്കൊണ്ടു സുലേഖ ചോദിച്ചു.

"ശീരി, നിന്റെ കയ്യിൽ കാണാറുള്ള ആ ചാതകത്തെ ഈയ്യിടെ കാണാറില്ലല്ലോ?"

ശീരി ദീർഘമായൊന്നു നിശ്വസിച്ചുകൊണ്ടു പറഞ്ഞു.

"തണുപ്പുകാലത്തു കൂട്ടത്തോടൊപ്പം അതു് മൈതാനത്തിലേക്കു പറന്നുപോയി. വസന്തം വന്നു, പക്ഷെ അതു തിരിച്ചുവന്നില്ല."

"ഹിന്ദുസ്ഥാനത്തിൽ വളരെ ദൂരെവരെ അവ പോകുന്നെന്നു് പറയുന്നതു് സത്യമാണോ?"

"അതെ പ്രിയേ, സ്വതന്ത്രമായി വിഹരിക്കാനാണു് അതു ഇഷ്ടപ്പെടുന്നതു്. അവ ജാത്യാ സ്വാതന്ത്ര്യപ്രിയരാണ്."

"നിന്റെ അളകച്ചുരുളുകളാൽ നീ എന്തുകൊണ്ടതിനെ ബന്ധിച്ചില്ല."

"ആ പക്ഷിയെ ബന്ധിക്കാൻ എന്റെ അളകച്ചുരുളുകൾ അസമർത്ഥങ്ങളായി."

"നീ വ്യസനിക്കേണ്ട. അതു തീർച്ചയായും തിരിച്ചുവരും. ഞാൻ വീട്ടിൽപോകട്ടെ."

* * * * *

ആകാശത്തിൽ സന്ധ്യ തന്റെ കരിപുരണ്ട വസ്ത്രങ്ങൾ വിടുർത്തി. നിരനിരയായി പക്ഷികൾ കൂടുകളിലേക്കു പറന്നു. അവയുടെ ചിറകടികൾ ആകാശത്തിൽ കൊച്ചലകൾ ഉണ്ടാക്കി. സൌരഭ്യം കൊള്ളയടിക്കപ്പെട്ട പനിനീർപൂ തന്റെ മുഖത്തെ പച്ചപ്പുതപ്പുകളാൽ ആവരണം ചെയ്തു. ആശ നിറഞ്ഞ ശീരിയുടെ നയനങ്ങളിൽ അന്ധകാരം അലിഞ്ഞുചേന്നു. അവ ഇമകളെ ശരണംപ്രാപിച്ചു. ശീരി ഉണന്നിരുന്നുകൊണ്ടുതന്നെ സ്വപ്നലോകത്തിലേക്ക് നീങ്ങി അകലപ്പെട്ടു.

സമൃദ്ധിയുടെ കേളീരംഗമായ ഇന്ത്യയുടെ തെരുവിൽക്കൂടി ഒരു യുവാവു് ഭീമമായ ഒരു കെട്ടും വഹിച്ചുകൊണ്ടു പൊയ്ക്കൊണ്ടിരുന്നു. അദ്ധ്വാനത്താലും

അനാഹാരത്താലും അയാളുടെ മുഖം വിവർണ്ണമായിട്ടുണ്ട്. വിവശനായ അവൻ ഒരു മാളികയുടെ മുമ്പിൽ ഇരുന്നു. എന്തെങ്കിലും വിററ് അന്നത്തെ അഷ്ടിക്കുള്ള വകയുണ്ടാക്കുവാനുള്ള ഉൽക്കണ്ഠ അയാളുടെ സംഭാഷണത്തിൽ സ്ഫുരിച്ചുകൊണ്ടിരുന്നു. ആ വീട്ടുടമസ്ഥൻ അശ്രദ്ധനായിക്കൊണ്ടു പറഞ്ഞു— "കടം തരാൻ കഴിയുമെങ്കിൽ തരു. അല്ലെങ്കിൽ കെട്ടെടുത്ത് പൊയ്ക്കോ. മനസ്സിലായോ"

"കടം തരുന്നതിനുള്ള കഴിവ് എനിക്കില്ല." നിരാശനായ ആ യുവാവ് പറഞ്ഞു

"എന്നാൽ എനിക്കുവേണ്ട. ശീരി തൻെറ സ്വപ്നവിഹാരത്തിൽനിന്നു തട്ടിയുണർന്നു. "കാഫില"കളുടെയുടെ തൻെറ സമ്പത്തുക്കളേററിക്കൊണ്ട് അങ്ങകലെയുള്ള ഗ്രാമങ്ങളിലേക്ക്, ഖൈബർ ചുരങ്ങളെ അതിലംഘിച്ച് അവളുടെ ഭാവന പാറന്നകന്നു.

ആ യുവാവിൻെറ ഭാരമിറക്കുവാൻവേണ്ടി ആ സാധനങ്ങളത്രയും വാങ്ങിക്കുന്നതിനുള്ള ധനം ഇന്ത്യയിലെ വീട്ടുവീടാന്തരം ഏല്പിക്കുവാൻ അവൾ ആഗ്രഹിച്ചു. പക്ഷെ, ആ നിസ്സഹായ എന്തു ചെയ്യും! അവളുടെ അച്ഛൻ ക്രൂരനായ ഒരു പഠാൻ സർദാർ ആയിരുന്നു. മുഖകമലത്തെ കരതലത്തിൽ അമർത്തി അവൾ ചിന്തയുടേതായ ലോകത്തിലേക്ക് പ്രവേശിച്ചു.

സുന്ദരങ്ങളായ ആ ഭാവനകളിൽനിന്നും തോഴി അവളെ ഉണർത്തിക്കൊണ്ടു പറഞ്ഞു— "വേഗം വിളിച്ചുകൊണ്ടിരിക്കുന്നു! മേഹന്തി ആയി!"

അമൃതകിരണൻ തൻെറ മുഖാരവിന്ദത്തെ പല പ്രാവശ്യവും വെളിയിൽകാട്ടി. ശീരിയുടെ വിവാഹം ഒരു പണച്ചാക്കിനോടുകൂടെ നടത്തപ്പെട്ടു. കൊച്ചരുവികളുടെ തീരത്തുള്ള പൂന്തോട്ടങ്ങളിലെ ചെടികളുടെ ചെഞ്ചൊടികളിൽ പുഞ്ചിരി ഉതിർന്നു. വസന്തമാരുതൻെറ മട്ടുമാറാവ് ബഹുശതം പുഷ്പങ്ങൾ കണ്ണീർ തൂകി. അവയുടെ നിർദ്ദയതയിൽ പൂമ്പാററകൾ വ്യസനിച്ചു. അവളുടെ ഭർത്താവിൻെറ മുഖം പ്രസന്നമായിരുന്നു. എന്തെല്ലാമായിട്ടും ആ പ്രഭാതം സൌന്ദര്യദേവതയുടെ നൃത്തരംഗമായി പരിലസിച്ചു.

ഒരു ദുർബ്ബലനായ യുവാവ് വലിയ ഭാണ്ഡവുമായി അവരുടെ മുമ്പിൽ വന്നിരുന്നു. ശീരി അവനെ നോക്കി. പക്ഷെ, അവൻ ആരേയും നോക്കിയില്ല. അവൻ തൻെറ ഭാണ്ഡത്തിലുള്ള സാധനങ്ങൾ അവരുടെ മുമ്പിൽ നിരത്തിവെച്ചു.

സർദാർ തൻെറ പ്രേമപ്രേയസിക്ക് കൊടുക്കുന്നതിനു പററിയ സാധനങ്ങൾ തിരഞ്ഞെടുത്തു.

ശീരി നിശ്ശബ്ദയായിരുന്നു. അവളുടെ ഹൃദയകാനനത്തിൽ ശോകം മുററിത്തഴച്ചു. സർദാർ സാധനങ്ങളുടെ വില ചോദിച്ചു

"ഇതു ഞാൻ വില്ക്കുവാൻ വിൽക്കുകയില്ല. ഈ കാശ്മീരിസാധനങ്ങൾ ഉപഹാരമായി നൽകുവാൻ ഞാൻ കൊണ്ടുവന്നതാണ് ഇതിൽ പണം മാത്രമല്ല, എൻെറ ഹൃദയംകൂടി അടങ്ങിയിട്ടുണ്ട്." നിരുത്സാഹനായി ആ യുവാവ് പ്രതിവചിച്ചു.

"എന്നാൽ എനിക്കുവേണ്ട. കൊണ്ടുപോകു." തൻെറ ഗൌരവത്തിന്ന് കോട്ടം തട്ടാത്തവിധത്തിൽ സർദാർ വ്യക്തമാക്കി.

"കൊണ്ടുപോകാം. ഞാൻ വല്ലാതെ വിവശനായിരിക്കുന്നു. അല്പം വിശ്രമിക്കട്ടെ. ഒന്ന് കയ്യും മുഖവും കഴുകിവരാം" തൻെറ നിറഞ്ഞ കണ്ണുകളെ മററാരുടേയും ദൃഷ്ടിയിൽ പെടുത്താതെ അവൻ അവിടെനിന്നും പോയി.

അരുവിയിലേക്കായിരിക്കും അവൻ പോയതെന്ന് ആ പഠാൻ സർദാർ വിചാരിച്ചു. സമയം വളരെ വൈകി. പക്ഷെ, അവൻ തിരികെ വന്നില്ല. ശീരിയുടെ ഹൃദയത്തിൽ അസഹനീയമായ മുറിവേററു. അവൾ കണ്ണിമയ്ക്കാതെ പനിനീർച്ചെണ്ടുകളിലേക്ക് നോക്കി. ആ നിറഞ്ഞ നയനങ്ങളിൽ നിരുത്സാഹത നിഴലിച്ചു. സർദാർ അവളുടെ മഞ്ജുളകളേബരത്തിൽ തഴുകിക്കൊണ്ടു ചോദിച്ചു—

"എന്തു നോക്കിക്കൊണ്ടിരിക്കുന്നു?"

"എൻെറ ഒരു വർണ്ണചാതകം ഹിന്ദുസ്ഥാനത്തിലേക്ക് പറന്നുപോയിരുന്നു. ഇന്നു പ്രഭാതത്തിൽ അതു വീണ്ടും കാണപ്പെട്ടു. പക്ഷെ, പിടിക്കാൻ അരികിലേക്കടുത്തപ്പോൾ അതു പറന്നകന്നു." അവളുടെ തൊണ്ടയിടറി. വളരെ നിയന്ത്രിച്ചുകൊണ്ടവൾ ഇത്രയും പറഞ്ഞുനിർത്തി. ആ ക്രൂദ്ധനായ സർദാറിൻെറ മുഖത്തുകൂടി പുഞ്ചിരിവെണ്മ വീശി. അയാൾ ആശ്ചര്യത്തോടെ ചോദിച്ചു— "പുഷ്പം പൂമ്പാററയെ അന്വേഷിക്കുന്നുവോ?"

"ബിസാത്തി"[1] തൻെറ സാധനങ്ങൾ ഉപേക്ഷിച്ചുപോയി[2]. ഒരിക്കലും തിരിച്ചുവരാത്തവണ്ണം. ശീരി ഭാരമൊഴിച്ചു. പക്ഷെ, വില കൊടുത്തില്ല.

---

1. വിവാഹനിശ്ചയമെത്തി.
2. പൈതമണിവ്യാപാരി (തെരുവുവ്യാപാരി)

# വിധിവൈഭവം.

സി. കെ. കുഞ്ഞിരാമുണ്ണി പണിക്കർ, ചൂണ്ടൽ.

അബ്ജാന്വയത്തിലതിവിശ്രുതിയാർന്ന, "കന്യാ-
കുബ്ജാ"ഖ്യയാംപുരിയിലാ"ജ്ജയപാല" മന്നൻ,
അബ്ജാക്ഷസേവയൊടുപ,ണ്ടളകാപുരത്തി-
ലബ്ജാഭനാകിയ കുബേരസമം വിളങ്ങി. 1

അത്യുന്നതസ്ഥിതിയെഴും നൃപസൗധജാലം
പ്രത്യുത്ഭവിച്ചുളകകാന്തി വഹിച്ചിരുന്നു,
കൃത്യുഗ്രസൂത്തപരിധൂത സുധാഭുവൊത്ത
മൃത്യുഞ്ജയന്റെ പനിമാമലയെന്നപോലെ. 2

മുററം പരപ്പൊടുമുയർച്ചപെടുംവിധത്തിൽ
ചുററം പടുത്തൊരസിതോപലചാരുവപ്രം,
കൊററം കഴിച്ചുദധിവിട്ടു നഭസ്ഥലത്തിൽ
പ്പററം വലാഹകസമാനമിയന്നിരുന്നു. 3

ധീരത്വമേറിയ ഭടാഗ്ര്യരസംഖ്യ മന്നാ-
ദ്വാരപ്രദേശ പരിപാലനമേന്തിവാണു,
ശൂരത്വമാർന്ന ശിവകിങ്കരരും വണങ്ങീ-
വീരപ്രകർഷപരിഷൽക്കു കരംകൊടുത്തു. 4

തേ,രാന, വാജി, വൃഷഭാദിസുവാഹനങ്ങ-
ളാരാജവീഥിയിലഹർന്നിശമേകരീത്യാ
പൗരാളിയോടിട കലർന്നുലസിച്ചു കേത-
വാരാശിയിൽ പ്രഥിതനൗകകളെന്നപോലെ. 5

മെച്ചപ്പെടുന്ന ചതുരംഗചമൂസമൂഹം
വാച്ചുത്രനിർഗ്ഗമനമന്നു തുടർന്നമൂലം
ഭൂച്ചക്രലീനതരപാംസു പറന്നു വാന-
മുച്ചസ്സുപോലുമുരുസന്ധ്യയൊടൊപ്പമാർന്നു. 6

വമ്പിച്ചിടും വിവിധയന്ത്രഗണത്തിൽനിന്നും
പിമ്പിൽത്തുടർന്നു പല ഹോമപഥത്തിൽനിന്നും,
വെമ്പിഗ്ഗമിച്ച കടുധൂമഘനാളിയോർത്തി-
ട്ടിമ്പം കലർന്നു ശിഖിഷഡ്ജസ്വരത്തോടാടി 7

മുസ്താദിസത്തൃണവർഗ്ഗമകററി, വേണ്ടും
വിസ്താരമായ് മണൽവിരിച്ചു മിനുപ്പുചേർത്തു്
ശസ്താഭയാർന്നു വിലസിച്ചൊരു പാതജാല-
മസ്താമയം മൃദുലശയ്യകൾ തൻസമൂഹം. 8

വെപ്പിച്ചു ശീതനിഴലുള്ള തരുക്കളേററ-
മൊപ്പിച്ചു പാതയുടെ രണ്ടുവശത്തുമായി
തീർപ്പിച്ചു സത്രതതി, പാന്ഥഗണത്തെയാഷം
പാർപ്പിച്ചു മന്നവ, നശോകമഹീശനെപ്പോൽ. 9

ഇഷ്ടാന്വിതം പ്രജകളെപ്പരിരക്ഷചെയ്തു
മൃഷ്ടാന്നവസ്ത്രമിവയേകി ഭരിച്ചതോർത്താൽ
ശിഷ്ടാഗ്ര്യഭൂപതി മഹാബലിതന്നെ,യെന്നാൽ
പുഷ്ടാഭിജാത്യധൃതഗർവ്വിതനായതില്ല. 10

വിദ്യാവിദഗ്ദ്ധത, വിശിഷ്ട ചതുഷ്ടയത്താ-
ലാദ്യാവസാനമുരുധൈര്യമുദാരശീലം,
സദ്യാചിപൂണ്ടു,മുദമാപ്രജകൾക്കും ചേർക്കും
ഹൃദ്യാത്മഗോപതി ശരിക്കു ശിബിക്കുതുല്യം. 11

ഉത്തുംഗബുദ്ധി, കുശലത്വ, മൂഢശൗര്യം
തത്തുംപ്രതാപമിവയൊത്ത "സുമിത്ര" മന്ത്രി
സത്തുക്കളാൽ പരിവൃതത്വമിയന്ന ഭൂപ-
നൊത്തുണ്ടു്, പങ്ക്തിരഥനൊത്തസുമന്ത്രരെപ്പോൽ 12

വീരാഗ്ര്യനാവിക,നഖണ്ഡിത യാനപാത്രം
വാരാശിതന്നുപരിനേർവഴിയായ് വിടുംപോൽ,
ആ രാജകേസരി, നയാബ്ധിവഴിക്കുവിട്ടാൻ
പൗരാളിതൻ ഭരണഭാരമമൂല്യയന്ത്രം. 13

ആ മണ്ഡലേശ്വരവരൻ, രമണീകുലത്തിൽ
ശ്രീമത്വമാർന്ന "കമലാ"ഭിധദേവിയാളെ
പ്രേമപ്രഹർഷ മഹിഷീപദമേററിവാണാൻ,
രാമൻപുരാജനക നന്ദനിയെക്കണക്കെ. 14

ആ മഞ്ജുളാംഗിമണിയാ"ജ്ജയപാല"നൊത്തു
കാമപ്രപന്നമനിശം വിഹരിക്കമൂലം,
ധാമത്വമുള്ളിലിയലുന്ന ശമീദ്രുമംപോ-
ലോമൽപ്രസന്നതര ഗർഭമുടൻധരിച്ചു. 15

എത്രയ്ക്കു ഗർഭപരിപുഷ്ടി, നൃപാലമോദ-
പാത്രത്തിനന്നുദരപൂരണമാശുചെയ്തു!
അത്രയ്ക്കുഭക്ഷണമവൾക്കു ചുരുങ്ങി,യോർത്താൽ
ചിത്രത്വമെ,ന്തൊരുവനെങ്ങിരുഭാരമേന്തും. 16

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്നു്)

അബ്ജാന്വയം = ചന്ദ്രവംശം. അബ്ജാഭൻ = ശംഖ്പോലെ ശോഭയുള്ളവൻ. വപ്രം = മതിൽ.

# വയറിൻെറ വിളി.

വിദ്വാൻ സി. ആർ. പി പണിക്കർ.

തിരക്കും തിക്കുംചേന്നു തിമിക്കും റോട്ടിൻവ-
ക്കത്തിരിക്കും പാവത്തിൻെറ ദീനരോദനം
കേട്ടോ?

*  *  *  *  *

കിഴിഞ്ഞുകീറിപ്പോയ പാഴ്ത്തുണിക്കള്ളിൽനിന്നു-
മഴിഞ്ഞുനാറിച്ചീഞ്ഞ കായമുണ്ടതാ കാണ്മു!
വിണ്ടുപൊട്ടിയമൂക്കിൻ ചാരത്തും ചുണ്ടിന്മേലു-
മുണ്ടുതാ മേലോട്ടേക്കുനുഴയും പുഴക്കൂട്ടം.
കാലുകളനക്കിയും കൈകൾ മേലോട്ടേക്കാഞ്ഞും
കാലനെപ്പഴിക്കയാണാ മാംസപിണ്ഡം നൂനം.

*  *  *  *  *

പട്ടണത്തിങ്കൽക്കൂടിയൊലിക്കും
സൌന്ദര്യത്തിൻ
പട്ടൊളിപ്പകിട്ടുകൾ മങ്ങിമായുമ്പോഴെല്ലാം.
വിങ്ങുമക്കരളിൻെറ ദീനരോദനമെങ്ങും
തിങ്ങിക്കൊണ്ടുയന്നന്തരീക്ഷത്തിൽ
ലയിക്കയായ്.
തിരിഞ്ഞുനോക്കിച്ചെററു നെടുവീപ്പിടാൻകൂടി-
വിരഞ്ഞില്ലിതേവരേയ്യാരുടെ ദയാവായ്പ്പം!
പാപപങ്കിലമാമിജ്ജീവിതം തുലഞ്ഞാലി-
പ്പാരിനെന്തുണ്ടാം നേട്ടമെന്നൊരു
ചോദ്യംപോലെ
വളഞ്ഞുകിടപ്പായിതനങ്ങാതഹോരാത്രം
തുളഞ്ഞു നീറിക്കേറും യാതനയേററപ്പാവം.

*  *  *  *  *

സംഭവബാഹുല്യത്താലങ്ങോട്ടു മിങ്ങോട്ടുഹാ!
സഞ്ചരിപ്പതാം മാന്യരെമ്പാടുമുണ്ടെന്നാലും
ചില്ലിക്കാശിതേവരെ വീണിട്ടില്ലയാളുടെ-
പല്ലവി രസിപ്പിക്കാനുതകീലല്ലൊ കഷ്ടം.

*  *  *  *  *

ആയിരം വികാരങ്ങളായിടക്കെന്നിൽനിന്നു
വായുവിൽലയിക്കവാനൊരുങ്ങിക്കഴിയവേ
എന്നെഞാനറിയാതെ നിന്നുപോയൊരേടത്തു
മിന്നിവീണിടും വേപ്പിൻതുള്ളികൾ തുടക്കാതെ.

*  *  *  *  *

മത്ത്യനെ വെണ്ണീറാക്കും ശാസ്ത്രത്തിൻ ഭയങ്കര-
നത്തനം സുഖത്തിൻെറ മണിമഞ്ചങ്ങൾ
തീക്കെ
വാനിൻെറ മേൽത്തട്ടിങ്കൽസച്ഛന്ദം
വിഹരിച്ചു
വാനവക്സ്വാസ്ഥ്യങ്ങൾ വരുത്താൻ
ശ്രമിക്കവെ
മത്ത്യനെ മത്ത്യൻതന്നെ മറന്നുകളയുന്ന-
പുത്തനാംപരിഷ്കാരമുയന്നു വന്നീടുമ്പോൾ
അലയായുയരുമാവയറിൻ വിളിക്കൊരു-
നിലവാരവും കണ്ടുപിടിക്കാൻ ശ്രമിക്കാതെ
മുന്നോട്ടുമുന്നോട്ടേക്കു കുതിക്കുംയന്ത്രത്തിൻെറ
മുന്നിലെപ്പടിയിന്മേൽ ഞെളിഞ്ഞുമരുവീടും
മത്ത്യനേ! പിന്നിട്ടൊന്നു
തിരിഞ്ഞുനോക്കാൻ പോലു-
മിത്തവ്വിൽ നിനക്കിടകിട്ടിയില്ലല്ലോ കഷ്ടം!!

---

തങ്കപ്രകാശമിയലുന്നു, കണ്ണുളത്താൽ
തങ്കത്തിനേററനിലപോൽ നിറമാകകൊണ്ടൊ?
കൊങ്കക്കുടം ബത! തുടിച്ചു മുഖം കറുത്താ-
മങ്കയ്ക്കു ഉദ്വഹപരിക്കുമമേററി മേന്മേൽ! 17

ആ രാജകേളിയരുളും കുചകന്ദുകങ്ങ-
ളാരാമതൻ ശിശുവുമൊട്ടുകളിക്കുമെന്നായ്
നേരായ് നിന,ച്ചതിലസൂയമുഴക്കയൊലോ
നൈരാശ്യമോടഥ കറുത്തമുഖം കുനിച്ചു. 18

(എഴുതിവരുന്ന ലഘുകാവ്യത്തിൽനിന്നു്)

# ശാസ്ത്രം വളരണമെങ്കിൽ.

പി. ബാലകൃഷ്ണൻ നായർ.

നാം തിരക്കിട്ടൊരന്തരീക്ഷത്തിലാണ് ജീവിക്കുന്നത്. കാലം പ്രകാശത്തേക്കാൾ ഗതിവേഗത്തോടെ കുതിച്ചുപായുന്നു; മണിക്കൂറുകൾക്കുള്ളിൽ സംഭവങ്ങൾ പഴകുന്നു; നിമിഷംതോറും മൂല്യങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു. നമുക്ക് എന്തൊക്കെയൊ സൃഷ്ടിക്കാനുണ്ട്; എന്തൊക്കെയോ സംഹരിക്കാനും. നാം അതിനു വെമ്പുകയാണ്. ആ ബദ്ധപ്പാടിൽ സൃഷ്ടിക്കപ്പെടേണ്ടതെന്ത് സംഹരിക്കപ്പെടേണ്ടതെന്ത് എന്ന വസ്തുതതന്നെ നാം മറന്നുകളയുന്നു.

അന്ധമായ ഈ കർമ്മണ്യത നാം ജീവിക്കുന്ന കാലഘട്ടത്തിൻെറ അടിസ്ഥാനസ്വഭാവമാണ്. പ്രവർത്തിക്കുക, വീണ്ടും പ്രവർത്തിക്കുക—അതാണ് നമ്മുടെ മുദ്രാവാക്യം. എന്തിനു പ്രവർത്തിക്കുന്നു? അതാലോചിച്ചുകൂടാ. നമ്മോടൊപ്പം ആരെല്ലാം പ്രവർത്തിക്കുന്നു? തലയുയർത്തി ചുററും നോക്കിക്കൂടാ. അത്രയും താമസിച്ചാൽ സഹപ്രവർത്തകർ നമ്മെ പിന്തള്ളുമെന്ന് നാം ഭയപ്പെടുന്നു. എല്ലാവരും എന്തിനുവേണ്ടി പ്രവർത്തിക്കുന്നുവോ അതിനുവേണ്ടിത്തന്നെ നാമും പ്രവർത്തിക്കുന്നു. മററുള്ളവർ എത്തുന്നേടത്ത് അവരോടൊപ്പം നമ്മളും എത്തിച്ചേരണം. അതാണ് കാര്യം!

അപ്പോൾ, പ്രവർത്തിക്കുന്നത് ഇത്ര ചീത്തയാണോ? അല്ല, ഒരിക്കലുമല്ല. പക്ഷേ, ഒന്നോർക്കണം: പ്രവർത്തിക്കാൻ ശേഷിയുള്ള കൈകാലുകൾ വേണം. അതേ വേണ്ടു. കൈകാലുകൾ കൂടുതൽ പ്രവർത്തിക്കുമ്പോൾ മറെറാന്ന് അതിൻെറ മാളത്തിൽ കടന്നുകിടന്ന് കൂർക്കംവലിക്കുകയാവും—ബുദ്ധി. ശരീരം കൂടുതൽ പ്രവർത്തനസന്നദ്ധമാകുമ്പോൾ ബുദ്ധി പാടേ അലസമാകുന്നു. ഭൗതികപരിസരം പച്ചപിടിക്കുമ്പോൾ ചിന്താമണ്ഡലം മരുഭൂമിയാകുന്നു. ശരീരംപോലെത്തന്നെ ബുദ്ധിയുമാണ് മനുഷ്യൻ. ഒരുവേള ശരീരത്തേക്കാളേറെ ബുദ്ധിയാണ്. ബുദ്ധി നിഷ്ക്രിയമാകുന്നേടത്ത് മനുഷ്യൻ പരാജയപ്പെടുന്നു. അവിടെയാണ് കുഴപ്പം.

ആവേശകരമായ കർമ്മപ്രവണതപോലെതന്നെ നമ്മുടെ കാലഘട്ടത്തെ സവിശേഷമായി ബാധിച്ച മറെറാരു സംഗതി ചിന്താപരമായ ഈ നിഷ്ക്രിയത്വമാണ്. ഒരു പുതുരാഷ്ട്രം കെട്ടിപ്പടുക്കുന്ന തിരക്കിൽ ഇന്ത്യയിൽമാത്രം വന്നുപെട്ട ഒരു കാര്യമല്ല ഇത്. ഈ ചിന്താദാരിദ്ര്യം ലോകത്തിലെ 200 കോടിയിലധികം വരുന്ന ജനത മുഴുവൻ അനുഭവിക്കുന്നു. 'കോബാൾട്ട' ബോംബ് കണ്ടുപിടിക്കാൻ ചിലവഴിച്ച ബുദ്ധിശക്തിയെ വിസ്മരിച്ചുകൊണ്ടല്ല ഇതു പറയുന്നത്. പക്ഷേ, നാലു 'കോബാൾട്ട്' ബോംബ് പൊട്ടിക്കഴിഞ്ഞാൽ അതിനുപയോഗിച്ച ചിന്താശക്തി കീറത്തുണിയായി മാറിക്കഴിയും. പിന്നെ, ചരിത്രത്തിൻെറ ഇരുട്ടറയുടെ ഒരു കോണിൽ ഒരു പേടിസ്വപ്നമായോ, ഒരവജ്ഞാശകലമായോ അതവശേഷിക്കും. കഴിഞ്ഞു ആ ചിന്തയുടെ സ്വാധീനശക്തി.

ഇത്തരമൊരു ചിന്താശക്തിയെക്കുറിച്ചല്ല ഞാൻ സംസാരിക്കുന്നത്; ആവിർഭാവകാലത്ത് ലോകത്തെ പേടിപ്പിക്കാത്ത, നൂററാണ്ടുകൾ കഴിഞ്ഞാലും ചരിത്രത്തിൻെറ മാറാലകെട്ടിയ ഈടുവയ്പിൽനിന്നു തിരഞ്ഞെടുത്തുകൊണ്ടുവരാനിടവരാത്ത, വരുന്ന വരുന്ന തലമുറകൾ ആദരപൂർവ്വം കൈനീട്ടിവാങ്ങുന്ന ഒരു ചിന്താശക്തിയെക്കുറിച്ചാണ്. അക്കാര്യത്തിൽ, ആരുതന്നെ എതിർത്താലും, നമ്മുടെ യുഗം ദരിദ്രമാണെന്നു ഉറപ്പിച്ചുപറയാം.

ബദ്ധപ്പാടിൻെറ നടുക്കുനിന്നുകൊണ്ട് അത്തരമൊരു ചിന്താഗതി വളർത്തിയെടുക്കുക സാദ്ധ്യമല്ല. ഹ്രസ്വമായൊരു ജീവിതപരിധിക്കുള്ളിൽവെച്ച് അനവധി മഹൽകൃത്യങ്ങൾ ചെയ്തുതീർക്കുവാനാണ് നമ്മുടെ ശ്രമം. ശാശ്വതമായൊരു ചിന്ത കരുപ്പിടിച്ച് വാർത്ത് പണിക്കുററം തീർത്തെടുക്കുവാൻ ഒരു ജീവിതമല്ല, അനവധി തലമുറകളുടെ ജീവിതംതന്നെ ഹോമിക്കേണ്ടിവരും. അപ്പോൾ, നമ്മുടെ യുഗത്തിലെ ചിന്താദാരിദ്ര്യത്തിൻെറ ഹേതു ഏറെദ്ദൂരെ പരതേണ്ടതില്ല.

നമുക്ക് പിന്നോട്ടൊന്നു തിരിഞ്ഞുനോക്കുക. ഇന്ത്യയുടെ പഴയ നൂററാണ്ടുകൾക്ക് പലതും സംസാരിക്കാനുണ്ട്. ചെററക്കുടിലുകളിലെ ഏകാന്തമായ ധ്യാനവും മനനവും എത്ര മഹത്തായൊരു ചിന്താസാമ്രാജ്യമാണ് നമ്മുടെ മുന്നിൽ വെട്ടിപ്പിടിച്ചിട്ടുള്ളത്! ജീവിതത്തിൻെറ ഏററവുമടിയിൽക്കിടക്കുന്ന സത്യമേതു് എന്ന ചിന്ത ഇന്നും നമ്മെ നടുക്കുന്നു! പക്ഷേ, ഒരു തൊട്ടാവാടിയേക്കാൾ നിസ്സാരമാണ് അതെന്ന ഭാവത്തിൽ നാമതിനെ ചവച്ചുകടന്നുപോവുകയാണ്. ഭാരതത്തിലെ പുരാതനചിന്തകന്മാർക്ക് അതത്ര നിസ്സാരമല്ലായിരുന്നു. എത്ര ശതാബ്ദങ്ങളാണ് ഈ ചിന്തയിൽ സ്വന്തം തലച്ചോറിനെ പുടപാകം ചെയ്യാൻ അവർ വിനിയോഗിച്ചത്! അതിൽനിന്നു ലഭിച്ച 'തങ്കഭസ്മം' കാണുമ്പോൾ ഇന്നു നാം അമ്പരക്കുന്നു; അതിനെ സമീപിക്കാൻ ഭയപ്പെടുന്നു. അതു ഏററവും ചുരുങ്ങിയ മാത്രയിൽപോലും കഴിക്കാനുള്ള ദഹനശക്തി ഇന്ന് നമുക്ക് ഇല്ലാതായി വരികയാണ്.

ദൂരദർശിനിയും, പാരദർശിനിയുമില്ലാതെ, ബ്രഹ്മാണ്ഡത്തിലെ കോടാനുകോടി തേജഃപുഞ്ജങ്ങളുടെ ഗതിവിഗതികളെ മാംസചക്ഷുസ്സുകൊണ്ട് അവർ നോക്കിയറിഞ്ഞു; വിടവുകണ്ടേടത്ത് സ്വന്തം ബുദ്ധിശക്തികൊണ്ടു പഴുതടച്ചു. ഉപകരണങ്ങളുടെ സമൃദ്ധി അവിടെനിന്നു വളരെയൊന്നും മുന്നോട്ടുപോകുവാൻ നമ്മെ സഹായിച്ചിട്ടില്ല. അന്തരിക്ഷത്തിൽ ആലംബഹീനമായി അലഞ്ഞുതിരിയുന്ന ജ്യോതിർഗോളങ്ങൾ മനുഷ്യൻെറ ജീവിതത്തെ നിയന്ത്രിക്കുന്നു എന്നു പറയുമ്പോൾ നമുക്കിന്ന് ചിരിവരുന്നു. പക്ഷെ, ബ്രഹ്മാണ്ഡത്തിലെ ഒരു പരമാണു മാത്രമായ മനുഷ്യന്ന് അതിലെ നിത്യതേജസ്സുകളുമായി ഏററവും ഗൂഢമായ സാപേക്ഷത്വമില്ലാതെ ചലിക്കുക സാദ്ധ്യമല്ലെന്ന മഹത്തായ സത്യത്തെ അതു് അനാവരണം ചെയ്യുന്നു. ഒരുകാലത്ത് ഇതു വെറുമൊരു ഭാവനയെന്നു തെളിയിക്കപ്പെട്ടാൽപോലും ഉജ്ജ്വലമായ ആ ഭാവനക്ക്—പ്രപഞ്ചത്തെ ഒന്നടക്കം ബാധിക്കുന്ന ആ അദ്വൈതത്തിന്ന്—എന്തു വിലതന്നെ കൊടുക്കപ്പെടുകയില്ല?

'ലാബറട്ടറി'യിൽവെച്ച് അപഗ്രഥിക്കപ്പെടാതെതന്നെ എത്ര സസ്യങ്ങളുടെ വീര്യവും, അതുളവാക്കുന്ന പ്രത്യാഘാതവുമാണ് അവർ കണ്ടുപിടിച്ചതു! ശവങ്ങൾ കീറിമുറിക്കാതെതന്നെ മനുഷ്യശരീരത്തിലെ സൂക്ഷ്മാംശങ്ങളിൽ എത്ര വിദഗ്ദ്ധമായിട്ടാണ് അവരുടെ കണ്ണെത്തിയതു്! പരീക്ഷണശാലക്കാർ മൂകരാകുന്നേടത്ത് അവർ വാചാലരായിത്തന്നെ നിലകൊള്ളുന്നു!

നമുക്ക് മടങ്ങുക! ഇപ്പറഞ്ഞ ചിന്തകന്മാരെയൊക്കെ ഫാക്ടറികളിലേക്കും, വയലുകളിലേക്കും തെളിച്ചിരുന്നെങ്കിൽ നമുക്കെന്താണ് സിദ്ധിക്കുക? ആ ചിന്തതന്നെ അപഹാസ്യമായിത്തോന്നുന്നു, അല്ലേ? അപ്പോൾ നാമെത്തുന്നതു് ഈ നിഗമനത്തിലാണ്. മഹത്തായ ഫലം മഹത്തായ പ്രയത്നത്തിൽനിന്നേ ലഭിക്കു. ആ പ്രയത്നം ശാരീരികമെന്നതിനേക്കാൾ മാനസികമായിരിക്കണംതാനും. എന്നുപറഞ്ഞാൽ ചിന്തകന്മാരെ 'ഫുൾടൈം' ചിന്തകന്മാരാക്കിവിടാൻ നാം ശീലിക്കണമെന്നർത്ഥം. മുഴുവൻസമയം ചിന്തകന്മാരിൽനിന്നേ മഹത്തായ ചിന്ത പ്രതീക്ഷിച്ചുകൂടൂ.

ശാസ്ത്രം വളരണമെങ്കിൽ ശാസ്ത്രകാരന്മാരെ ശാസ്ത്രകാരന്മാരായിത്തന്നെ നാം കാണണം. ശാസ്ത്രീയമായ നേട്ടം ഒരു 'ബൈപ്രൊഡക്ഷ'നല്ല. ഇന്നത്തെ നമ്മുടെ ധാരണ ഏതാണ്ടങ്ങിനെയാണെന്നാണ്. ശാസ്ത്രകാരനുള്ള അരി രാഷ്ട്രം ഉണ്ടാക്കിയേ കഴിയു. ഇന്ത്യയുടെ പഴയ ചരിത്രം ആവശ്യപ്പെടുന്നതതാണ്. ആ അരി ഒരിക്കലും ഒരധികപ്പറ്റല്ല. ആ ഓരോ മണി അരിയും, ഓരോ പുത്തൻതലമുറയേയും, പുത്തൻ ലോകത്തേയും ഉൾക്കൊള്ളുന്നു. വിത്തുകാളയെ വളർത്താൻ സ്വാതന്ത്ര്യം അനുവദിക്കാമെങ്കിൽ ശാസ്ത്രകാരനെ വളർത്താൻ എന്തുകൊണ്ട് സ്വാതന്ത്ര്യമനുവദിച്ചുകൂടാ?

———


SPORTS EMPORIUM



Round West: TRICHUR.

# കേരളത്തിൻെറ ഒരു വീരസന്താനം

ആർ. കണ്ടരത്ത്

ബാല്യം:

തച്ചോളി കുഞ്ഞൂതയോൻെറ മരുമകനാണ് തച്ചോളി കുഞ്ഞിച്ചന്തു. ബാല്യത്തിനു ചിറകുവെച്ച കാലംമുതൽ ചന്തു ഒരൊന്നാംതരം പ്രണയിയായിത്തീന്നു. താഴത്തുമഠത്തിലെ പേരെഴുന്ന കൊങ്കിയമ്മയുടെ മകളായ മാതുക്കുട്ടിയായിരുന്നു ചന്തുവിൻെറ പ്രേമാമൃതം പകന്നുവെച്ചിരുന്ന ആ ഭാഗ്യഭാജനം. അന്നേ തുടങ്ങി ചന്തുവിൻെറ അമ്മ ആ ബന്ധത്തെ തടയുവാൻ പണിപ്പെട്ടതു "...........താഴത്തു മഠത്തിലെ ചിററം വേണ്ട, അവിടുത്തെ പെണ്ണുങ്ങൾ ആണുങ്ങളെ കൊല്ലിക്കാറാണ് പതിവു" എന്നുവരെ കരത്തുമുറിച്ചു പറയുവാൻ ആ അമ്മ നിബ്ബന്ധിതയായിട്ടുണ്ട്. പക്ഷെ, പ്രേമത്തിൻെറ കയത്തിൽ അവരിറക്കിയ ആ സാഹോദര്യത്തിൻെറ കളിത്തോണി ഏതു കോളിളക്കത്തിലും മറിയാൻ പോകുന്നില്ലെന്നു അവനറിയാമായിരുന്നു. അഥവാ വേണ്ടിവന്നാൽ ഏതഗാധതയുടെ അടിത്തട്ടിൽനിന്നും അതു വീണ്ടെടുക്കുവാൻ ആ ധീരഹസ്തങ്ങൾക്കു കഴിയുമെന്നു അവനുറപ്പുണ്ടായിരുന്നു.

എന്തിനു പറയുന്നു അധികം താമസിയാതെ തന്നെ ആ കാമുകൻെറ ചാപല്യ നിർഝരിയിലൂടെ തച്ചോളിവീട്ടിലെ "ഈടെടുപ്പുകൾ" താഴത്തുവീട്ടിൽ വന്നു കുന്നുകൂടി; അവിടെ മഠങ്ങൾ തീർത്തു, കുളങ്ങൾ കുത്തി. അങ്ങനെ പലതും!

മാതു:

താഴത്തു മഠത്തിലെ മാതുക്കുട്ടി അന്നാദ്യമാണ്. സ്വഗൃഹത്തിൻെറ മുററത്തിറങ്ങി വെളിക്കുപോകുന്നതു്. "ഓമല്ലൂർ കാവിൽ കുളിപ്പതിന്നായ് പതിനാറു പിണാത്തിമാരോടുകൂടി കുളിപ്പാനും യാത്രയായ് മാതുക്കുട്ടി" അതെ: തോളനു അങ്ങോട്ടാണു പേ... വൃത്തിയായി ഒന്നു കുളിക്കുവാൻ. ചന്തുവിനിക്ക് ആരെക്കളുവാനാണു? ...... പിണാത്തിമാരുടെ

ട്ടും അവളുടെ അമ്മക്കൊരു സംശയം: തൻെറ മകളുടെ യൗവനത്തിൻെറ താഴികക്കുടത്തിന്മേൽ വീഴാറായ അസ്ഥിരമായ ആ ലോലതളിരിൽ തൂങ്ങിക്കിടക്കുന്ന ...ത്തിൻെറ ഒരു കുഠാരി ആ മാതൃഹൃദയത്തിൻെറ ...ക്കളിത്തിണ്ണയിൽ അവർ വിളങ്ങിക്കണ്ടു. വാ...ത്തിൻെറ നമ്മവാക്കുകളെക്കൊണ്ടു് അവളെ കന്നതു അവർ വിലക്കി. പക്ഷെ അവളതു് നിര... അല്ലെങ്കിൽ ചന്തുവിൻെറ കാമകേളീസദന...ലേക്കു ഏതു കുട്ടിക്കരങ്ങളാണു് എത്തിനോക്കാൻ ...യുക? അതായിരിക്കാം അവളുടെ ഉറപ്പു്.

...തിരുനടക്കലെ കാമകേസരി.

അങ്ങനെ അഴകിനും ആനന്ദം വായ്ക്കുമാറു് ...ം കുളികഴിച്ചു്; ചന്തുവിൻെറ പ്രേമോപഹാരങ്ങ...ളെല്ലാം ധരിച്ചു. മാതു സർവ്വാലങ്കാരഭൂഷിതയായി ...പലത്തിൽ ചെന്നുതൊഴുതു. അധികം താമസിച്ചില്ല—

"പൊന്നിൻ പല്ലക്കുമെടുപ്പിച്ചിട്ടു
മലയോരം ചുററിങ്ങു കണ്ടർ മേനോൻ
എണ്ണം പതിനാറു നായന്മാരോടു"

...കൂടി തിരുനടയിലേക്കു വന്നിറങ്ങുന്നതായിട്ടാണു് ...ൾ കണ്ടതു്. പെട്ടെന്നു് മാതുവിനെ കണ്ട ക...മേനവൻെറ ഹൃദയത്തിൽ അഭിലാഷങ്ങളുടെ ഒരുളക്ക...ും ചൊരിയലും തന്നെ നടന്നു. അവിടെ ധർമ്മവും അധർമ്മവും ഒന്നു പൊരുതി. പക്ഷെ മേനവൻെറ ...ആത്മപരിശോധനയിൽ അധർമ്മം വിജയിച്ചു. ചന്തുവിൻെറ വാളിൻെറ വായ്ത്തല കുറേശ്ശെ ചൊറിയുമെന്നു് മുൻകൂട്ടി അറിഞ്ഞിരുന്ന നായന്മാർ അസാരം പിൻമട്ടിയെങ്കിലും, തൻെറ ജീവിതസായാഹ്നത്തിൽ ...സൗന്ദര്യത്തിൻെറ മണിവിളക്കേന്തി നില്ക്കുന്ന ...അതീരതത്തെ മേനവൻ തന്നെ പിടിച്ചു് പല്ലക്കിലേറി. കഴിയുന്ന ശകാരങ്ങൾ ഒരബലയുടെ ഭാഷയിൽ ...ാതു ചൊരിഞ്ഞുവെങ്കിലും അതിലുമുപരിയായി ... ...പനയിൽകൊണ്ടിരുന്നു ...

ഉളനാടൻ കോട്ടയിലേക്കെട്ട

യിൽ.

ാവസ്ഥയെപ്പററി അരച്ചെറി
ാൻപോകുന്ന ചന്തുവിനേയും
കാവുന്ന മേനവന്റെ സ്ഥിതിയേയും
...യിൽ കണ്ടുകൊണ്ടിരുന്ന മാതുവിന്ന് പറയത്ത
ക അസ്വാസ്ഥ്യം ബാധിച്ചിരുന്നില്ല. അവരം സമാ
ധാനപൂർവ്വം മേനവന്റെ കൊട്ടാരത്തിൽ ിന്നുതന്നെ
ഭക്ഷണം കഴിച്ചു; പകലുറക്കത്തിന്നൊന്നു ശ്രമിഞ്ഞു.
പക്ഷെ ആ ചാരിത്രത്തിന്റെ വളൎന്നുകൊണ്ട ന
ളുമ്പു കടിക്കുവാൻ നാക്കുനീട്ടിക്കൊണ്ടിരിക്ക
"മുട്ടനാട്" "അതിന്നു" തുനിഞ്ഞു. എന്നാൽ
ണാമശിക്ഷിത പട്ടത്വം" "അതിന്നിട ഇനി
ല്ലോ" എന്ന ഒരൊററ മധുരവാക്കുകൊണ്ടു് ഏ
സത്തെ ഇടവാങ്ങി; തൽക്കാലം സുരക്ഷിതയായ

വാർത്ത ചന്തുവിന്റെ ചെവിട്ടിൽ.

കളക്കരയിൽനിന്നു് അണ്ടിപോയ അണ്ണാ
പ്പോലെ മടങ്ങിയെത്തിയ പിണാത്തിമാരിൽനി
വിവരമറിഞ്ഞ കൊങ്കിയമ്മ (മാതുവിന്റെ മാതാ
ഉത്തരക്ഷണത്തിൽ ചന്തുവിനെ വിവരമറിയിക്കാ
ടി. അവരതുമിതും നോക്കാതെ ചന്തു പയററ
പ്പിച്ചുകൊണ്ടിരിക്കുന്ന കളരിയിൽ തന്നെയെത്തി
അമ്മായി അമ്മയെ കണ്ടപ്പോഠം തന്നെ വിയക്കാ
ഉടങ്ങിയ ചന്തു കാര്യം മനസ്സിലായ ഉടനെ ബോ
ഹിതനായി വീണു ഉണൎന്നപ്പോഠം അവൻ തുളുനാ
ൻ കോട്ടക്കു പുറപ്പെടാൻ തീരുമാനിച്ചു. "ഇന്നും
നാളെയും നിങ്ങഠം വരിക വേണ്ട, മറെറന്നാഠം കാല
ത്തു വന്നാൽ മതി" എന്നു ശിഷ്യരോടു യാത്രയും പറ
ഞ്ഞു ചന്തു വീട്ടിലേക്കു പുറപ്പെട്ടു. ചന്തുവിന്റെ വ
രവു കണ്ടപ്പോഠം തന്നെ കുഞ്ഞാൻ ചീരുവിന്നു് എ
ന്തെന്നില്ലാത്ത സംശയമുണ്ടായി. അവളുടെ ദീഘ
ദൃഷ്ടി ഒരിക്കൽ ചന്തുവിനെ ഉപദേശിച്ചിട്ടുള്ളതാണു്
"താഴത്തു മഠത്തിലെ ചിററം വേണ്ട..............കൊ
ട്ടിക്കലാണു് പതിവു്" എന്നു. അവൻ തച്ചോളി വീ
ിൽ കടന്നു തന്റെ ഇളം പെങ്ങളോടു ബ്രാഹ്മണദ
ത്തിന്നാണെന്നും പറഞ്ഞു അഞ്ഞാഴി അരിയും വാ
ങ്ങി പുറപ്പെട്ടു.

കുഞ്ഞിച്ചന്തു ഒരു സന്ന്യാസി

പെങ്ങളുടെ

അരിക്കു പുറമെ ഒരു മൊന്തയും, ഒരു സന്ന്യാസിക്കുവേ
ണ്ട മററു സകലതും, കൂട്ടത്തിൽ ഒരു ചാക്കുമെടുത്തു്
ആ പടയാളി ഒരു കല്ലുവെച്ച സന്ന്യാസിയായി പുറ
ത്തു കടന്നു. അങ്ങിനെ ഒരു യതിവര്യന്റെ പുറപ്പാ
ച്ചിൽ പുറത്തിറങ്ങിയ മകനെ കണ്ടു സംശയിച്ച അ
മ്മ അവൻ തുളുനാട്ടേയ്ക്കാണെന്നറിഞ്ഞപ്പോഠം
താൻ കാച്ചിവെച്ച പാൽ കുടിച്ചുപോയ്ക്കൊള്ളാ
ൻ കെഞ്ചി. പക്ഷെ, തന്റെ കർത്തവ്യത്തിന്റെ കീ
ർത്തിമുദ്ര കൈയിലേന്തിപ്പുറപ്പെട്ട ആ യോദ്ധാവു്
"കഞ്ഞികുടിക്കാൻ വിധിയുണ്ടെങ്കിൽ—തച്ചോളിവീ
ട്ടിൽ ഞാൻ വന്നേക്കുന്നുണ്ടു്." എന്നു മാത്രമാണതിന്നു
സമാധാനം പറഞ്ഞതു്.

ൻ തുളുനാട്ടിൽ.

അങ്ങിനെ ആ സന്ന്യാസി താണൂർ നാട്ടിലെ ക
ന്നിന്മേൽ ചെന്നു തുളുനാടൻ കോട്ടമേൽ്യെക്കാന്നുനോ
ക്കി. അവിടെ നിന്നുകൊണ്ടു കൊടിമരം കണ്ടപ്പോഠം
തന്നെ ചന്തു ന്നു "ഉള്ളകം തുള്ളി വിറച്ചുപോയി"
ഇരുപത്തിനാലു വയസ്സിനുള്ളിൽ നാലോളം കോട്ട
പിടിച്ചവനാണെങ്കിലും!! പക്ഷെ, കഴിവുകേടിന്റെ
സന്ദേഹത്തിൽ കിടന്നാടുന്ന തച്ചോളി വീട്ടിലെ യുവ
ഹൃദയങ്ങഠംക്കു പരമ്പരയായി സഹായം നൽകികൊ
ണ്ടിരുന്ന അവരുടെ കുട്ടിദൈവങ്ങളുടെ സ്മരണ ചന്തു
വിനേയും ധൈര്യപ്പെടുത്താതിരുന്നില്ല.

ചന്തു കോട്ടയിൽ.

എന്തിന്നു പറയുന്നു ആ പടയാളി, അല്ല സന്ന്യാ
സി, കോട്ടയുടെ പടിക്കലെത്തി. പട്ടാളങ്ങളുടെ പാ
റാവു നില്ക്കൽ ആദ്യം അദ്ദേഹത്തെ വിലക്കി. പക്ഷെ
അനന്തരം കണ്ടർമേനവന്റെ കല്പനപ്രകാരം ചന്തു
കോട്ടക്കുള്ളിലേക്കുതന്നെ ആനയിക്കപ്പെട്ടു. കണ്ടർ
മേനവൻ ചന്തുവിന്റെ സന്ന്യാസിത്വത്തെ ചെറുകിട
യിലുള്ള "ക്രോസിംഗ്"കൊണ്ടു സ്ഥിരപ്പെടുത്തി. ച
ന്തു തനിക്കു കോട്ടക്കുള്ളിലുള്ള അവകാശവും!!

അവിടെവെച്ചു കണ്ടർമേനവന്റെപേരും മററും
ചന്തു നേരിട്ടുതന്നെ മനസ്സിലാക്കി. അതിന്നു ശേഷം
ചന്തു തന്റെ കൈയിലുള്ള അരികൊടുത്തു മേനവ
കോട്ടയിൽനിന്നുതന്നെ ഊണുകഴിച്ചു. ഇതിനി
ത്തു നിൽക്കുന്ന ചന്തുവും മാളികമേലിരി
തമ്മിൽ കണ്ണിണകൊണ്ടു സംസാരിച്ചു;

## ചന്തുവിന്റെ ഉറക്കം.

നേരം അസമയമായി സന്യാസിക്ക കിടക്കവാൻ ആദ്യം പടിപ്പുരതന്നെ നിശ്ചയിക്കപ്പെട്ടു. പക്ഷെ, "മാററാനെ പേടിയുള്ള" സന്യാസി അതു നിരസിച്ചു അനന്തരം പുൽത്തൊട്ടിയാണു് നിശ്ചയിക്കപ്പെട്ടതു്. അവിടമാകട്ടെ "ചാണച്ചുരടിക്ക"മെന്ന ഒരൊററ കുതക്കം തട്ടിവിട്ടുകൊണ്ടു സന്യാസി അവിടെനിന്നും ഒഴിവായി. എന്തിനധികം, അവസാനം ആ യതിവര്യന്നു കോവണിച്ചുവടുതന്നെ കല്പിതമായി.

## സംഭവബഹുലമായ രാത്രി.

തന്റെ കാമുകന്റെ പ്രയത്നം ഉത്തരോത്തരം വിജയകരമാകുന്നുണ്ടെന്നു് കണ്ടറിഞ്ഞ മാതു ഉടൻതന്നെ മേനവന്റെ കിടപ്പറയിൽ തനിക്ക ചെയ്യാവുന്നിടത്തോളമെല്ലാം ചെയ്തുവെച്ചു. വൈരികളെ ചുട്ടെരിക്കവാൻ തയ്യാറാക്കിവെച്ച പീരങ്കി അവാം മേനവന്റെ സ്വന്തം പട്ടാളങ്ങളുടെ മാത്തിട്ടിലേക്കുതന്നെ തിരിച്ചുവെച്ചു. ബാക്കി തോക്കുകളിലൊക്കെ വെള്ളവും പകന്നു. അങ്ങനെ പാതിരയുടെ പാരാവാരത്തിൽ ആ അന്തരീക്ഷം മുഴുവൻ ആണ്ടുകഴിഞ്ഞിരിക്കുന്നു. തുടിക്കുന്നതും വെമ്പൽകൊള്ളുന്നതുമായ രണ്ടു ധീരഹൃദയങ്ങളൊഴികെ. ആ തക്കംനോക്കി ചന്തു തന്റെ നാല്പത്തിരുമുഴം കച്ചയും ഞെറിഞ്ഞു കെട്ടി; സന്യാസിയൊരു പടയാളിയായി രൂപാന്തരപ്പെട്ടു.

ചന്തു മലങ്കറത്തിയുടേയും മററു കളരിദൈവങ്ങളുടേയും സഹായത്തോടുകൂടി മേനവന്റെ അറയിലെത്തി. ശാന്തഗംഭീരമായ ആ അന്തരീക്ഷത്തെ ഇക്കിളിപ്പെടുത്തുന്ന കൂക്കംവലിയുമായി ആ വനമൃഗം അവിടെ സുഖനിദ്രകൊള്ളുകയാണു്. ചന്തു ആകെക്കൂടിയൊന്നു പരിശോധിച്ചു ആ യുവകാമുകന്റെ ഹൃദയമൊന്നു കിടിലംകൊണ്ടു; എങ്കിലും പതറിയില്ല അയാം മാതുവിനെ വിളിച്ചൊരന്വേഷണംനടത്തി. അവളുടെ ചാരിത്രവല്ലി ആ കാട്ടുപോത്തു കടിച്ചിരുന്നുവോ എന്നായിരുന്നു അതു്. അവളാകട്ടെ ആ ധീരപുരുഷന്റെ തൃക്കാൽപിടിച്ചു് ആണയിട്ടു. ഇനിയും അതു് അചുംബിതമാണെന്നു്. അവർ രണ്ടുപേരും കൂടി കുറച്ചിട ഒരിടത്തു ചെരിഞ്ഞു. കിടിലംകൊള്ളുന്ന ആ ഹൃദയങ്ങം ആശ്വാസമങ്ങനെ പകന്നു അന്യോന്യം.

നേരം രണ്ടു മണിയായി തന്റെ കർത്തവ്യത്തിന്റെ മണിനാദം ചന്തുവിനെ ഉണർത്തി. അവൻ ആ സതിയെ തന്റെ ചാക്കിലിട്ടു മൂട്ടി ഒരു ചാരിത്രത്തിന്റെ ഭാണ്ഡവും പേറി തന്റെ സ്വന്തം കിടപ്പിടത്തു ചെന്നുകിടന്നു. ഇതിനുമുമ്പുതന്നെ മേനവന്റെ പീരങ്കി അവർ പട്ടാളഉദ്യോഗസ്ഥന്മാരുടെ മാത്തിട്ടിലേക്കു് പ്രയോഗിച്ചുകഴിഞ്ഞിരുന്നു.

## പൊട്ടിത്തെറിച്ച പ്രഭാതം.

അടുത്ത പുലരിയിൽ തന്റെ അംഗരക്ഷകൻ ദഹിച്ച ഒരുപിടി ചാരമായിരുന്നു മേനവന്റെ കണ്ണുകളുടെ പ്രാതൽ. ഉടൻതന്നെ അയാം മാതുവിനെ കിടത്തിയിരുന്ന അറ പരിശോധിച്ചു. തലേദിവസം മേനവന്റെ പ്രതീക്ഷകൾക്ക കൈത്തിരി കാട്ടിക്കൊണ്ടു് നിൽക്കുന്നവളാംണെന്നു് മേനവൻ കരുതിയ ആ തരുണീമണി അവിടെയുണ്ടായിരുന്നില്ല. തന്നെയല്ല തന്നെ അമ്പരിപ്പിക്കുന്ന പലതും മേനവൻ അവിടെ കണ്ടു.

സംശയഗ്രസ്തനായ മേനവൻ ഉടൻതന്നെ സന്യാസിയെ പിടികൂടി. അധികം കളവുപറയാതെത്തന്നെ ആ ധീരൻ കാര്യം സമ്മതിച്ചു; മാതുവിനെ ചാക്കിൽനിന്നു പുറത്തുവിട്ടു, മേനവനെ പഴിച്ചു, ശകാരിച്ചു പോരിനുവിളിച്ചു എന്തിന്നു പറയുന്നു ആ പൊൻകലശത്തിന്റെ അവകാശം സ്ഥാപിച്ചെടുക്കുവാൻ ആ രണ്ടു പടയാളികളും പൊരുതി. അവിടെയും അസത്യം—അനീതി—അധർമ്മം—പരാജയപ്പെട്ടു. ചന്തു ആ കാമധ്വജത്തെ ഒമ്പതു കഷ്ണമായി മുറിച്ചു; അവനാത്തു ചാടി.

കേരളത്തിന്റെ ചരിത്രത്തിൽ ഇത്തരത്തിൽ ഒരു ചന്തുവല്ല ഒന്നിലധികം ചന്തുമാർ ആ ആത്മധൈര്യത്തിന്റേയും, ആണത്തത്തിന്റേയും പ്രതിരൂപങ്ങളായി മണ്ണടിഞ്ഞിട്ടുണ്ടു്. അക്രമികളും അധർമ്മികളുമായ അധികാരദുർമ്മോഹികളുടെ കൂത്താട്ടത്തിന്നു് വിരാമമിട്ടു ഈ ചന്തുമാർ അന്നത്തെ മേധാവികളുടെ ദൃഷ്ടിയിൽ അധഃപതിതരായിരുന്നു. പക്ഷെ ധർമ്മത്തിന്റെ വിജയപതാക പറപ്പിക്കുവാൻ വീരരക്തമൊഴുക്കിയ അവർ കേരളത്തിന്റെ അഭിമാനസ്തംഭങ്ങളാണു്. ഇത്തരത്തിൽ കേരളീയസംസ്കാരം പരാക്രമസങ്കലിതമാണെന്നു് പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വടക്കൻപാട്ടുകളിലെ പുരാണപുരുഷന്മാരുടെ സ്മരണയിൽ വീണ്ടും കേരളം ഉണരുമെന്നും ഉയരുമെന്നും നമുക്ക പ്രത്യാശിക്കാം.

(പ്രകപ്പാകാശം സ്വന്തം)

# പഞ്ചാംഗപരിഷ്കരണം.

(United States Information Service, Madras)

"കലണ്ടർ സൌകര്യം" എന്ന ശീർഷകത്തിൽ "ക്രിസ്ത്യൻ സയൻസ് മോണിട്ടർ" തിങ്കളാഴ്ച എഴുതിയ ഒരു മുഖലേഖനം താഴെ ചേർക്കുന്നു:

കാലം പല മാററങ്ങളും വരുത്തുന്നു. ഓരോ കൊല്ലവും വേണ്ടിവരുന്ന കലണ്ടർമാററമാണവയിൽ ഒന്നു്. കഴിഞ്ഞകൊല്ലത്തെ തിയ്യതികളും ആഴ്ചകളും ഇക്കൊല്ലത്തെ തിയ്യതികളും ആഴ്ചകളും ആയി യോജിക്കയില്ല. ഐക്യരാഷ്ട്ര സാമ്പത്തിക സാമൂഹിക കൌൺസിലിൽ ഇന്ത്യ, അവതരിപ്പിച്ച 'ലോക കലണ്ടർ' ഈ കുഴപ്പം പരിഹരിക്കുമത്രെ. ഈ "ശാശ്വത" കലണ്ടർ അംഗീകരിച്ചാൽ കൊല്ലംതോറും കലണ്ടർ മാറേറണ്ട ആവശ്യം വരികയില്ല. കൂടാതെ അതു് വത്സരദൈർഘ്യം കൃത്യമായി കുറിക്കുകയും ചെയ്യും.

പക്ഷേ, കലണ്ടറുകൾ മാററുക അത്ര എളുപ്പമല്ല. 730 എ. ഡി. യിൽ, ഒരു ആംഗ്ലോസാക്സൻ സന്യാസിയായ വെനറബിൾ ബീഡ്, ജൂലിയൻ കലണ്ടർവർഷത്തിന്നു് 11 മിനിട്ടും 14 സെക്കൻഡും കൂടുതൽദൈർഘ്യമുണ്ടെന്നു കണ്ടുപിടിച്ചു. അതായതു് 128 ജൂലിയൻ സംവത്സരങ്ങൾ കഴിയുമ്പോൾ യഥാർത്ഥത്തിൽ ഒരു ദിവസംകൂടെ കഴിഞ്ഞിരിക്കും. എന്നാൽ 'വേൾഡ് ആൽമനാക്'' പറയുംപോലെ "800 കൊല്ലത്തേക്കു് ഇതു സംബന്ധിച്ചു് ഒന്നും ചെയ്തില്ല."

1582-ൽ പോപ് ഗ്രിഗറി, ഒരു പുതിയ കലണ്ടർ അവതരിപ്പിച്ചപ്പോൾ സൂര്യനോടൊപ്പമെത്താൻ 10 ദിവസം മുന്നോട്ടു് ചാടിക്കടക്കേണ്ടിവന്നു. എല്ലാ പാശ്ചാത്യരാജ്യങ്ങളിലും മിക്ക പൌരസ്ത്യദേശങ്ങളിലും ഇപ്പോൾ ഗ്രിഗോറിയൻ കലണ്ടറാണു് ഉപയോഗിച്ചുവരുന്നതെങ്കിലും മററു പലതരം കലണ്ടറുകളും ഉപയോഗത്തിലുണ്ടായിരുന്നു; ഇപ്പോഴും ഉപയോഗത്തിലുണ്ടുതാനും.

ഈജിപ്ഷ്യൻ, ഗ്രീക്ക്, റോമൻ, ചൈനീസ്, ജൂയിഷ്, മഹമ്മദൻ എന്നീ കലണ്ടറുകളും, മദ്ധ്യ അമേരിക്കയിൽ ഒമ്പതു നൂററാണ്ടുമുമ്പുതന്നേ പ്രചാരത്തിലിരുന്നതും അത്ഭുതകരമാംവണ്ണം സൂക്ഷ്മവുമായ മായൻ കലണ്ടറും ഇവയിൽ ഉൾപ്പെടുന്നു. ഇന്ത്യയിൽ ഏകദേശം 14 തരം കലണ്ടറുകൾ ഉപയോഗിച്ചുവരുന്നതായിട്ടാണറിയുന്നതു്. കലണ്ടർ പരിഷ്കാരത്തിൽ ആ രാജ്യത്തിൻെറ താല്പര്യത്തിനു് ഒരു കാരണം ഇതായിരിക്കണം.

എല്ലാക്കൊല്ലങ്ങളും ഒരുപോലിരിക്കുന്നതും, കൊല്ലം പന്ത്രണ്ടു മാസങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നതുമായ ഈ കലണ്ടർ അംഗീകരിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ, ലോകകലണ്ടർ സംഘടനയുടെ പ്രസിഡണ്ടു് മിസ് എലിസബേത്തു് അച്ചിലിസ് ഇങ്ങനെ സംഗ്രഹിക്കുകയുണ്ടായി: "വ്യാപാരികളുടെയും വ്യവസായികളുടെയും കണക്കെഴുത്തിനു് വളരെ സൌകര്യമുണ്ടാകും, ശാസ്ത്രജ്ഞന്മാരുടെ കണക്കു കൂട്ടലുകൾക്കു ഏകീകൃതമായ അടിസ്ഥാനമുണ്ടാകും. സാർവ്വദേശീയ കാര്യങ്ങളുടെ നടത്തിപ്പു് ലഘൂകരിക്കാൻ ഗവണ്മെൻറുകൾക്കു് സാധിക്കും."

ഈ കലണ്ടർ പരിഷ്കാരണത്തിന്നു് മുമ്പത്തേപ്പോലെ 800 കൊല്ലം കാത്തിരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Phone No. 198.

നല്ല

— ആയുർവ്വേദമരുന്നുകൾക്ക്

— മേൽമരുന്നുകൾക്ക്

— എല്ലാ ഇംഗ്ലീഷുമരുന്നുകളും

കുറഞ്ഞവിലക്ക്

സീതാറാം ആംഗ്ലൊ ആയുർവ്വേദ ഫാർമസി (ക്ലിപ്തം)

തൃശ്ശിവപേരൂർ.

ഇനാം.

കായകല്പമാഹാത്മ്യം ബുക്ക്.

ഋഷികൾ പണ്ടു കായകല്പം കൊണ്ടു് യുവത്വം വീണ്ടെടുത്തുവെങ്കിൽ ഇന്നു പലരും കാമാനന്ദ-കായകല്പംകഴിച്ചു പൊയ്പോയ യൗവനവും ധാതുശക്തിയും നേടിവരുന്നു

25നാൾ ഡപ്പിക്കു 1ക. 14ണ.

എല്ലാവർക്കും

130ലെ സൂത്രകലണ്ടർപട്ടിക ഇനാം.

M J വൈദ്യർ, തൊയക്കാവ് S.M.

# 'യുക്തിവാദ'വും ജോതിഷവും.

പി. വി. കെ. നെടുങ്ങാടി (ദേശമിത്രം പത്രാധിപർ.)

## ഒരു യുക്തിവാദി സുഹൃത്തിന്റെ മാനസാന്തരം.

കണ്ണൂരിൽനിന്ന് "മലബാർ കാസർകോഡ് ജോതിഷപരിഷത്തിന്റെ" സിക്രട്ടറി താഴെപറയുന്ന പ്രകാരം ഞങ്ങൾക്കെഴുതിയിരിക്കുന്നു.

ഇതൊന്നിച്ചയക്കുന്ന കത്ത് 'കളരി' മാസികയുടെ അടുത്തലക്കത്തിൽ ചേക്കുന്നതിന്നപേക്ഷ. ഈ കത്തെഴുതിയ മാന്യൻ കേരളത്തിലെ ഒരു പത്രപ്രവത്തകനും നിരീശ്വരവാദിയും യുക്തിവാദിയുമായിരുന്നു. 'മിതവാദി' 'കേരളം' എന്നീ വാരികകളുടേയും നവകേരളം ദിനപത്രത്തിന്റേയും പബ്ളിഷർ എന്ന നിലയിൽ ഈ കത്തെഴുതിയ ശ്രീ. വി. എം. രാമൻ സുപരിചിതനാണ്. അദ്ദേഹം സ്വന്തം അമ്മ മരിച്ചപ്പോൾ ഒരു ഭൌതികയുക്തിവാദി എന്ന നിലയിൽ യാതൊരു മരണാനന്തര ക്രിയകളും നടത്താതിരുന്ന ആളുമാണെന്നത് പ്രസ്താവ്യമത്രെ. അങ്ങിനെയുള്ള ശ്രീ വി. എം. രാമൻ കോഴിക്കോട്ടുനിന്ന് 15—7—'54ന് എനിക്കയച്ച കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"അനുഭവത്തിൽ വിശ്വസിക്കുന്നതും അതനുസരിച്ച് പ്രവത്തിക്കുന്നതും യുക്തിക്കു വിരുദ്ധമല്ലെങ്കിൽ ഞാൻ ഇന്നും തികഞ്ഞ യുക്തിവാദിതന്നെയാണ്. അനുഭവത്തിൽ കവിഞ്ഞ യുക്തിയില്ലെന്നു നിങ്ങൾ സമ്മതിക്കുമല്ലോ.

ജ്യോതിഷം അന്ധവിശ്വാസമാണെന്നു വീറോടെ വാദിക്കുകയും 'യുക്തിവാദി'യിലും 'മിതവാദി'യിലും മററും ലേഖനങ്ങൾ എഴുതുകയും ചെയ്തിരുന്ന ഞാൻ ഇന്നു തികച്ചും ജ്യോതിഷത്തിലും ഹസ്തരേഖാശാസ്ത്രത്തിലും വിശ്വസിക്കുന്ന ഒരുവനാണ്. ഈ വിശ്വാസം വല്ല കണിയാന്മാരും പറഞ്ഞു തെററിധരിപ്പിച്ചുണ്ടാക്കിയിതല്ല. ഞാൻതന്നെ സ്വയം ഗവേഷണം നടത്തിയും എന്റേയും മററുപല സുഹൃത്തുക്കളുടേയും ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ചും തൃപ്തിപ്പെട്ടശേഷം വിശ്വസിക്കാൻ നിർബ്ബന്ധിതനായതാണ്.

കേവലം ഉദരംഭരികളായി അതിനുവേണ്ടി ജ്യോതിഷവും ഹസ്തരേഖയും കൈകാര്യം ചെയ്യുന്നവരെ മാനദണ്ഡമാക്കി പ്രസ്തുത ശാസ്ത്രങ്ങളെപ്പററി വിധികല്പിക്കുന്നതുകൊണ്ടാണ് പലക്കും അബദ്ധം പററുന്നത്. ഇത് ജ്യോതിഷത്തിനു മാത്രമുള്ള അബദ്ധമല്ല. എങ്കിലും സാധാരണക്കാക്ക് സ്വന്തം ജീവിതത്തെ സംബന്ധിച്ചാകയാൽ ജ്യോത്സ്യന്റെ അബദ്ധപ്രവചനം ആ ശാസ്ത്രത്തിനോടുതന്നെ അറപ്പിനും വെറുപ്പിനും കാരണമാവുകയാണ് എന്നേയുള്ളു. ഏതായാലും കഴിവുള്ളവരെല്ലാം ജ്യോതിഷത്തേപ്പോലുള്ള ശാസ്ത്രങ്ങളിൽ സ്വയം നിരീക്ഷണപരീക്ഷണങ്ങൾനടത്തി ഒരു തീരുമാനത്തിലെത്തുകയാണ് വേണ്ടത്.

സ്വന്തം വി. എം. രാമൻ.


## പരസ്യക്കാരോട്.

ഞങ്ങളുടെ മാസികക്ക് ഇന്ത്യയിലെന്നല്ല മററു പുറംരാജ്യങ്ങളിലും പ്രചാരം വദ്ധിച്ചുവരികയാണ്. പരസ്യക്കാക്കു ഇതൊരു സുവണ്ണാവസരംതന്നെ. എല്ലാതരം പരസ്യങ്ങൾക്കും കളരി ഉതകുന്നു. മിതമായ പരസ്യനിരക്കായതുകൊണ്ട് എല്ലാവിധ പരസ്യക്കാരേയും ക്ഷണിച്ചുകൊള്ളുന്നു

പരസ്യനിരക്ക്

| | |
|---|---|
| ഫുൾപേജ് പുറംചട്ട | 30—0—0 |
| ഇന്നർപേജ് പുറംചട്ട | 25—0—0 |
| ഉൾപേജുകൾ | 20—0—0 |
| അരപ്പേജ് | 12—0—0 |
| കാൽപ്പേജ് | 7—0—0 |
| ഒരിഞ്ചു കോളം | 2—0—0 |

മാനേജർ

# ജീവിതം.

ഗ്രന്ഥകർത്താ: ഭരതൻ എരനെല്ലൂർ.
അരുണോദയം പ്രസ്സ്. വില: പന്ത്രണ്ടണ.

മനോഹരമായ എട്ടു കവിതകളാണ് ഈ കവിതാ സമാഹാരത്തിലുള്ളതു്. വൈവിധ്യാത്മകമായ ജീവിതത്തിൽനിന്നും അടത്തിയെടുത്ത വികാര തീവ്രങ്ങളായ സംഭവങ്ങളാണ് മിക്ക കവിതകളിലേയും പ്രതിപാദ്യം. അവസാനത്തെ "കൃഷക"നെ ഭാവഗാനം ഒഴിച്ചു നിർത്തിയാൽ, മറേറഴ കവിതകൾക്കും ഓരോ ചെറുകലയുടെ മണവും ഗുണവുമുണ്ട്. ക്ലേശപൂർണ്ണമായ ആധുനിക ജീവിതത്തെ പകർത്തിക്കാട്ടാനുള്ള ആവേശത്താലൊ എന്തോ, നമ്മുടെ യുവകവികളിൽ പലരും ആവിഷ്കരണാംശത്തിൽ വളരെയൊന്നും ശ്രദ്ധിക്കാറില്ല. ഭരതൻ എരനെല്ലൂർ അങ്ങിനെയല്ലെന്നു് ഈ കവിതാസമാഹാരംതന്നെ തെളിയിക്കുന്നുണ്ട്. തന്മൂലം ഈ പുസ്തകം അനുവാചകനെ ഒരിക്കലും നിരാശപ്പെടുത്തുകയില്ല. ഭരതന്നു് പറയാനധികം ഇല്ലായിരിക്കാം. പക്ഷെ പറയേണ്ടതു എങ്ങിനെയാണെന്നു അദ്ദേഹത്തിന്നു് നന്നായറിയാം. അതാണ് ഈ കവിതാസമാഹാരത്തിന്റെ മുഖ്യ മൂല്യവും.

ജീവിതം, കുടിൽ, അമ്മ, മൂകതെരുവിൽ തുടങ്ങി കവിതകളിൽ ഏതേതു് മികച്ചുനില്ക്കുന്നുവെന്നു പറഞ്ഞുകൂടാ. കഥാപാത്രങ്ങളുടെ സ്വഭാവ രൂപവൽക്കരണത്തിലും ഗ്രന്ഥകാരന്റെ കൈവിരുതു് പ്രകടമായിക്കാണാം. ജീവിതം എന്ന കവിതയിലെ ദാശബാലികയും, കുടിലിന്റെ മുററത്തു് ചാടിക്കളിക്കുന്ന ചെറുമക്കിടാവും, ഓമനസന്താനത്തിന്റെ വിയോഗത്തിൽ ഹൃദയംനൊന്തു് കരയുന്ന അമ്മയും നമ്മുടെ ഹൃദയത്തെ ഒരിക്കലും വിട്ടുപിരിയാതെ ജീവിക്കുന്നകഥാപാത്രങ്ങളാണ്.

ഒരു ചാൺവയറിന്നുവേണ്ടി ചൂണ്ടലെടുത്തു ഹിംസാലോലുപയായിത്തീരുന്ന ദാശബാലികയുടെ ജീവിതത്തെ മുൻനിർത്തി കവി പറയുന്നു.

"എൻ നാവുമടങ്ങില്ല
ഇജ്ജീവിതത്തിനെ ഹിംസ്ര—
കർമ്മദൂഷിതമെന്നു്
വിളിക്കാനൊരിക്കലും"

എന്നാണ്. ഹിംസ അഹിംസയായും പാപം പുണ്യമായും തീരുന്ന ചില സന്ദർഭങ്ങളുണ്ടല്ലൊ ജീവിതത്തിൽ. അതറിയാതുള്ള അഹിംസയും പുണ്യകർമ്മവും അധാർമ്മികമത്രെ. ഈ തത്വമാണ് കവി ജീവിതമെന്ന കവിതയിലൂടെ വെളിപ്പെടുത്തിട്ടുള്ളതു്.

'പൊരിയുന്ന വയറുമായി ചപ്പും ചവറും നിറഞ്ഞ ഒരു തെരുവിന്റെ മൂലയിൽ കിടക്കുന്ന പിച്ചക്കാരെ ചിത്രമാണ് തെരുവിലെന്ന കവിതയിൽ നാം കാണുന്നതു്. ആ ചിത്രത്തിന്റെ പശ്ചാത്തലമായി കവി പ്രകൃതിയെ വർണ്ണിക്കുന്നു.

മെത്രതിത്തകിട്ടുകൊ—
ണ്ടോട്ടയൊന്നടച്ചോരാ
വിണ്ണിന്റെ പിഞ്ഞാണത്തിൽ
നാലഞ്ചു വററല്ലാതെ
രാത്രിയുന്നതിക്കുട്ടം ചക്ര—
വാളത്തിൻ പടി
മുട്ടിക്കൊണ്ടിരന്നിട്ടും
വീണതില്ലൊന്നും വേറെ"

എത്ര ഹൃദയംഗമമായ വർണ്ണന! ഭരതന്റെ കാവ്യപരമായ കഴിവിനെ പ്രതിനിധീകരിക്കുന്ന ഇത്തരം വർണ്ണനകൾ ഈ ഗ്രന്ഥത്തിൽ ചുരുക്കമല്ല. ആ പിച്ചക്കാരന്റെ ചിത്രം വരച്ചുകൊണ്ടു് കവി ചോദിക്കുകയാണ്.

"കുടിലപ്രഭുക്കളേ നിങ്ങൾ
തൻ കണ്ണിൻ മുന്നിൽ
പുഴവും വെറും പുല്ലോ
ഞങ്ങളീ ദരിദ്രങ്ങൾ!"

ഈ ചോദ്യം, ഗ്രന്ഥകാരന്റെ ആത്മാർത്ഥതയിൽനിന്നും ഉയർന്നുവന്നതാകണം. പക്ഷെ, നൂതനമായൊരു ഭാവിയെ പ്രതീക്ഷിക്കുകയും അതിന്നുവേണ്ടി തൂലികയെടുക്കുകയും ചെയ്യുന്ന ഒരു കവിയെ നമുക്കിവിടെ കാണാൻ കഴിയുന്നില്ല. ഇത്തരം മയപ്പെട്ട ചോദ്യങ്ങൾകൊണ്ടൊന്നും കുടിലപ്രഭുക്കന്മാർ കണ്ണുതുറക്കുകയും ഇല്ല. അതിന്നുള്ള പ്രചോദനംകൂടി കൊടുത്തേ കഴിയൂ. അതാണ് ഒരു സാഹിത്യകാരന്റെ കടമ.

— രാമചന്ദ്രൻ വടക്കേടത്തു്.

# പത്തു കക്കകൾ.

ഗ്രന്ഥകർത്താ: കെ. സി. പൂങ്കന്നം.
വില: 4ണ.

ദ്രാവിഡവൃത്തങ്ങളിൽ രചിച്ചിട്ടുള്ള പത്തു ചെറുകവിതകളാണു് ഈ പുസ്തകത്തിലുൾക്കൊള്ളുന്നതു്.

"അക്കടലല്ലം കയ്ക്കുമെന്നാലുമീ
കക്കകളാർക്കും പെറുക്കാം"

എന്ന കവിയുടെ പ്രസ്താവന അനുവാചകശ്രദ്ധയെ ഹഠാദാകർഷിക്കുന്നു. എങ്കിലും ഓരോ താളും മറിച്ചു നോക്കുംതോറും ആ പരിധിയിൽനിന്നകന്നകന്നു പോകുന്നു.

"ഒഴുകിപ്പോകും നദിയിൽപ്പനിമതി
യഴകും നോക്കിരസിക്കുന്നു"
"കാടിൻ മുകളിൽ തിറവെച്ചാരാ—
ഞ്ഞോടിയിരുട്ടിലൊളിക്കുന്നു"

തുടങ്ങിയ ചിത്രങ്ങളും (രണ്ടുതാളുകൾ) കാമുകനെക്കാത്തു് മദാലസചമയുന്ന കാമുകിയേയും (ആദ്യപരിശ്രമം) നാമത്രവേഗം മറക്കുമെന്നു തോന്നുന്നില്ല.

കവിയുടെ കണ്ണുകൾ, ജീവിതത്തിന്റെ ബഹിർഭാഗത്തെ അവലോകനംചെയ്യുന്നുണ്ടെങ്കിലും, ചിലപ്പോൾ ആ രത്നാകരത്തിൽനിന്നു ചില അമൂല്യരത്നങ്ങൾ കാഴ്ചവെക്കാതെയുമില്ല. അന്തപ്പുരത്തിന്റെ കനത്ത മതിൽകെട്ടിനുള്ളിൽ വിങ്ങിപ്പൊട്ടുന്ന മധുരപ്പതിനേഴുകാരികളുടെ വീർപ്പുകൾ ആ കൂരിരുട്ടിൽ വിള്ളലുണ്ടാക്കിക്കൊണ്ടു് മുന്നോട്ടു കുതിക്കുന്നതും, മഴവില്ലിനെക്കുറിച്ചു് മനുഷ്യർക്കുള്ള വിവിധാഭിപ്രായങ്ങളും അതിനു നിദർശനമാണു്. എന്നിരിക്കിലും പുസ്തകം ഒരാവർത്തി വായിച്ചുകഴിഞ്ഞാൽ കവിയെപ്പോലെ അറിയാതെ ചോദിച്ചുപോകുന്നു.

"വെച്ചിരിക്കുമിപ്പുസ്തകം നോക്കി
നിശ്വസിക്കണോ നിങ്ങളും ഞാനും!"

ശ്രീ. കെ. സി. പൂങ്കന്നം പ്രോത്സാഹനമർഹിക്കുന്നു. കൂടുതൽ ജീവിതസത്യങ്ങളെ കാണുകയും, അവയെ യഥാതഥമായി ഭാവാത്മകമായി ചിത്രീകരിക്കേണ്ടതിലേക്കു അദ്ദേഹം തുടർച്ചയായി പരിശ്രമിക്കുമെന്നും നമുക്കാശിക്കുക.

— മുരളി.

# കുട്ടിക്കഥകൾ.

ലേഖകൻ & പ്രസാധകൻ:
ടി. വി കൃഷ്ണൻ എം. എ , ബി. ടി. അന്തിക്കാട്ടു്.
വില: 8ണ.

ചെറിയ കുട്ടികൾ വായിക്കണമെന്നുദ്ദേശിച്ചുള്ള ഈ പുസ്തകം പതിനഞ്ചു് ചെറുകഥകളുടെ ഒരു സമാഹാരമാണു്. സ്വതവെതന്നെ കുട്ടികൾ പ്രാചീനകഥാശ്രവണത്തിനു ഏററവും ഉത്സുകരായതുകൊണ്ടു പലവിധത്തിലുള്ള പ്രാചീന പുരാണങ്ങളിൽനിന്നും കണ്ടെടുത്ത ഇതിലെ മുഖ്യകഥകളും പിഞ്ചു ഹൃദയങ്ങളെ തീർത്തും ആകർഷിക്കത്തക്ക പരിതഃസ്ഥിതിയിലുള്ളവയാണു്. ലളിതഭാഷയിൽ പ്രതിപാദിച്ചിരിക്കുന്നതുകൊണ്ടു് കഥകളിൽ അന്തർഭവിച്ചിരിക്കുന്ന തത്വങ്ങളെ എളുപ്പത്തിൽ മനസ്സിലാക്കുവാനും സാധിക്കുന്നു.

1-ാംകഥയിലെ അണ്ണാന്റെ വിവേകം, 2-ാം കഥയിലെ ഈശ്വരഭക്തി, 3-ലെ ആശ്രിത വാത്സല്യം, 4-ലെ സഹജീവിസ്നേഹം, 5-ലെ ദുർജ്ജനസംസർഗ്ഗഫലം, 6-ലെ ബുദ്ധിസാമർത്ഥ്യം, 7-ലെ ബുദ്ധിവിവേകം, 8-ലെ ആലോചനാവൈദഗ്ദ്ധ്യം, 9-ലെ കുലധർമ്മ അഭിമാനവും മഹാമനസ്കതയും, 10-ലെ ഭരണപാടവം, 11-ലെ ഈശ്വരഭക്തി 12-ലെ ഉപദേശം, 13-ലെ അഹങ്കാരമർദ്ദനം, 14ലെ കർത്തവ്യാനുഷ്ഠാനം തുടങ്ങിയ വിശിഷ്ടകാര്യങ്ങളെ കുട്ടികളിൽ പ്രതിഫലിപ്പിക്കുക എന്ന ഗ്രന്ഥകർത്താവിന്റെ കർത്തവ്യം ഏറെക്കുറെ സാധിച്ചിട്ടുണ്ടെന്നു വേണം പറവാൻ. മി. കൃഷ്ണന്റെ ഈദൃശമായ ഉദ്യമങ്ങളെകൊണ്ടു് ഭാവിയിലും ബാലമനസ്സുകൾ വിജ്ഞരായിത്തീരട്ടെ!!!

A. V. S. Paniker.

—O—

# സമസ്യ

.....................................
.....................................
.....................................
പയററണം നാം കളരിക്കകം സുഖം.

വെള്ളായ്യൂൽഗോവിന്ദമേനോൻ

# ★ ലീലാ ★

—0—

വിവർത്തകൻ: **വിദ്വാൻ എ. എം. മാധവൻ നായർ.**

## പ്രഥമ:സർഗ്ഗ:

(പൂർവ്വാനുബന്ധ:

വിദ്വദഗ്രണീ: സഹൃദയവരേണ്യ: കുമാര മഹാകവി: കേരളീയാനാംപ്രാത: സ്മരണീയേഷ്വന്യതമോ മഹാൻ. ആശയഗാംഭീര്യേണ ഔചിത്യദീക്ഷയാച മഹാകവി: കവനവിഷയേ സമുന്നതമേവ പദമഹ്നിത്യത്ര സഹൃദയ: പ്രമാണം. യശശ്ശരീരിണസ്തത്രഭവതോ ലീലാഭിധഖണ്ഡകാവ്യസ്യ പരിഭാഷേയം സഹൃദയൈ: സദയം ശ്രദ്ധേയാ.

39 വിജനൈരസുഭഗ, ക്ഷിതിംഭവാ–
നനധീതാച നിജപ്രിയാരതിഃ
വിധിനാനിഹതസ്തഥാസ്വിയ:
കൃതകൃത്യാഭിമനാ അപിസ്വയം.

40 അഥബാന്ധവരോദനാന്തരാ
ഹ ഹ; തത്തസ്യവ പുഃഖരോദ്യമ:
അദഹല്ലട്ടഹേതിമാൻ ക്ഷണാ–
ദദയം ഘോരചിതാഹുതാശന:

41 ബഹുഭാവവിവിദ്ധചേതനാ
ഹത തന്നുർവിവശാഽഭവൽസതീ
ഹരിണീവകിരാതബന്ധന–
പ്രതിമുക്താവൃകയൂഥമാർഗ്ഗഗാ,

42 അനുമൃത്യ പതിംവരാംഗനാഃ
സുവതേ പുണ്യമഥോയശ:സുഖം
വിധവാകുടിലസ്വഭാവിനീ
വിദയൈവം നിവാസമിപാലിനീ.

43 കലയേദശ്രുഭാന്യതോ ബഹു
വികിരേദ്വാച്യ ശരാംശ്ച വാജനഃ
വിഹതാത്മനിമയ്യ, ഹോപതി–
ഹ്യനഭീഷ്ടോപി ഗുണായയോഷിതഃ

44 വദചിത്തവിഹംഗ, തൽഫലം
കിമയിസ്വപ്നഗതംനുഭോക്ഷ്യസേ
തദവേക്ഷ്യ, സമുൽസുകംഹിയ–
ച്ഛ്രിതവാൻ, പക്ഷമധോഗതംനുതൽ.

45 ബഹുധേതിവിചാര്യ തന്മനോ
വികലം, സാപരമാപപീഡനം
സകലോഹ്യഭിഗാംരുജംവഹേൽ,
ക്ഷമിഹാഗാമിഭയം ന പീഡയേൽ.

46 ഇതിചഞ്ചലമപ്യഥോ ജവാ–
ദപഭീകം മദനോന്മുഖം മന:
തൃണസംഗ്രഹണാ ദിവാങ്കുരഃ
ക്ഷണഖിന്നംവ വൃധേതദുന്മുഖം.

47 മദനസ്യപുരൈവ പത്യസൌ
സ്വഹൃദാര്യാ, വിനയാത്തു ദുഃഖിതാ.
അഥതേഷു തദാന യോഷിതാം
പുനരുദ്വാഹവിധിർവിഗർഹിതഃ

48 ശ്വശുരൌപുരു ശോകകർശിതൌ
പരിഹായാഥ കഥഞ്ചി ദേവസാ
ഉദയാഭിധമായ യൌ പുരോ–
മദനാവാസ മനോഹരം പുരം.

49 ശിബികാമധിരുഹ്യ സാനുഗാ
വിതതംമാർഗ്ഗമഖേദമുൽസുകാ
അനുകൂല മരുൽപ്രവാഹ സം–
ജവനാനൌരിവ സാത്യവാഹയൽ.

50 അഭിലക്ഷിത്വ്യപേത്യതൽ–
പിതൃസൌധാ സുചിരാദപിയോജിതം
പ്രഥമം മദനാകൃതിം തൃഷാ
നയനം ഭ്രാന്തമഭൂദവേക്ഷിതും.

# —O— "PRAYER" —O—

Where breathes the Light, pure and white, radiant with melody of Spring;

Where blossoms for ever, sweet music of Joy, drunk deep in nector of Divine Love;

Where terror of death exists no more, nor struggle, nor sorrow, nor debt have reign;

Where water is pure, air is fresh; flowers are fragrant and fruits are sweet;

Where homes and marts and fields and forests — all are full;

Where hopes and promises, words and deeds — all come out from the depth of Truth;

Where the lives and hearts of the sons and daughters — are all one and happy for ever;

Into that Heaven of Freedom, O My Beloved Father! let my country awake and arise.

P. V. S. Mani
Student.

---

51 ഗുണവത്യുപയാന്ത്യഥോഭൃശം
ക്ഷമയാ, ശൈശവഭാവവിഹ്വലാ
പിതരാവനു ചിന്ത്യസത്വരം
രുജമാപാത്മനി ബാലികേവസാ.

52 ചിരവിപ്രയുതൌഹഹാദ്യമാം
വിതരൌദ്രക്ഷ്യത ഏവ സത്വരം
സഹസാഥമുദാശ്രു മോക്ഷ്യത–
ശ്ചരിതം ചാപ്യവഗത്യ ദുഃഖിതൌ.

53 തനയാ ബഹുഭാഗ്യരഞ്ജിതാ
ഹത ദൈവാദിയമാപ ദുഃഖിതാം
ഹിത താത, ഭവാനഗണ്യതേ
നമയാഗണ്യത ചാത്രകാരണം.

54 പരിശുദ്ധിരഹോ! പരംബലം
തരുണീനാമപരാന കേവലം
നിതരാംഖര ഏവ ഹന്തമ–
ദ്യഥ തൽഭംഗകരോഹിമേ വിധി:

55 അഥവാ വിഭൃതാ കുലീന ദു–
ശ്ചരണാചാര വിധേതം വൈവഹാ:
ശരണം സമുപാസ്യസേജനൈഃ
പ്രഭവോഽസിതചമനത്ഥസന്തതേ:

56 പ്രതിഹന്തി മന:സുമം, മതേ–
രഥവൈകല്യ കൃദർദയത്യലം
അനവദ്യജനാൻരുഷാഭവാ -
നദയം ഹന്തി പിശാചചേഷ്ടിത:

57 ബഹുധാഭയശോകരാഗ സം–
കുലമിത്ഥം കമനീമന: ക്ഷണം
ഘനകാലദിനാന്തലക്ഷണം
ശബളത്വം ഭജതേ സ്മതൽക്ഷണം.

58 ശിബികാമവ രോപ്യ സാതതോ
ഭവനദ്വാരി, ഗൃഹംഗതോത്സവം
അഭിവീക്ഷ്യ രുജാംഗതാ, ഗൃഹാ–
ദുപയാതാ: വിതരൌനാകിങ്കരാ:

59 ഭൃതകാഃ, പിതരം ദിവംഗതം
ബത! മാസാൽ പുരത,ശ്ച മാതരം
ചിതിവഹ്നിസരോനി മജ്ജനാൽ
ഗതമോക്ഷായഗതാമബോധയൻ.

60 ഹ ഹ! വക്തുമലംന തദ്രുജാ–
മഥവാ—രാഗദൃഢാനുബന്ധന,
പരമാപയ സേനജീവിതം
പരഭീതേസ്ത്വമദൃശ്യബാന്ധവഃ

61 സകലം പിതുർസ്തസീമ തൽ–
സ്വവശം പ്രാപ്ത, മഥാപി സാധനം
പരമേക മമന്യതാഹിതം.
സുതത്രാത്മസഖ സമാഗമഃ

62 അപയാതവിയോഗയാചിരാ–
ദഥസഖ്യാപരിതുഷ്ടയാപ്യലം
മദനസ്യകഥൈവനീരസാ
കഥനീയാതരസാഭവത്തയാ.

63 പ്രിയസംഗമിയേഷസാഹത–
പ്രതിരോധോഽഥസതി, സദാസഖേ
ചതുരാവിമുഖാ;ഥക:കഥാ–
മിഹലലാംസമുദേതിശംസിതും.

# വായനക്കാർ എഴുതുന്നു.

'കളരി' മാസിക.

ജ്യൌതിഷികളുടെ സമുദായമെന്നു പറയാവുന്ന പണിക്കർ സമുദായത്തിന്റെ മുഖപത്രമായി ശ്രീ. എ. വി. എസ്സ്. പണിക്കരുടെ പത്രാധിപത്യത്തിൽ തൃശ്ശിവപേരൂരിൽനിന്ന് ആരംഭിച്ചിട്ടുള്ള 'കളരി' മാസികയുടെ 2-ാം ലക്കം അയച്ചുകിട്ടി നന്ദിപറയുന്നു. പത്രാധിപസമിതിയിൽ മെ: നടുവരമ്പത്തു കൃഷ്ണക്കുറുപ്പ്, എം. ഡി. കുറുപ്പ് മുതലായവരുൾപ്പെടെ 14 പേരുള്ളതിൽ 7 പേരും ജ്യോത്സ്യന്മാരാണെങ്കിലും ജ്യോതിഷസംബന്ധമായ ലേഖനങ്ങൾക്ക് വലിയ പ്രാധാന്യം നൽകിക്കാണുന്നില്ല. പണിക്കർസമുദായത്തിന്റെ മുഖപത്രമായിട്ട് ഉദ്ദേശിച്ചതാണെങ്കിലും 'കളരി'യിൽ കച്ചകെട്ടിപ്പയറുന്നതു് പണിക്കർ സമുദായക്കാർ മാത്രമല്ല. എല്ലാവക്കും എല്ലാവിഷയങ്ങൾക്കും ഇതിൽ സ്ഥാനം നൽകിയിരിക്കുന്നു. യാതൊരു വർഗ്ഗീയതയും ഇതിനുണ്ടെന്നു പറഞ്ഞുകൂടാ. വിവിധ വിഷയങ്ങളെപ്പററി വിജ്ഞാനപ്രദങ്ങളായ പല നല്ല ലേഖനങ്ങളും അടങ്ങിയിട്ടുള്ള ഈ മാസിക, ആകൃതിയിലും ആകർഷണീയമായിരിക്കുന്നു. 48 പേജുകളുള്ള ഈ പ്രസിദ്ധീകരണം ഒററപ്രതിക്ക് നാലണമാത്രമെ വിലവെച്ചിട്ടുള്ളൂവെന്നതു് പ്രസ്താവ്യമാണ്. ഈ സഹജീവിക്ക് ഭാവുകമാശംസിച്ചുകൊള്ളട്ടെ.

"ദേശമിത്രം"

---

"കളരി"യെപ്പററി എനിക്ക് ഒരു വാക്കു് പറയാനുണ്ടു്. സാധാരണ ലേഖനങ്ങൾ വായിക്കാൻ ധാരാളം മാസികകളും വാരികകളും ഉള്ള സ്ഥിതിക്ക് കളരിയിൽ അവക്ക് സ്ഥലം ചുരുക്കുകയും വൈദ്യം, ജ്യോതിഷം, പഴയ ജ്യോതിശ്ശാസ്ത്രജ്ഞന്മാരെപ്പററി സൂക്ഷ്മാന്വേഷണം നടത്തിയ ചരിത്രങ്ങൾ മുതലായവക്ക് പ്രാധാന്യം നല്കുകയുമാണ് ആവശ്യം.

പി. ററി കെ. നെടുങ്ങാടി,

മാസികേ കളരി നീ ജയിക്കുമഹാജനാ-
ശംസാപത്രങ്ങൾ നീത്തികൈരളിക്കി
[ക്കഞ്ഞായ്
വ്യത്ഥമായ്ത്തീരാധമ്മ ദേവതാത്മമീനാമ
മാത്രയിലൊന്നോത്തീടാതാരുമില്ലിന്നീനാട്ടിൽ.
വിദഗ്ദ്ധൽസംഘടിതമാമജ്ഞരിവിട്ടുത്തിയോ
രിദഗ്ദ്ധപുഷ്പങ്ങൾക്കു മേൽക്കുമേൽ
[സഹജാതർ
ജാതരായലങ്കരിക്കേണമിക്കളരിമേ-
ലാതങ്കമേൽക്കാതൊരുപക്ഷവും നോക്കീടാതെ
കണ്ടുപോൽ കളരി ഞാനെൻ
[സുഹൃത്തുക്കളൊത്തും
കൊണ്ടിതാ സമ്മംഗളമാശിപ്പൂ നിർവ്യാജമായ്

കെ. ആർ. പ്രഭാകരൻ,
ഇളന്തിരുത്തി.

---

ജിജ്ഞാസ

(കെ. ജി., കോയമ്പത്തൂർ)

കളരിയുടെ മൂന്നാംലക്കത്തിൽ പി ബാലകൃഷ്ണക്കുറുപ്പ് അവർകൾ തുടച്ചയായി എഴുതിവരുന്ന 'ജാതകൈക്യം' എന്ന ഭാഗത്തു "ആയുസ്ഥാനാധിപ: കേന്ദ്രേ ദീർഘമായു: പ്രയച്ഛതി" ഈ വിധത്തിൽതന്നെ എഴുതി, അഷ്ടമാധിപനായ ഗ്രഹം ലഗ്നം, നാല് ഏഴ്, പത്തു് എന്നീ ഭാവങ്ങളിൽ ഏതെങ്കിലും ഒരു ഭാവത്തിൽ സ്ഥിതനാകുന്നു. എങ്കിൽ ആയുർ ദീർഘായുസ്സിനെ സൂചിപ്പിക്കുന്നു. എന്നു വ്യാഖ്യാനിച്ചിരിക്കുന്നു.

ഇതു് വായിച്ചഉടനെ വിദ്യാർത്ഥിയായ ഞാൻ ഒന്നു ഞെട്ടിപ്പോയി. അഷ്ടമാധിപന്റെ കേന്ദ്രസ്ഥിതി ദീർഘായുസ്സിന്നു കാരണമാണോ? എന്നോത്തു —

1. "കേന്ദ്രാദന്യത്ര രന്ധ്രേശേ."
2. "കേന്ദ്രസ്ഥിതി മൃതീശസ്യ ദോഷോ."
3. "കേന്ദ്രാദന്യത്രസംസ്ഥേ നിധനഭവനപെ"
4. "കേന്ദ്രേഷു ച ഗപതിഹീനഖരാഷ്ടമേശൈഃ"
5. "ലഗ്നേശരാദതിബലീ നിധനേശരോ-
ഗസൗ"

# കുയിലിനോട്

കെ. ജി. പണിക്കർ, കാക്കശ്ശേരി.

1 നിയതം പരമാത്മഗാനലീലാ
മയനായ് പാട്ടുകൾപാടി പഞ്ചമത്തിൽ
ജയമാർന്നൊരുമാറിൽ വാഴുമെൻ പൂ–
ങ്കുയിലെ, നന്മയിലൊന്നുപാടുമോ നീ.

2 അനുവാസരമോർമ്മതെററിടാതെ
ദിനനാഥോദയമാവതിന്നുമുമ്പെ
മനുജക്കുണരാൻ കനിഞ്ഞുഗാനം
നനു പാടുന്നൊരു പക്ഷിയല്ലയൊ, നീ.

3 അതിമോഹന രീതിയെത്രമാത്രം
സ്ഥിതിചെയ്യുന്നിതു നിന്റെപാട്ടിലെന്നും
മതിയിൽ കുളിരേവനും ഭവിപ്പാൻ
മതിനീനല്ലൊരു പാട്ടുകാരനല്ലൊ.

4 പലമാതിരി ഗാനയന്ത്രമേതും
ഫലമില്ലാതുറവീണവീണകുപ്പും
നിലയുള്ളൊരു നിന്റെ ലോലഗാന
കലയോർത്താലതി വിസ്മയാഭിമാനം.

5 അഴലാർന്നഴലും മനുഷ്യരോട
കുഴലിൻ നാദമുദിക്കിലാശ്വസിക്കും
പിഴയററയരുന്ന നിന്റെ നാദം
പുഴപോലും തലപൊക്കിയാസ്വദിക്കും.

6 കുയിൽവാണികളെന്നു സുന്ദരാംഗീ
ജയമേറുന്നൊരുവാണിയെന്നുവന്നാൽ
അയി, നിന്നുടെശക്തിയല്ലയൊ, ന–
ന്മയിലാവാൻ വഴിയായവാക്കുകിട്ടി.

30–ാംപേജിൽ

കേന്ദ്രസ്ഥിതെ.........................................

തസ്യായുരല്പം...............

ഇത്യാദി പ്രമാണങ്ങളെല്ലാം അഷ്ടമാധിപന്റെ കേന്ദ്രസ്ഥിതി ആയുർവ്വിപുലതയ്ക്കു ഹാനികരമാണെന്നു വിധിഎഴുതിയിരിക്കുമ്പോൾ മി. കുറുപ്പിന്റെ കുറിപ്പ് ഉറപ്പററതല്ലേ. അല്ല; പ്രസ്തുത പദ്യത്തിനു പിൻബലം പിടിക്കുവാൻ ഉപോൽബലകങ്ങളായ പ്രമാണങ്ങളുണ്ടെങ്കിൽ ആര്യ ജ്യോതിശ്ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ 'കളരി'യിൽതന്നെ കാണ്മാനാഗ്രഹിക്കുന്നു:—

—0—

# *രണ്ടു മാപ്പിളപ്പാട്ടുകൾ.

പുലാക്കാട്ട് രവീന്ദ്രൻ

(ഒന്നു്)

മാനത്തുമഴക്കാറു മുഴുക്കെനീങ്ങി,
മാൻമിഴി, നിന്റെ ഭാഗ്യ മുദിച്ചുപൊങ്ങി!
വറുതികൾ കെടുതികൾ മാഞ്ഞുകഴിഞ്ഞി,
വലിയമ്മാമന്റെ കണ്ണുതെളിഞ്ഞി;
'വ്യായം' പത്തിലുറച്ചുകഴിഞ്ഞി;
കണ്ഠത്തിൽത്താലി വീഴും സമയമായി!
കാമിനി, നിൻ പൂക്കാലമണഞ്ഞുപോയി!
കണ്ണും കവിളും തേച്ചുമിനുക്കി,
കനകപ്പണ്ടം മാറിലിണക്കി,
കരളിൽ മധുരസ്വപ്നമുണർത്തി
കല്യാണപ്പെണ്ണായി നീ ചമയുതോഴി,
കാന്തിമത്തായീടട്ടെ നിനക്കിയൂഴി!! (മാനത്തു)

(രണ്ടു്)

കടക്കണ്ണിൻ മുനയാലെൻ കരൾക്കാമ്പിൻ
കടലാസ്സിൽ
പ്രണയപ്പൊൻ കിനാവുകളെഴുതുമോ നീ?
പിടമാനിൻ മിഴിയാളേ, ചിരിതൂകുമൊരുവെള്ള
പ്പിറാവുപോലരികത്തേയ്ക്കണയുമോ നീ?
വയലിന്റെ വരമ്പത്തു മുളന്തത്ത ചിലക്കുന്നു
വരികെന്റെ കരളേ, നീ യിനിവൈകാതെ!
പലതുണ്ടു പറയാനിക്കണവനെൻ കമനി, നീ
പരിഭവിച്ചകലത്തു നിലക്കൊണ്ടാലോ?
അഭിലാഷങ്ങളാൽ സ്വർഗ്ഗംപണിയും നാം
സഖി, നിന്റെ
യടിവയററിലൊജ്ജീവനങ്കുരിക്കുമ്പോൾ!
(പകർപ്പവകാശം കവിക്കു്)

* ചെറുകാടിന്റെ 'സ്നേഹബന്ധങ്ങൾ' എന്ന നാടകം നെല്ലായിവെച്ചഭിനയിച്ചപ്പോൾ അതിനുവേണ്ടിയെഴുതിയ പിന്നണി ഗാനങ്ങളിൽ രണ്ടെണ്ണമാണിതു്

# മാസഫലങ്ങൾ.

സെപ്തമ്പർ മാസത്തെ ഫലങ്ങൾ

അശ്വതി, ഭരണി, കാർത്തിക ¼ മേടക്കൂറ്.

ഈ കൂറുകാൎക്ക ഈ മാസം 1_ാംനു- മുതൽ 4_ാംനു- വരെ കാൎയ്യലാഭം, സുഖം, സന്തോഷം, ഇഷ്ടജന സഹകരണം ആരോഗ്യം എന്നിങ്ങനെയും; 5_6 എന്നീ തിയ്യതികളിൽ സുഖഹാനി, ആരോഗ്യക്ഷയം, അദ്ധ്വാനം, ഇഷ്ടജന വിരഹം എന്നിങ്ങനയും; 7മുതൽ 12 വരെ തിയ്യതികളിൽ വസ്ത്രലാഭം, ധനാഗമം, ആരോഗ്യം, സന്തോഷം, വിജയം, സ്ഥാനലാഭം, ഭക്ഷണ പാനീയ ശയനാദി സുഖങ്ങൾ എന്നിങ്ങനെയും; 13 മുതൽ 16 വരെ തിയ്യതികളിൽ സ്ഥാനഭ്രംശം, ധന നഷ്ടം, അന്യദേശ ഗമനം, സുഖഹാനി, പരാജയം എന്നിങ്ങനെയും; 17 മുതൽ 21 വരെ തിയ്യതികളിൽ ഗുണദോഷ സമഫലമായും 22 മുതൽ 26 വരെ തിയ്യതികളിൽ ധനാഗമം, ഇഷ്ടകാൎയ്യസാദ്ധ്യം, ഉത്സവാദി ആഘോഷങ്ങളിലും കല്യാണം മുതലായ വിശേഷങ്ങളിലും പങ്കുകൊള്ളുക, ബന്ധുക്കളായി സഹകരിക്കുക എന്നിങ്ങനെയും; 27 മുതൽ 30 വരെ തിയ്യതികളിൽ കാൎയ്യങ്ങൾക്ക പ്രതിബന്ധവും, ശത്രുക്കളുടെ ദ്രോഹം, അപ്രതീക്ഷിതങ്ങളായ ആപത്തുകൾ എന്നിങ്ങനെയും ഫലങ്ങൾ ആകുന്നു. ഈ കൂറുകാൎക്ക ഗുരു മന്ദന്മാർ പ്രതികൂലമായി സഞ്ചരിക്കുന്നതുകൊണ്ടു പ്രായേണ ശോഭനമല്ല.

29 ൽനിന്നുതുടൎച്ച

7 ഒരു മർത്ത്യരുമിന്നിതേവരെക്കും
നിരുപിച്ചാലുയരാത്ത ശബ്ദഭംഗി
പെരുമാറി വരുന്ന നി നിസൎഗ്ഗാ
ദരമാമൂന്നതിമന്നിനേകിടുന്നു.

8 ഒരു കൂരിരുൾ തോററനിൻെറ ഗാത്രം
നിരുപിക്കുമ്പോളോരിമ്പമില്ല, പക്ഷെ
വരുമാനവനാദ ഭംഗിയേതി
ന്നൊരു മാറേറകിയുയൎന്നിടാതെ മന്നിൽ.

9 തനുകൌതുകമല്ല ജീവജാതി
ക്കനുഭൂതിക്കുയരുന്നതസ്സ്വഭാവം
അനുഭാവമിയന്ന ഗാനമാൎക്കും
മനമാനന്ദമിയററിയുല്ലസിക്കും.

10 മാനത്തോളമുയൎന്നു നന്മകലരും
തേന്മാറിലാമഗ്നനായ്
ഗാനസ്തോത്രശതങ്ങൾപാടി ദിവസം
തോറും നിശാന്തങ്ങളിൽ
ഗ്ലാനപ്പെട്ടമനസ്സുകൾക്കൊരുസുഖം
ചേർത്തൊന്നുണർത്തിശ്ശുഭാ_
സ്ഥാനത്തിങ്കലുയൎന്നിടാൻ കനിയുമെ
നിന്നിൽ ജഗന്നായകൻ.

—()—

കാർത്തിക ¾ രോഹിണി മകയിരം ½ ഇടവക്കൂറ്.

ഈ കൂറുകാൎക്ക 1 മുതൽ 4 വരെ തിയ്യതികളിൽ ശത്രുമത്സരം, സുഖഹാനി, സ്വാതന്ത്ര്യഹാനി, പരാജയം, കുടുംബ ക്ലേശം, ധന നഷ്ടവും, 5 മുതൽ 11 വരെ തിയ്യതികളിൽ ഇഷ്ടാൎത്ഥലാഭം, മുൻ പ്രയത്നിച്ചുവരുന്നതിൻെറ ഫലസിദ്ധി, നഷ്ടപ്പെട്ട സ്ഥാനം വീണ്ടും ലഭിക്കുക, ആരോഗ്യം, സുഖവും 12മുതൽ 16 വരെ തിയ്യതികളിൽ ഗുണദോഷ മിശ്രഫലവും 17 മുതൽ 22 വരെ തിയ്യതികളിൽ അദ്ധ്വാനം, ആരോഗ്യക്ഷയം, വിഷഭീതി, അനൎത്ഥം, പരാജയവും, 23 മുതൽ 30 വരെ തിയ്യതികളിൽ സുഖം, കൎമ്മഗുണം, ധനാഗമം, അതിഥിസല്ക്കാരം, സദാചാരം, ശ്രേഷ്ഠവും ചിരപ്രതീക്ഷിതങ്ങളുമായ കാൎയ്യങ്ങളുടെ പ്രാപ്തിയും ഫലങ്ങൾ ആകുന്നു.

മകയിരം ½ തിരുവാതിര പുണർതം ¾ മിഥുനക്കൂറ്.

ഈ കൂറുകാൎക്ക 1_ാംനു- മുതൽ 5_ാംനു-വരെ ആരോഗ്യം, സുഖം, സന്തോഷം, ഭാൎയ്യാപുത്രസുഖം, ഇഷ്ടാൎത്ഥ ലാഭം, ഇഷ്ടജന സഹകരണം, സ്ഥാനബഹുമാന ലാഭങ്ങളും 6 മുതൽ 11 വരെ തിയ്യതികളിൽ സുഖഹാനി, ദേഹാരിഷ്ടം, ഭാൎയ്യാസുഖവിഘ്നം, മാനഹാനി, അപവാദങ്ങൾ, 12 മുതൽ 16 വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലം 17മുതൽ 23വരെ തിയ്യതികളിൽ ധനലാഭം, പുതിയ പ്രസ്ഥാനങ്ങൾ ആരംഭിക്കുക, നൂതന ബന്ധുപ്രാപ്തി, ഭാൎയ്യാപുത്രസുഖം, കുടുംബാഭിവൃദ്ധി, സന്തോഷം, ആരോഗ്യം 24 മുതൽ 30 വരെ തിയ്യതികളിൽ സ്ഥാനചലനം, അദ്ധ്വാനം, സുഖവിഘ്നം, ദുർവ്യയം ബന്ധുവിരോധം, ശത്രുമത്സരം, ഇവ ഫലങ്ങളാകുന്നു ഈ കൂറുകാൎക്ക പ്രായേണ ഗുണപ്രധാനമാണ് എങ്കിലും 10 മുതൽ കുറച്ചു ദോഷവുമായിരിക്കും.

പുണർതം ¼ പൂയം ആയില്ല്യം. കൎക്കിടകക്കൂറ്.

ഈ കൂറുകാൎക്ക ശനികുജന്മാരും ഗുരുവും പിഴച്ചു സഞ്ചരിക്കയാൽ പ്രായേണ ദോഷപ്രധാനമാണ്. 1ാംനു-മുതൽ 6_ാംനു- വരെ സുഖം, ഉദ്ദേശകാൎയ്യലാഭം അഭിമാനം, സ്ഥാനലാഭം, സന്തോഷം, ധനാഗമം,എന്നും 7 മുതൽ 11 വരെ തിയ്യതികളിൽ കുടുംബവിഷയമായി ചില അസുഖങ്ങൾ, ഭാൎയ്യക്ക രോഗം, അ

അപമാനം ദുർജ്ജനവൈരം, ദുർവ്യയം, മനോവ്യസനം, 26 മുതൽ 30 വരെ തിയ്യതികളിൽ കുടുംബ കലഹം മനോവ്യസനം, ആരോഗ്യക്ഷയം, നാല്ക്കാലികളിൽനിന്നോ വിഷജന്തുക്കളിൽനിന്നോ ഉപദ്രവം ഇവ ഫലങ്ങളാകുന്നു.

**മകം പൂരം ഉത്രം ¼ ചിങ്ങക്കൂറ്.**

ഈ കൂറുകാർക്ക ഗ്രഹചാരങ്ങളെക്കൊണ്ടു പ്രായേണ ഗുണപ്രധാനമാണെങ്കിലും ഗുരുചാരം പിഴച്ചതുകൊണ്ട് ക്ഷേമം പോരാതേയും ആകയാൽ ഗുണദോഷമിശ്രമായിരിക്കും. 1-ാംനു- മുതൽ 8-ാംനു-വരെ അശ്രാന്തപരിശ്രമവും സുഖവും കാര്യസാദ്ധ്യവും സ്ഥാനാഭിമാനലാഭം, വിജയം, ഉപകരണദ്രവ്യലാഭം, വസ്ത്രലാഭം, സന്തോഷം, ആരോഗ്യം 9 മുതൽ 15 വരെ തിയ്യതികളിൽ സുഖഹാനി, അപ്രതീക്ഷിതങ്ങളായ വിപത്ത്, സ്വജനവൈരം, വൃഥാകലഹം, ഭയം, 16 മുതൽ 22 വരെ തിയ്യതികളിൽ പ്രവൃത്തിഗുണം, സജ്ജനസഹകരണം, ബഹുമാനം, കാര്യങ്ങളിൽ വളരെ പ്രവൃത്തിക്കേണ്ടതായിവന്നാലും ഒടുവിൽ സാധിച്ചു കൃതാർത്ഥത ലഭിക്കുന്നതും ആകുന്നു 23 മുതൽ 30 വരെ തിയ്യതികളിൽ ഗുണദോഷസമമായിട്ടും ഫലങ്ങൾ ആകുന്നു.

**ഉത്രം ¾ അത്തം. ചിത്തിര ½ കന്നിക്കൂറ്**

ഈ കൂറുകാർക്ക. ശനിപ്പിഴയുണ്ട് എങ്കിലും മററു ഗ്രഹചാരങ്ങൾ ഇഷ്ടമായിരിക്കുന്നതുകൊണ്ടു പ്രായേണ ഗുണാധികമാണ്. 1-ാംനു-മുതൽ 5-ാംനു-വരെ സുഖം ഐശ്വര്യം. ഇഷ്ടജനസമാഗമം ബഹുമാനം വിജയം, 6 മുതൽ 11 വരെ തിയ്യതികളിൽ ഗുണദോഷമിശ്രമെങ്കിലും ഗുണപ്രധാനമാണ്. എങ്കിലും ധനവ്യയം അധികമായിരിക്കും. 12 മുതൽ 16വരെ തിയ്യതികളിൽ ഗുണാധികവും യദൃച്ഛാലാഭം. നാല്ക്കാലികളിൽനിന്നു ഗുണം. ബന്ധുപ്രീതി, ഭാര്യാപുത്രാദിജനങ്ങളിൽനിന്നു സന്തോഷം. ഇഷ്ടാർത്ഥലാഭം മററു ഗുണങ്ങൾ. 17 മുതൽ 23 വരെ തിയ്യതികളിൽ പലവിധേന ക്ലേശങ്ങൾ സംഭവിക്കുക. ദുർജ്ജനവിരോധം ജന്തുക്കളിൽനിന്നും ഉപദ്രവം ഏൽക്കുക. സ്വന്തജനങ്ങൾക്കു ആപത്തു സംഭവിക്കുക 24മുതൽ 30 വരെ തിയ്യതികളിൽ ധനാഗമം ഉദ്ദേശകാര്യലാഭം കർമ്മഗുണം സ്ഥാനബഹുമാനലാഭം സജ്ജനപ്രീതി ഇവ ഫലങ്ങൾ ആകുന്നു

**ചിത്തിര ½ ചോതി. വിശാഖം ¾.**

തുലാക്കൂറ്. ഇക്കൂറുകാർക്ക ശനിവ്യാഴന്മാരുടെയും മററും ഗ്രഹചാരങ്ങളെക്കൊണ്ടു പ്രായേണ ദോഷപ്രധാനമായിരിക്കും. ആയതിൽ ചോതിനക്ഷത്രക്കാർക്ക് ഏററവും ദോഷപ്രധാനമാണ്. പ്രവൃത്തിനാശം കാര്യങ്ങളുടെ പ്രതിബന്ധം വൃഥാ വിരോധം വഞ്ചന സ്ഥാനചലനം അവിചാരിതങ്ങളായ നഷ്ടങ്ങൾ എന്നിവ സംഭവ്യങ്ങളായിരിക്കും. 1-ാംനു-മുതൽ 6-ാംനു-വരെ അല്പാല്പമായി ധനാഗമനം, സമാധാനം, സന്തോഷം കാര്യനിവൃത്തി, വിജയം, 7 മുതൽ 13വരെ തിയ്യതികളിൽ സ്ഥാനഭ്രംശം, ധനനഷ്ടം, പൊതുജനങ്ങൾ തന്നെക്കുറിച്ചുണ്ടാകുന്ന ദുരഭിപ്രായങ്ങൾ അന്യന്മാർക്കു പരിഭവം ഉണ്ടാവുക മനോവ്യസനം, ആരോഗ്യഹാനി, 14 മുതൽ 20 വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലം. 21 മുതൽ 26വരെ തിയ്യതികളിൽ ഉദ്ദേശലാഭം. എന്നുണ്ടെങ്കിലും ദുർവ്യയവും അപമാനവും അസുഖവും. 27 മുതൽ 30 വരെ തിയ്യതികളിൽ ഇഷ്ടാർത്ഥാഗമം സുഖം, കീർത്തി രാജപ്രീതി, സഭാജനസമാഗമം സ്ഥാനലാഭം ഇവ ഫലങ്ങൾ ആകുന്നു.

**വിശാഖം ¼ അനിഴം, കേട്ട, വൃശ്ചികക്കൂറ്.**

ഇക്കൂറുകാർക്ക് ഇക്കാലം പ്രായേണ ശോഭനമല്ല. പത്താംതിയ്യതിമുതൽ കുറച്ചു നന്മയായിരിക്കും പലപ്രകാരം ദുഃഖങ്ങൾ ധനനാശം ദൂരയാത്രരോഗാരിഷ്ടം എന്നിങ്ങനെയുള്ള ഫലങ്ങൾ അനുഭവിക്കുന്നതാണ്. 1-ാംനു-മുതൽ 4-ാംനു-വരെ സ്ഥാനഭ്രംശം, അപവാദം, ആരോഗ്യഹാനി അകാരണവൈരം, ബന്ധുവിരഹം മററും ഫലങ്ങളും. 5 മുതൽ 12 വരെ തിയ്യതികളിൽ ധനാഗമം, സ്ഥാനലാഭം, സുഖം, കർമ്മഗുണം, സജ്ജനപ്രീതി, ഇഷ്ടസമാഗമം, മനസ്സമാധാനം 13 മുതൽ 20 വരെ തിയ്യതികളിൽ ഗുണദോഷമിശ്രങ്ങളിൽ ഗുണാധികമായും. 21മുതൽ 30വരെ തിയ്യതികളിൽ സ്വജനവൈരം, ഭാര്യാപുത്രജനാരിഷ്ടം, ധനനഷ്ടം, കലഹം, മൃഗഭീതി മററും ഫലങ്ങൾ

**മൂലം, പൂരാടം, ഉത്രാടം ¼ ധനുക്കൂറ്.**

ഇക്കൂറുകാർക്ക് ഇക്കാലം ഗുരുചാരം പിഴച്ചിരിക്കുന്നു ദുഃഖം, രോഗാരിഷ്ടം, ബന്ധനം, വിദേശയാത്ര എന്നീ ഫലങ്ങൾ പ്രായേണ അനുഭവിക്കുന്നു. 1-ാംനു-മുതൽ 6-ാംനു-വരെ ധനാഗമം, ഭക്ഷണാദിസുഖങ്ങൾ, വസ്ത്രാലങ്കാരാദിഗുണങ്ങൾ ബന്ധുജനസഹകരണം, മഹജ്ജനപ്രീതി, ഇഷ്ടകാര്യനിവൃത്തി 7മുതൽ 12വരെ തിയ്യതികളിൽ ധനനഷ്ടവും അനാവശ്യമായി കലഹവും ആത്മഭീതി, ആയുധക്ഷതി, മൃ

ഗാദികളിൽനിന്നു ഉപദ്രവം മററും ഫലങ്ങൾ. 13മുതൽ 20വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലവും 21മുതൽ30വരെതിയ്യതികളിൽ ഇഷ്ടജനസഹകരണപ്രവൃത്തിഗുണം, യദൃഛയാ ധനലാഭം, ആരോഗ്യം സജ്ജനപ്രീതി, വിജയം, കുടുംബസുഖം എന്നിവ ഫലങ്ങൾ.

<u>ഉത്രാടം $\frac{3}{4}$ ഓണം അവിട്ടം $\frac{1}{2}$ മകരക്കൂറ്.</u>

ഈ കൂറുകാക്ക് ശനിവ്യാഴന്മാർ അനുകൂലഭാവങ്ങളിൽ സഞ്ചരിക്കയാൽ ഗുണഫലപ്രധാനമാണ്. പത്തിൽശനിഅഷ്ടമരാഹിരോഗാരിഷ്ടം, രാജഭീതി, ഹൃദയരോഗം, ധനംകീർത്തി, പ്രവൃത്തി എന്നിവയുടെ നാശം. 1-ാംനു- മുതൽ 6-ാംനു- വരെ പ്രവൃത്തിഗുണം, ധനാഗമം, സന്തോഷം, വിജയം, സജ്ജനബഹുമാനം, ഗ്രാമവാസികളെക്കൊണ്ടു കാര്യസാദ്ധ്യം, 7മുതൽ 15വരെ തിയ്യതികളിൽ വ്യഥാ വ്യസനം, സ്വജനദുഃഖം, ആശൌചാചരണം, മരണഭയം, ഇഷ്ടജനവിരഹം, അപവാദം 16 മുതൽ 22വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലവും, 23മുതൽ 30വരെ തിയ്യതികളിൽ ചിരപ്രതീക്ഷിതങ്ങളായ കാര്യങ്ങളുടെ സാദ്ധ്യത, ഹൃദയാകർഷണീയങ്ങളായ ദ്രവ്യങ്ങളുടെ ലാഭം ഐഹിക സുഖം. സന്തോഷം ഭക്ഷണപാനീയാദി സുഖങ്ങൾ ഫലങ്ങളാകുന്നു.

<u>അവിട്ടം $\frac{1}{2}$ ചതയം പൂരോരുട്ടാതി $\frac{3}{4}$ കുംഭക്കൂറ്</u>

ഈ കൂറുകാക്ക് പ്രായേണ ഇന്മാസം ഗുണാധികഫലമാണ 1-2-ാംനു-മുതൽ 6-ാംനു-വരെ ധനാഗമം, ബഹുമാനം, സന്തോഷം, കാര്യസാദ്ധ്യം, വിജയം 7മുതൽ 13 വരെ തിയ്യതികളിൽ സ്ഥാനഭ്രംശം, അന്യദേശാഗമനം, ധനനഷ്ടം, ഇഷ്ടജനങ്ങളോട് വേർപാട്, സുഖഹാനി, അപമാനം, രോഗാരിഷ്ടം 14മുതൽ 20 വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലവും; 21മുതൽ 30വരെ തിയ്യതികളിൽ ധനാഗമം, സൽകീർത്തി, സന്തോഷം, ഭാര്യാസുഖം മററും ഫലങ്ങൾ.

പൂരോരുട്ടാതി $\frac{1}{4}$ ഉത്രട്ടാതി രേവതി മീനക്കൂറ

ഈ കൂറുകാക്ക് പ്രായേണ ഇന്മാസം ശോഭനമല്ല. ശത്രുദ്വേഷം, ഉദരരോഗം, സ്ഥാനചലനം, ദുർജ്ജനവിരോധം എന്നീ ഫലങ്ങൾ സംഭവിക്കുന്നതും; 1-ാംനു-മുതൽ 6-ാംനു-വരെ ധനനഷ്ടം, രോഗാരിഷ്ടം, പ്രവാസം, ഭൃത്യവിരഹം, നീചജനവൈരം എന്നും; 7മുതൽ 15വരെ തിയ്യതികളിൽ ധനാഗമം, സുഖം, സന്തോഷം ഭൃത്യഗുണം, ആരോഗ്യ വിജയം, 16 മുതൽ 21വരെ തിയ്യതികളിൽ ചില കാര്യങ്ങളിൽ ബുദ്ധിമുട്ടി ക്ലേശിക്കേണ്ടതായി വരികയും വളരെ പ്രയാസപ്പെട്ടുകാര്യങ്ങൾ സാധിക്കയും അവിചാരിതങ്ങളായി ധനനഷ്ടവും 22മുതൽ 30വരെ തിയ്യതികളിൽ ഗുണദോഷമിശ്രമായി അനുഭവിക്കുന്നതുമാകുന്നു.




# അബ്രഹാം ആയുർവേദഫാർമസി

25 വർഷക്കാലത്തെ അനുഭവസിദ്ധിയുള്ള ദിവ്യൌഷധങ്ങൾ!

ക്ഷയ, കാസശ്വാസ, എന്നിവയുടെ വിമോചനകാലം!

ഇന്ത്യാഗവർമ്മേണ്ടിൽ റജിസ്റ്റർചെയ്ത 1. അക്ഷയകല്പം, 2 കസ്തൂരി രത്നപ്രഭ ഗുളിക, 3. അശ്വനിദേവാമൃതം ഈ മൂന്നു് ഔഷധങ്ങൾ സേവിച്ചാൽ 12 ജാതി ക്ഷയങ്ങൾ, കാസശ്വാസം, ചുമ, പനി, നാഡിപ്പിഴവുകൾ, 21 ദിവസംകൊണ്ടു് നിശ്ശേഷം സുഖപ്പെടുന്നതാകുന്നു.

എത്ര കാലം പഴകിയാലും ശരി ആയിരക്കണക്കിൽ അഞ്ചും പത്തും കൊല്ലമായി, കിടപ്പിൽകിടന്ന വാദരോഗികളെ സുഖപ്പെടുത്തി ഗവർമ്മേണ്ടു് ഡോക്ടർമാരിൽനിന്നും മററും സർട്ടിഫിക്കററുകൾ ലഭിച്ചിട്ടുണ്ടു്. ഉടൻ വന്നു സന്ദർശിക്കുക.

1. ബാലാരുണ 2. ബാലമൃത്യുഞ്ജയസുധ, ശിശുക്കൾക്കു വരുന്നതായ 51 കരപ്പൻ, ഗ്രഹണി, പക്ഷിപീഡ, ബാലവാതം മുതലായവയെ സുഖപ്പെടുത്തി ലാവണ്യപുഷ്ടിയും, ദീർഘായുസ്സും നൽകുന്നു!

**വൈദ്യരത്നം ഡോക്ടർ പി. ഏ. അബ്രഹാം,**

(ബ്രാഞ്ച് അരണാട്ടുകര) — പടിഞ്ഞാറെ നടക്കാവ്, **തൃശ്ശൂർ.**

# ഉൽബോധനം.

കെ.കെ. കസ്മൾ

(ഓട്ടൻതുള്ളൽ)

പേരുപുറത്തുവരുത്താനതിശ്രുതി
ചേരുന്നോരു ചെറുപ്പക്കാരേ,
നേരുപറഞ്ഞിടുമ്പോൾ രുഷിയരു-
താരു, മതാദ്യമുരച്ചേക്കാം ഞാൻ!
തെററുകളൊന്നും കൂടാതെഴുതാൻ
പററുകയില്ലൊരുവാക്കും; പക്ഷേ,
മററുള്ളവരുടെ ദൃഷ്ടിയിൽ വളരെ
തെററുള്ളവയായ് തോന്നിയ്ക്കാതെ
എഴുതാൻ വശമില്ലാത്തവരാരും
പഴതേ ചിലവാക്കരുതേ പത്രം!
ഒന്നു നിനയ്ക്കണ;മവനവനുള്ളിനു
നന്നായെന്നൊരു തോന്നലുവന്നേ
പുതുതായെഴുതീടുന്നവ നിങ്ങൾ
പൊതുജനദൃഷ്ടിയിൽ വിട്ടീടാവൂ!
അക്ഷരവീഴ്ചകൾ വന്നീടായ്‌വാൻ
ശിക്ഷലഭിയ്ക്കണമാദ്യംതന്നെ
ലക്ഷ്യംകൂടാതെഴുതരുതേ, ക-
യ്യക്ഷരവും കുറെ നന്നാവേണം.
അല്പവിരാമം തൊട്ടവ ശരിയാ-
യെപ്പൊഴുമോർമ്മിച്ചിട്ടീടേണം.
മാർക്കലഭിക്കുക വാക്കുകൾ കൂട്ടി
ചേർക്കുന്നതിലാണോർത്തീടേണം.
ക്ലേശം വായിച്ചറിവാനാക്കും
ലേശവുമില്ലെന്നായീടേണം.
ആശയപുഷ്ടി വരേണം, തെല്ലു ത-
മാശയുമായതിലുണ്ടാവേണം.
അർത്ഥം നിശ്ചയമുള്ളൊരു വാക്കുകൾ
മാത്രം നിങ്ങൾ പ്രയോഗിക്കേണം.
അവനവനറിവില്ലാത്തവയറിവു-
ള്ളവരൊടു ചോദിച്ചറിയുന്നതു കുറെ
രണ്ടാംതരമായ്ക്കരുതരുതേ, യതു
കൊണ്ടേ പിശകുകൾ തീരുകയുള്ളൂ.!!

പദ്യത്തിന്നായ് തലകായുന്നവ-
രാദ്യംകൂട്ടിയറിഞ്ഞീടേണ്ടതു
വൃത്തം തെററാതെഴുതീടാനാ-
യത്രേ; ചുമരില്ലാഞ്ഞാലെങ്ങനെ
ചിത്രം ഹന്ത, വരയ്ക്കും?—മററു പ-
ദാർത്ഥം സകലതുമൊത്തെന്നാലും!

അത്രയുമല്ല, വിചാരിയ്ക്കും പോൽ
പദ്യമെഴുത്തിനെളുപ്പവുമല്ല!
നല്ലൊരൊഴുക്കും, പ്രാസവു,മർത്ഥവു-
മെല്ലാമൊരുവിധമില്ലാതെന്തിനു
വല്ലതുമെഴുതിക്കടലാസ്സിനു വില-
യുള്ളൊരുകാലത്തതു കളയുന്നു!

വായിച്ചനവധിവാക്കുകൾ കൈവശ-
മായേ വല്ലതുമെഴുതീടാവൂ!
നൂറുപദങ്ങളകത്തുണ്ടെങ്കിലൊ-
രാറുവരില്ല പുറത്തെഴുതുമ്പോൾ!
എന്നല്ലൊ,ന്നിൻ പര്യായങ്ങളെ
നന്നായ് മുഴുവൻ തോന്നുകിലും ശരി;
സന്ദർഭത്തിനു പററിയതായി-
ട്ടൊന്നുവരാനും നന്നെ ഞെരുങ്ങും!

ഭാഷാഗുരുവരനായൊരു തുഞ്ച-
ത്താശാൻ, കുഞ്ചൻ മുതലായവരുടെ
കവിതകളൊരുപടിയുരുവിട്ടാലേ
കവനം ചെയ്യാൻ കഴിവുണ്ടാവൂ!
വാക്കുകൾ കിട്ടണമെന്നാലവരുടെ
ബുക്കുകൾ നോക്കാതൊക്കുകയില്ല!

ഇന്നലെയുണ്ടായുള്ള മഴയ്ക്കുട-
നിന്നുമുളച്ചൊരു തകരകൾപോലെ
വർദ്ധിയ്ക്കും പുതുകവിതക്കാരുടെ
പുസ്തകമപ്പടി വായിച്ചാലും,
സിദ്ധിയ്ക്കാനൊരു ചക്രംനഹി; യി-
സ്സത്യം സർവ്വരുമോർത്തീടേണം!
കഴുതകൾകാമം ഹന്ത! കരഞ്ഞുട-
നൊഴിവാക്കുംപടി വിഷമിച്ചതുമിതു-
മെഴുതിക്കൂട്ടികവിതാംഗനയെ
കഴുവേറുന്നവരാണവര;യ്യോ!
അത്തരമുള്ളവർതന്നുടെ പുത്തൻ
പദ്ധതിനോക്കിപ്പോയാൽ കണ്ടക
വർദ്ധിതമായൊരു കവിതാടവിയുടെ
മദ്ധ്യത്തിൽപെട്ടപകടമാവും!!
പഴയവഴിയ്ക്കു നടന്നേ, പുതിയൊരു
വഴി കണ്ടെത്താൻ കഴിയുകയുള്ളൂ!
പഴയതുമുഴുവൻ പിഴയെന്നായി
പറയും പമ്പരവിഡ്ഢികൾ മാത്രം!!

# EXISTENCE AFTER DEATH.

(Continuation)

Dr. K. K. RAMDAS, Ph. D. Sc.
AYURVEDA SASTRY.

Our ancestors of ancestors were highly foresighted spiritualists who have revealed the past, present and future events accurately. They were trancendent. The oldest scriptures, upanishats, gitas and vedas were all put forth to us by them. The advancement of present sciences is only the digging out of hidden treasures of knowledge stored by our ancestral spiritualists. They all were Yogis and Sidhas with the powers of clairvoyance and clairaudience.

Some of them were with eight phenomena (Ashtaiswarias) known as Animav, Mahimav, Lehimav, Gerimav, Easithwam, Vasithwam, Prapthi and Prakasyam. The saints with all these eight phenomena are worshipped as the Gods. There were and there are existing spiritualists with one phenomenon. Such spiritualists are considered and revered to be the saints (Sidhas) only and not the Gods. Even if a spiritualist has attained the power of seven phenomena on the path of advancement to gain the whole, yet he is not a God. That extra-ordinary person also is revered only as a sidha (saint)

Among the beggers and vagabonds we meet with in the streets and gates of houses asking for alms, there may have also saints whom the ordinary persons could not recognise The habit of wandering is a freak of all saints. The worldly Saints could never reach to enjoy the evolving pleasures latent in themselves. It is the vagabond sanyasin, who that enjoys the happiness of eternity, while the socalled rich and fashion-bound persons sink in momentary pleasures of the world denying the reality.

Even if the spiritualist has attained the whole of eight sidhies the person is not a Yogi. The Yogi exceeds the status of the God and everything else. The God is only a deity, who when assimilates the eight phemomena gained by constant practice of self control and fixed concentration to be an ever existing universal force becomes a Yogi—The Latent Light.

There were, and there are still certain spiritual communicants existing in our country who are renowned in the art of trance, through them we get spiritual news to the maximum accuracy. Some of these spiriiual communicants are illiterates, who when shocked by the union of certain discarnate spirit or home deity whom the person concentrates with strong will expresses events of past, present and future. The spiritual messages we get through various spiritualists now in force are correct in respect of past and present events. In very rare cases spiritualists with the influences of some mighty saints reveals all future happenings without any changes for the same. There are great men with psychic powers who are themselves higher in revelutions. They divert their thoughts to find out the secrecy of past, present and future events and reveals them accurately.

(Continues)

# ഹിന്ദി പാഠം 4.

ഇത്തവണ നമുക്ക് വാക്കുകളുടെ ഉച്ചാരണക്രമവും അവയുടെ അർത്ഥങ്ങളുമാണ് മനസ്സിലാക്കേണ്ടതു്.

'यह' ഈ വാക്കിൽ ആദ്യത്തെ അക്ഷരം य (യ) രണ്ടാമത്തേതു് ह (ഹ) ഇതു രണ്ടും കൂടിചേരുമ്പോൾ ഉച്ചരിക്കുന്നതു് 'യഹ' എന്നല്ല 'യഹ്' എന്നാണ്. ആകാരാദി അക്ഷരത്തിൽ അവസാനിക്കുന്ന വാക്കുകൾക്ക് ഇതു് ബാധകമല്ല. അകാരാദിക്കുമാത്രമെ ഇങ്ങനെ ഉച്ചരിക്കുവാൻ പാടുള്ളു. മേൽ എഴുതിയ यह (യഹ്) എന്നവാക്ക് അകാരാദിയും माला (മാലാ) ഈ വാക്ക് അകാരാദിയുമാണ്. അപ്പോൾ വാക്കുകളുടെ അവസാനത്തിൽ 'ा' ഈ ചിഹ്നം ചേക്കാത്തതു് അകാരാദിയും ചേത്തിട്ടുള്ളതു് ആകാരാദിയുമാണ്. ഈ ഉദാഹരണങ്ങളെകൊണ്ടു് ഇവയ്ക്കു് തമ്മിലുള്ള വ്യത്യാസം വ്യക്തമായല്ലൊ? यह (യഹ്)=ഇവൻ, ഇവൾ, ഇതു്, ഈ. वह (വഹ്) അവൻ, അവൾ, അതു്, ആ. വാക്കുകളുടെ അവസാനത്തിൽ 'म'എന്നക്ഷരം ചേരുമ്പോൾ ഉച്ചാരണത്തിൽ 'മ' എന്നതു് മലയാളത്തിലെ 'ം' ഈ ചിഹ്നത്തിന്റെ ഉച്ചാരണമായി മാറുന്നു. ഉദാ:—

कलम ആദ്യത്തെ അക്ഷരം 'ക' രണ്ടാമത്തേതു് 'ല' മൂന്നാമത്തേതു് 'മ' കൂട്ടി വായിക്കുമ്പോൾ ആദ്യം പറഞ്ഞ നിയമപ്രകാരം 'കലമ' എന്നല്ല 'കലം' എന്നാണ്. എന്നാൽ അവസാനം 'അം' എന്ന ഉച്ചാരണത്തിലവസാനിക്കുന്നതിന്നു് അതാതു അക്ഷരങ്ങളുടെ മുകളിൽ 'ം' ഈ ചിഹ്നം ചേത്താണ് എഴുതേണ്ടതു്. ഉദാ:—

कमलं (കമലം) पंडित (പണ്ഡിത്) = പണ്ഡിതൻ पंगज (പങ്കജ്) = താമര.

ഏതെങ്കിലും വാക്കുകളിൽ र എന്നക്ഷരം വരികയാണെങ്കിൽ ആ 'ര' എന്നതു് 'ർ' എന്നു് ഉച്ചരിക്കണം. ഉദാ:—

संसार (സംസാർ) = ലോകം. मीनार (മീനാർ) = സ്തംഭം. कर (കർ) = ചെയ്യുക.

എന്നാൽ വാക്കുകൾ തുടങ്ങുന്നതു र (ര) എന്നക്ഷരത്തോടെയാണെങ്കിൽ ആ र എന്നതു് 'ർ' എന്നു് ഉച്ചരിക്കുവാൻ പാടുള്ളതല്ല.

ഉദാ:—

रवि (രവി) = സൂര്യൻ. रमा (രമാ)

'है' ഈ വാക്ക് ആദ്യം നാം പഠിച്ച നിയമപ്രകാരം 'ഹൈ' എന്നാണല്ലൊ ഉച്ചരിക്കേണ്ടതു്? അതു് തെററാണ്. 'ഹെ' എന്നാണ് ഉച്ചരിക്കേണ്ടതു്.

है (ഹെ) = ആകുന്നു, ഉണ്ടു്.
हो (ഹൊ) = ,, ,,
हूँ (ഹൂം) = ,, ,,
हैं (ഹേം) = ,, ,,

| | |
|---|---|
| मैं (മെ) = ഞാൻ. | तुम (തും) = നിങ്ങൾ. |
| तू (തൂ) = നീ | आप (ആപ്) = താങ്കൾ. |
| हम (ഹം) = ഞങ്ങൾ. | वे (വെ) = അവൻ, അദ്ദേഹം, അവകൾ. |
| ये (യെ) = ഇവർ, ഇദ്ദേഹം, ഇവകൾ | कौन (കോൻ) = ആർ, ഏതു്. |

ഈ വാക്ക് 'കൌൻ' എന്നാണ് എഴുതിയിരിക്കുന്നതു്. ഉച്ചരിക്കുമ്പോൾ 'കോൻ' എന്നെ ഉച്ചരിക്കുകയുള്ളു.

| | |
|---|---|
| जो (ജൊ) = ഏതൊരു, ഏതൊന്നു്. | लड़का (ലട്കാ) = ആൺകുട്ടി. |
| लड़की (ലട്കീ) = പെൺകുട്ടി | आदमी (ആദ്മീ) = മനുഷ്യൻ. |

भाई (ഭാഇ) = സഹോദരൻ. बहन (ബഹൻ) = സഹോദരി.

बहिन (ബഹിൻ) = സഹോദരി.

വാക്കുകളുടെ അവസാനത്തിൽ न എന്ന അക്ഷരം വന്നാൽ അതു് 'ൻ' എന്നു് ഉച്ചരിക്കണം.

ഉദാ:— बहन, बहिन.

घर (ഘർ) = വീടു്. कमरा (കമരാ) = മുറി.

हफ्ता (ഹഫ്താ) = ആഴ്ച. दिन (ദിൻ) = ദിവസം, പകൽ.

रात (രാത്) = രാത്രി. स्याही (സ്യാഹീ) = മഷി.

लक्ष्मण (ലക്ഷ്മൺ) = ലക്ഷ്മണൻ. दफ्तर (ദഫ്തർ) = ഓഫീസ്.

जो (ജൊ) = പോകുക. आ (ആ) = വരിക.

बैठ (ബൈഠ്) = ഇരിക്കുക. उठ (ഉഠ്) = എഴുന്നേൽക്കുക.

बोल (ബോൽ) = സംസാരിക്കുക. कह (കഹ്) = പറയുക.

दे (ദെ) = കൊടുക്കുക, തരിക. से (സെ) = ഇൽനിന്നു്, കാരം, ആൽ, ഓടു്, കൊണ്ടു.

का (കാ) = ൻെറ, ടെ, ലെ, ഉെ. को (കൊ) ക്കു്, നു്, നെ.

में (മെം) = ഇൽ. पर (പർ) = മേൽ.

ഈ വാക്കുകളെല്ലാം നല്ലവണ്ണം ഉച്ചാരണം തെററാതെ ഉരുവിട്ടു് പഠിക്കുകയും എഴുതുകയും വേണം. വരുന്നപ്രാവശ്യം ചെറിയ ചെറിയ വാചകങ്ങൾ എഴുതിനോക്കാം.

നമസ്തേ

നാട്ടികേയൻ.

## ॥ बिनती ॥

(विद्वान, ई. माधवन नायर)

आँसू में बिम्बित धूँधली मुस्कान
हो चाहे क्षणिक मानव — जीवन
ओस पर पड़ी किरण—सा मोहन
है काम्य और नित - नूतन

जीवन में छाये दुख के बादल
वज्र का फैले कठिन कोलाहल
देखता हूँ शक्र का चाप ही रंगील
काल को सुन्दर कला जो केवल

संध्या का नेपथ्या उषा से सज्जित
रात्रि की पीठ है दिवस से भूषित

मृत्यु की गोद में जन्म है ललिता
पीडा के गर्भ में सौख्य है जीवित

दीप से मिलने उडते हैं पतंग
सागर में घुलने उठती हैं तुरंग
नेह में बुझने जलते हैं चिराग
जीवों में बँटने जमता है पराग

नाला ज्यों, तीरों के पेडों का पालन
करता जो, हे नाथ, यह कला—जीवन
औरों के हेतु बिता सकूँ पावन
ताकि हो जावे नमूना चिंरतन ॥

Astrolger,
P. Balakrishna Kurupu,
Nadavaramba.

சிவமயம்.

## இராசியின் திக்கு.

மேஷம் இராசியும் மேஷ திரிகோணமாகிய சிங்கம், தனுசு இந்த மூன்று இராசியும் கிழக்கு ரிஷபம் இராசியும் ரிஷபத்தின் திரிகோணமாகிய கன்னி மகரம் இந்த மூன்று இராசியும் தெற்கு. மிதுனம் இராசியும், மிதுனத்தின் திரிகோணமாகிய துலாம், கும்பம் இந்த மூன்று இராசியும் மேற்கு கடகம், விருச்சிகம், மீனம் இந்த மூன்று இராசியும் வடக்கு. இவ்விதம் இராசியின் திக்கு அறிய்வும்.

## உச்சம் அதியுச்சம்.

மேஷம் இராசி சூரியனுக்கு உச்சமாம் ரிஷபம் சந்திரனுக்கு உச்சம். மகரம் செவ்வாய்க்கு உச்சம், கன்னி புதனுக்கு உச்சம். கடகம் குருவுக்கு உச்சம், மீனம் சுக்கிரனுககு உச்சம், துலாம் சனிக்கு உச்சம்.

மேஷம் இரராசியில் பத்துபாகை சூரியனுக்கு அதியுச்சமாம் ரிஷபத்தில் மூன்றுபாகை சந்திரனுக்கு அதியுச்சமாம் மகரத்தில் இருபத்தெட்டு பாகை செவ்வய்க்கு அதியுச்சமாம் கன்னியில் பதினைந்துபாகை, புதனுக்கு அதியுச்சமாம் கடகத்தில் ஐந்துபாகை, குருவுக்கு அதியுச்சமாம் மீனத்தில் இருபத்தேழு பாகை, சுக்கிரனுக்கு அதியுச்சமாம் துலாம் இராசியில் இருபது பாகை சனிக்கு அதியுச்சமென்றும் அறியவும்.

## நீசம் அதிநீசம்.

சூரியனுக்கு துலாம் சந்திரனுக்கு விருச்சிகம், செவ்வாய்க்கு கடகம், புதனுக்கு மீனம், குருவுக்கு மகரம், சுக்கிரனுக்கு கன்னி. சனிக்கு மேஷம் நீசமென்பதாம்.

துலாம் இராசியில் பத்துபாகை சூரியனுக்கும், விருச்சிகத்தில் மூன்று பாகை சந்திரனுக்கும், கடகத்தில் இருபத்தெட்டு பாகை செவ்வாய்க்கும், மீனத்தில் பதினைந்து பாகை புதனுக்கும், மகரத்தில் ஐந்துபாகை குருவுக்கும், கன்னியில் இருபத்தேழு பாகை சுக்கிரனுக்கும், மேஷத்தில் இருபது பாகை சனிக்கும், அதிநீசமென்பதாம்.

## இராசிவர்க்கோத்தமம்.

மேஷம், கடகம், துலாம், மகரம் இந்தசர இராசிகளில் முதலாவது அம்சகம் வர்க்கோத்தமமாம் ரிஷபம், சிங்கம், விருச்சிகம், கும்பம் இந்த ஸ்திர இராசிகளில் ஐந்தாவது அம்சகம் வர்க்கோத்தமமாகும். மிதுனம், கன்னி, தனுசு, மீனிம் இந்த உபய இராசிகளில் ஒன்பதாவது அம்சகம் வர்க்கோத்தமமாகும். இந்த வர்க உத்தமம் சுபபலப் பிரீதியாமென்று சொல்லப்படும்.

## கிரகமூலத் ரிகோணம்.

சூரியனுக்கு சிங்கம் இராசியும். சந்திரனுக்கு ரிஷபம் இராசியும். செவ்வாய்கு மேஷம் இராசியும், புதனுக்கு கன்னி இராசியும், குருவுக்கு தனுசு

இராசியும், சுக்கிரனுக்கு துலாம் இராசுயும், சனிக்கு கும்பம் இராசியும் மூலத்திரிகோணமாம்.

## இராசிபாகையில் மூலத்ரிகோணம்.

சூரியனுக்கு சிங்கராசியில் முன் இருபதுபாகை மூலத்ரிகோணம் பின் பத்துபாகை சொக்ஷேத்திரம் சந்திரனுக்கு ரிஷபத்தில் முன் மூன்று பாகை உச்சம் பின்னிருபத்தேழு பாகை மூலத்ரிகோணம் செவ்வாய்க்கு முன் பதினெட்டு பாகை மேஷத்தில் மூலத்ரிகோணம் பின் பன்னிரண்டு பாகை சொக்ஷேத்திரம், புதனுக்கு கன்னி ராசியில் முன்பதினைந்து பாகையுச்சம். அடுத்த ஐந்துபாகை மூலத்ரிகோணம் பின் பத்து பாகை சொக்ஷேத்திரம் குருவுக்கு தனுசில் பதிமூன்று பாகை மூலத்ரிகோணம் பின்பதினேழுபாகை சொக்ஷேத்திரம் சுக்கிறனுக்கு துலாம் இராசியில் பத்துபாகை மூலத்ரிகோணம் பின்னிருபதுபாகை சொக்ஷேத்திரம் சனிக்கு கும்பம் இராசியில் முன் இருபதுபாகை மூலக்ஷேத்திரம் பின் பத்து பாகை சொக்ஷேத்திரம் இவ்விதம் மாதவர்சொல்லிரிக்கிறார்.

## சாராவலியின் அபிப்றாயம்.

செவ்வாய்க்கு மேஷ இராசியில் முன் பன்னிரண்டு பாகை மூலத்ரிகோணம். பின் பதினெட்டு பாகை சொக்ஷேத்திரம் குருவுக்கு தனுசில் பத்து பாகை மூலத்ரிகோணம் பின்னிருபதுபாகை சொக்ஷேத்திரம் சுக்கிரனுக்கு துலாம் இராசியில் பதிளைந்து பாகை மூலத்ரிகோணம் பின்பதினைந்து பாகை சோக்ஷேத்திரம் என்றும் சொல்லியிருக்கிறது.

## இவ்விஷயத்திசா தகாதேசம்

சூரியனுக்கு சிங்க இராசியில் முன்னிரிபதுபாகை மூலத்ரிகோணம் சந்ரனுக்கு முன் மூன்றுபாகை தள்ளி பின் இருபத்தேழு பாகை மூலத்ரிகோணம் செவ்வாய்கு மேஷம இராசியில் முன் பன்னிரண்டு பாகை மூலத்ரிகோண்ம் புதனுக்கு அதியுச்சத்திர்கு மேல் கன்னி இராசியில் ஐந்துபாகை மூலத்ரிகோனம் குருவுக்கு தனுசில் முன் பத்துபாகை மூலத்ரிகோண சுக்கிறனுக்கு துலா இராசியில் முன் ஐந்துபாகை மூலத்கிகோணம் சனிக்கு கும்பம் இராசியில் முன்னிருபதுபாகை மூலத்ரிகோணம் என்று அறியவும்.

## துவாதசஸ்தானவிபரம்:

சென்ம லக்கினசமசரீரம் இரண்டாமிடம் வாக்கு நேத்திரம் மூன்றுமிடம் சகோதரம் நாலாமிடம் மாதுருஸ்தானம் ஐந்தாமிடம் புத்திரன் புத்தி, ஆறுமிடம் பகைசத்துரு ஏழாமிடம் களத்திரம் காமம் எட்டாமிடம் ஆயள் ஒன்பதாமிடம் தகப்பன் குரு. பத்தாமிடம் சீவனம், பதினோராமிடம் லாபம், பன்னிரண்டாமிடம் விரயம் இந்த விதமாக துவாதச ஸ்தானத்தை சொல்லப் பெட்டதென்பதாம்.

துடரும்.